~~109~~

~~19.1.52~~

3185

JAWAHAR SANMARGA GRANDHA SALA
REG: NO: 3273
VENGANOOR P.O.
KIDARAKUZHY

& ARTS CLUB
KOLA, VENGANOOR P.O.

A. M. D. G.

# കാഞ്ചനശൃംഖല.

No. 30
SALESIAN LIBRARY
C. A. C.
KAPPAD.

ഗ്രന്ഥകർത്താ

എൻ. എക്സ്. കുര്യൻ ബി. ഏ. ബി. എൽ.

JAWAHAR SMARAKA GRANDHA SALA
Reg. No. 3273
VENGANOOR P.O.
KIDARAKUZHY

പ്രസാധകൻ

തോമ്മസ്സ് പാപ്പി വേലകളം.

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No:

(COPY RIGHT RESERVED)

3135

1943.

വില രൂപാ ഒന്ന്.

# സമർപ്പണം.

പരേതയായ എന്റെ കൊച്ചുപൗത്രി കുഞ്ഞുമറിയമ്മയുടെ
(പള്ളിവാതുക്കൽ മാർഗറൈററ് മേരി)
സ്മാരകമായി ഈ

# കാഞ്ചനശൃംഖല

ഞാൻ സമപ്പിച്ചുകൊള്ളുന്നു.

'കോവിലിൻ വാതുക്കൽ' നല്ലാറക്കെട്ടിന്മേൽ'
താവിന 'തങ്ക' 'മണിയറയിൽ'
"പൊന്നുംകുട"ത്തിന്റെ "പുണ്യാംബു"പോററിയ
"പൊൻതാരപ്പൂവേ"! നീ പൊയ്പ്പോയെന്നോ.

ഇല്ലില്ല, മൽകാവ്യ"കാഞ്ചനമാലയിൽ"
ചെല്ലപ്പൊൽപ്പൂവായ് നീ ലാലസിക്കും
അല്ലെങ്കിൽ എന്തു, നീ സ്വർല്ലോകവാടിയിൽ
ഫുല്ലപ്രസൂനമായ് പ്രോല്ലസിപ്പൂ !

104
GUN... LIBRARY & ARTS CLUB
REG. NO. ......
MUKKOLA, VENGANOOR P.O.
...ർ വായനശാല & കലാസമിതി
KATTAPPANA.
No. 112.
മുക്കോല

# അഭിപ്രായം

From:-

*Sardar. K. M. Panikkar.*

25—2—1941.
Bikaner.

No: 30

പ്രിയ സ്നേഹിതാ,

കാഞ്ചനശൃംഖല, ഒന്നാംഭാഗം വായിച്ചു തീൎന്നിട്ട് ദിവസം പത്തുകഴിഞ്ഞുവെങ്കിലും, ഇതുവരെ അതേപ്പററി എഴുതി അയക്കുവാൻ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു. കുടിശ്ശികയായി വളരെ ജോലിയുണ്ടായിരുന്നതുകൊണ്ടുമാത്രമാണ് അങ്ങനെ സംഭവിച്ചതു്.

കയ്യെഴുത്തുപ്രതി രണ്ടുപ്രാവശ്യം നിഷ്കൎഷയോടെ വായിച്ചു. പുസ്തകം പൂൎത്തിയാകുമ്പോൾ മലയാളത്തിലെ ഒന്നാംകിട നോവലുകളിൽ ഒന്നായിരിക്കും കാഞ്ചനശൃംഖല എന്നുള്ളതിൽ എനിക്കു സംശയം തോന്നുന്നില്ല. ഇതുവരെയുള്ള ഭാഗങ്ങളിൽ കണ്ടിടത്തോളം പാത്രരചനയും വൎണ്ണനയും കഥാഗതിയും വളരെ വിശേഷമായിട്ടുണ്ടു്. കവിതാദേവിയുടെ അരുമസന്താനമെന്നു വള്ളത്തോളിനാൽ തന്നെ അഭിനന്ദിക്കപ്പെട്ട നിങ്ങളുടെ കൃതിയുടെ സ്വാരസ്യത്തെപ്പററി ഞാൻ എന്തു പറയാനാണ്.

പുസ്തകത്തിലെ ഭാഷയെപ്പററിയാണെങ്കിൽ അതു് കഥാവസ്തുവിനു ചേൎന്നവിധം ഗംഭീരവും ഊൎജസ്വലവും ആയിരിക്കുന്നു. മാനസിക സംസ്കാരവും ആത്മീയമഹത്വവും അടിസ്ഥാനമാക്കി എഴുതിയിട്ടുള്ള നിങ്ങളുടെ ഈ കനകശൃംഖല മലയാളത്തിൽ ഒരു പുതിയ പദ്ധതിതന്നെയാണ് തുറക്കുന്നതെന്നുള്ളതിൽ എനിക്കു സംശയമില്ല.

ഇവിടെ ക്ഷേമം തന്നെ. നിങ്ങൾക്കും അതുപോലെ എന്നു വിശ്വസിക്കുന്നു.

എന്നു് കെ. എം. പണിക്കർ.

പുസ്തകം ഇന്നുമടക്കി അയച്ചിട്ടുണ്ടു്.

# ശുദ്ധിപത്രം.

| പുറം | അബദ്ധം | സുബദ്ധം |
| --- | --- | --- |
| പ്ര. iii | കൊണ്ടും | കൊണ്ടു്, |
| 2 | ശരീരിയാ | ശരീരനാ |
| 9 | ചേഷ്ടങ്ങൾ | ചേഷ്ടകൾ |
| 23 | പവന | പാവന |
| 28 | കൗശലത | കുശലത |
| 34 | തീഷ്ണ | തീക്ഷ്ണ |
| 35 | ശീകാര | ശീകര |
| 41 | തന്റെ | അവന്റെ |
| ടി | സാമൎത്ഥ്യത്തോടും | സാമൎത്ഥ്യത്തോടുംകൂടി |
| 42 | നിശബ്ദ | നിശ്ശബ്ദ |
| ടി | ദ്യോത | ദ്യോതക |
| 43 | തോന്നിരുന്നില്ല | തോന്നിയിരുന്നില്ല |
| 52 | അമലസില | അമലസലില |
| ടി | കൈപത്തി | കൈപ്പത്തി |

3135

LIBRARY & ARTS CLUB REG. No. ... No. ...

# പ്രസ്താവന.

പരിചരണവ്രതം സ്വീകരിച്ചു് ഒരു കന്യകയായി ജീവിക്കയാണോ, അതോ പരിതഃസ്ഥിതികൾ നിർബ്ബന്ധിക്കുന്നതനുസരിച്ചു് പരിണയം കഴിച്ചു് ഗാർഹസ്ഥ്യജീവിതം കഴിക്കുകയാണോ, വേണ്ടതെന്നു് ഉൽകൃഷ്ടകുടുംബത്തിൽ ജനിച്ചുവളർന്നവളെങ്കിലും അനിവാര്യ്യങ്ങളായ സാഹചര്യ്യങ്ങളുടെ വൈപരീത്യത്താൽ നിർദ്ധനയും, നിരാലംബയും ആയിത്തീർന്ന ഒരു ക്രൈസ്തവയുവതി അവധാനപൂർവ്വം ചിന്തിച്ചു് അവയിൽ ഒന്നിനെ സ്വീകരിക്കുന്നതാണു് ഈ ആഖ്യായികയിലെ ഇതിവൃത്തം.

യഥാർത്ഥ ക്രൈസ്തവചൈതന്യമുള്ള കുടുംബങ്ങളിൽ സദാചാരനിരതരും മതാഭിമാനികളും ആയ മാതാപിതാക്കളുടെ സമീക്ഷയിൽ ജനിച്ചു വളരുന്ന യുവതികൾക്കുപോലും ഏതേതവസ്ഥാന്തരങ്ങളിൽ അവർ പ്രവേശിച്ചാലും എങ്ങനെയുള്ള ജീവിതരീതികളെ അവലംബിച്ചാലും തങ്ങളുടെ കുടുംബത്തിനും സമുദായത്തിനും മതത്തിനും സാഹായ്യമായി അത്യുൽകൃഷ്ടങ്ങളായ സംഗതികൾ ചെയ്യുവാൻ സാധിക്കുമെന്നുള്ളതിന്നു് ഉത്തമോദാഹരണങ്ങളായി വർത്തിച്ചിട്ടുള്ള അനേകം വനിതാരത്നങ്ങളുടെ ചരിത്രങ്ങളും കഥകളും പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിക്കുന്നുണ്ടു്. അങ്ങനെയുള്ള ഒരു മാതൃകായുവതിയുടെ കഥയെ ആസ്പദമാക്കി സ്ഥലനാമാദിവ്യത്യാസങ്ങളോടുകൂടി രചിച്ചിട്ടുള്ള മതപരവും 'സമുദായപരവും ആയ ഒരു ആഖ്യായികയാണു് ഈ ഗ്രന്ഥം.

ആരോഗദൃഢഗാത്രയും അനന്യസൽഗുണ സമ്പന്നയും ആയ ഒരു യുവതി കന്യകയായി സന്യാസവ്രതം സ്വീകരിച്ചു് ജീവിക്കയാണോ വേണ്ടതു്, വിവാഹം കഴിക്കയാണോ വേണ്ടതു് എന്നുള്ള ചോദ്യത്തിന്നു് അവൾ കത്തോലിക്കാമതാവലംബയല്ലെങ്കിൽ നിഷ്പ്രയാസം ഒരുത്തരം കണ്ടുപിടിക്കാം. എന്നാൽ അതല്ല ഒരു കത്തോലിക്കു് വനിതയുടെ അവസ്ഥ. എത്രത്തോളം സൽഗുണസംയുക്തയായിരിക്കുന്നോ, സന്യാസവ്രതപരമായ കന്യാത്വവും അത്രത്തോളം ആദരണീയമായി അവൾക്കു് അനുഭവപ്പെടും. അതുകൊണ്ടാണു് ഈ കഥാനായിക പ്രസ്തുത പ്രശ്നത്തിന്നു് സമാധാനം കണ്ടുപിടിക്കാൻ ക

ഴങ്ങുന്നതു്. ഒരു കത്തോലിക്ക യുവതിക്കു് സസന്തോഷം സ്വീകരിക്കാവുന്ന ഈ രണ്ടു ഭാവിജീവിതപഥങ്ങളിൽ ഓരോന്നും അത്യധികം ആകർഷണീയമായ വിധത്തിൽ അവളെ അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളിൽ കഥാനായിക ചെന്നുചേരുന്നു. അവ ഓരോന്നിനോടും അവൾ എങ്ങനെയാണിടപെടുന്നതെന്നും, പരിചരണമോ, പരിണയമൊ എന്ന പ്രശ്നത്തിനു് അവൾ ഒടുവിൽ എങ്ങനെയാണു് സമാധാനം കണ്ടുപിടിക്കുന്നതെന്നും മനസ്സിലാകുമ്പോൾ കേവലം കെട്ടുകഥകളേക്കാൾ രസകരവും അത്ഭുതാവഹവും ആയ ഒരു അനുഭവരസംക്രുടി ഇതിനാൽ വായനക്കാർക്കു് ഉളവാകുന്നതാകുന്നു.

ഈ ആഖ്യായികയുടെ കഥാഗതിക്കു് അനുസരണമായി മൂന്നുഭാഗങ്ങളായിട്ടാണു് ഇതു് രചിച്ചിട്ടുള്ളതു്. മൂന്നാംഭാഗത്തിൻെറ അവസാനത്തിൽ മാത്രമെ, പരിചരണമോ പരിണയമോ എന്ന പ്രശ്നത്തിനു് കഥാനായിക കണ്ടുപിടിക്കുന്ന സമാധാനം എന്താണെന്നു് വെളിപ്പെടുകയുള്ളു.

ആദർശപരങ്ങളായ കഥാപാത്രങ്ങളുടെ പ്രവർത്തനങ്ങളിൽ മതാദർശങ്ങൾ പകർത്തി പ്രദർശിപ്പിക്കുന്ന ആഖ്യായികാപ്രസ്ഥാനം കേരളത്തിലെ ക്രൈസ്തവരുടെഇടയിൽ വളരെ വിരളമായിട്ടുമാത്രമേ പ്രചരിച്ചു കാണുന്നുള്ളു. ആകയാൽ ഈ പുതിയഉദ്യമം എൻെറ ക്രൈസ്തവസഹോദരങ്ങൾക്കു് എത്രത്തോളം രുചികരമായിരിക്കുമെന്നു് അനുഭവം കൊണ്ടു അറിയേണ്ടതാണു്. ഈ കാരണത്താലും ഈ കഥയിലെ പരമമായ പരിണാമഗുപ്തിയെ കാംക്ഷിച്ചും, 'ജപമാല'യുടെ മാഹാത്മ്യത്തെ കഥാനായികയുടെ പ്രവൃത്തിയാൽ പ്രദർശിപ്പിക്കുന്ന 'കാഞ്ചനശൃംഖല' എന്ന ഒന്നാംഭാഗം മാത്രമേ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നുള്ളു. സഹൃദയന്മാർ ഇതു രസിക്കയും അവർ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നപക്ഷം മററു രണ്ടുഭാഗങ്ങൾ കൂടി യഥാകാലം പ്രസിദ്ധപ്പെടുത്തിക്കൊള്ളാം.

എൻെറ പ്രിയ പിതാവു് തൻെറ ഐഹികജീവിതത്തിൻെറ അന്തിമദിവസങ്ങൾ കഴിച്ചുകൂട്ടിയതും അദ്ദേഹത്തിൻെറ ശവകുടീരം സ്ഥിതിചെയ്യുന്നതും ആയ മധുരാപുരി എനിക്കു് ഒരിക്കലും മറക്കത്തക്കതല്ല. അദ്ദേഹം രോഗിയായി അവിടുത്തെ ജനറൽ ആസ്പത്രിയിൽ കിടന്ന അവസരത്തിൽ

നിസ്വാർത്ഥമായ സ്നേഹാദരങ്ങളോടുകൂടി അദ്ദേഹത്തെ ശുശ്രൂഷിച്ച പാവനചിത്തകളായ 'സിസ്റ്റേഴ്സ് ഓഫ് ചാരിററി' എന്ന സന്ന്യാസിനികളേയും എനിക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ല. ഈ കാരണത്താലാണു് ഈ കഥയുടെ ഉത്ഭവസ്ഥാനമായി ആ മഹാ പട്ടണത്തേയും പ്രസ്തുത സന്ന്യാസിനീസംഘത്തിൻെറ പാവനമായ സന്നിധാനത്തേയും സങ്കല്പിച്ചിട്ടുള്ളതു്.

ഭാരതത്തിൽ പണ്ടേതന്നെ പ്രഖ്യാതമായ ഈ പട്ടണത്തിൻെറയും ഭുവനപ്രസിദ്ധമായ ഈ സന്ന്യാസിനീസമിതിയുടെയും മഹിമാവിശേഷങ്ങൾ കുറച്ചുകൂടിയെങ്കിലും കൂടുതലായി ഈ കേരളത്തിൽ പ്രകീർത്തിതമാകുവാൻ ഈ നിസ്സാരകൃതി പര്യാപ്തമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഇതിലെ ഭാഷാരീതി പലഭാഗങ്ങളിലും അലങ്കാരപരവും കഠിനതരവും ആയിപ്പോയെന്നു് ചിലസ്നേഹിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. സാഹിത്യരസവേദികളുടെ രുചിഭേദം അനുസരിച്ചു് ഇതൊരു ന്യൂനതയായിരിക്കാം. വേറെയും പല ന്യൂനതകൾ ഈ കൃതിയിൽ ഖണ്ഡനവിമർശകന്മാർ കണ്ടുപിടിച്ചേക്കാം. അവ എല്ലാം സഹൃദയന്മാർ ദയാപുരസ്സരം ക്ഷമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു്. ജപമാലയായ സ്വർഗ്ഗീയമാലയാൽ-ലോകത്തെ നാകത്തോടു നിരന്തരമായി ബന്ധിക്കുന്ന ബന്ധുരമായ മന്ദാരമാലയാൽ-ക്രൈസ്തവകന്യകകളുടെ പാവനഗളങ്ങളെന്നപോലെ ആ മതാദർശമനോഹരങ്ങളായ കഥാകാവ്യകലാപങ്ങളാൽ കൈരളീമഹിളയുടെ കളകണ്ഠനാളം ഉത്തരോത്തരം പരിപൂതമായി പരിലസിക്കട്ടെ എന്നു് ആശംസിച്ചുകൊള്ളുന്നു.

ഈ കൃതി പരിശോധിച്ച വിലയേറിയ അഭിപ്രായം എഴുതി അയച്ചുതന്നിട്ടുള്ള എൻെറ ബഹുമാന്യ സ്നേഹിതൻ മേജർ സർദാർ കെ. എം. പണിക്കർ അവർകളോടുള്ള അപാരമായ കൃതജ്ഞതയെ ഞാൻ പ്രകാശിപ്പിച്ചു കൊള്ളുന്നു. രാജ്യതന്ത്രവിജ്ഞാനത്തിലും രാജ്യഭരണ നൈപുണ്യത്തിലും അനന്യസാധാരണമായ പാണ്ഡിത്യത്തിലും ഉൽകൃഷ്ടവും നാനാമുഖവുമായ സാഹിത്യസമ്പത്തിലും സമുന്നതകോടിയിൽ

വിളങ്ങുന്ന ഈ മഹാനുഭവാന് ഈ കൃതി അഭിനന്ദനീയമായി തോന്നിയതു് എന്നോടുള്ള പക്ഷപാതബുദ്ധികൊണ്ടോ "അക്ഷസൂത്ര"ത്തോടുള്ള ഭക്തികൊണ്ടോ ആയിരിക്കാം. മഹാരാഷ്ട്രന്മാർ മാനിക്കുന്ന മന്ത്രിപുംഗവനു യോജിച്ച മഹാമനസ്കയുടെ വിനയാതിരേകത്തോടുകൂടി ആ "ദയാകുചേലൻ" ഈ സാഹിത്യകുചേലന് അടുത്തകാലത്തയച്ച കത്തിലെ ഒരു വാചകം തന്നെ ഉദ്ധരിച്ചുകൊണ്ടു് ഞാൻ കൃതകൃത്യനായിക്കൊള്ളട്ടെ.

"അതിമനോഹരമായ ഈ സരസ്വതീവിലാസം ഈ നിസ്സാരസംഗതിയിൽ ഉണ്ടായതു് എന്നോടുള്ള സ്നേഹംകൊണ്ടെന്നല്ലേ വിചാരിക്കേണ്ടതു്."

വലിയ സ്ഖലിതങ്ങൾകൂടാതെ ഈ പുസ്തകം ഭംഗിയായി അച്ചടിച്ചു തന്നിട്ടുള്ള മിസ്റ്റർ തോമ്മസ് പാപ്പി വേലകളവും എൻെറ കൃതജ്ഞതയ്ക്കു അർഹനായിരിക്കുന്നു. സമുദായാഭിമാനിയും പൊതുക്കാര്യപ്രസക്തനുമായ മിസ്റ്റർ പാപ്പിയുടെ പ്രോത്സാഹനം കൊണ്ടല്ലായിരുന്നെങ്കിൽ ഈ രൂപത്തിലെങ്കിലും ഈ പുസ്തകം ഇപ്പോൾ വെളിക്കു വരികയില്ലായിരുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു വിരമിക്കുന്നു.

ആലപ്പുഴ.
8—12—1943

എൻ. എക്സ്. കുര്യൻ

3125

No.......
3135

# കാഞ്ചനശൃംഖല.

## അദ്ധ്യായം ൧.

മധുരാപുരി; ഹാ! എത്ര മാധുയ്യമേറിയ പദം! ഇവിടെ വച്ചാണത്രെ ഇന്ദുചൂഡൻെറ ശിരസ്സിലേയ്ക്കു സുധാകരൻ ആ മധുരമായ അമൃതവർഷം ചെയ്തതു്. കൈലാസത്തിലെ പ്രാലേയനിര ഭേദിപ്പാൻ പയ്യാപ്തമായ മനോജ്ഞമാറെറാലികൾ കുരുഞ്ചിക്കാളിയുടെ കുറത്തിയാട്ടത്തിലെ മഞ്ജീരശിഞ്ജിതം പുറപ്പെടുവിച്ചതും ഇവിടെനിന്നാണത്രെ. മാണിക്യവാചകരുടെ മാണിക്യമയമായ കവനവീണയുടെ കാഞ്ചനക്കമ്പികളിൽ തുളുമ്പിയ കമ്രനാദം ദക്ഷിണഭാരതത്തിൽ സാഹിത്യസമ്പന്നമായ സംഗീതമകരന്ദം പകന്നതും ഇവിടെനിന്നാണ്. മധുര കാണാത്തവൻ കഴുത. മധുരയിൽ മരിച്ചാൽ മോക്ഷം. എന്നിങ്ങനെയുള്ള പഴമൊഴികൾ ഈ പട്ടണത്തിനുണ്ടായിരുന്ന പ്രാചീനകാലമാഹാത്മ്യങ്ങളെ പ്രഖ്യാപനംചെയ്യുന്നു. പുരാണശില്പകലാവൈശിഷ്ട്യത്തെ പ്രദ്യോതിപ്പിക്കുന്നതും സവ്വത്ര കരിങ്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ളതുമായ ആയിരംകാൽമണ്ഡപവും അങ്കണപംക്തികളും ഉത്തുംഗങ്ങളായി ചിത്രശിലാകലിതങ്ങളായിരിക്കുന്ന ഗോപുരങ്ങളോടും ശൃംഗപരമ്പരകളോടുംകൂടി സ്ഥിതിചെയ്യുന്ന മീനാക്ഷീകോവിലും പൌരസ്ത്യരുടെ പുരാതനകലാകുശലതയ്ക്കു നിർഭംഗനിദർശനമായും പാശ്ചാത്യശില്പശാസ്ത്രജ്ഞന്മാൎക്കു അത്ഭുതാവഹമായും പരിലസിക്കുന്ന തിരുമലനായിക്കൻകൊട്ടാരവും ജിജ്ഞാസുക്കളായ ദേശസഞ്ചാരികളേയും പ്രാചീനശിലാചിത്രചരിത്രാന്വേഷികളേയും ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു.

മീനാക്ഷീകോവിലിൻെറ പുരോഭാഗത്തു സ്ഥിതിചെയ്യു
ന്ന ആ കാഞ്ചനപത്മതീൎത്ഥത്തിൽ, മാനസസരസ്സിലെകനക
നാളീകനാളമൃണാളങ്ങളോ, അവയെ ആസ്വാദിപ്പാൻ ആരാ
ഞ്ഞുപോന്ന കോമളകളേബരകളായ മരാളപാളിയുടെ കേ
ളീവിലാസങ്ങളോ, ചരിത്രകാലങ്ങളിൽ കാൺമാനില്ലായിരു
ന്നു എങ്കിലും വിശ്വമോഹിനികളായ കളഹംസഗാമിനികളു
ടെ കളാലാപസമ്മിളിതമായ നീരാട്ടരംഗമായും ആ പങ്കജാ
ക്ഷികളുടെ പങ്കപരമ്പരയെ പ്രക്ഷാളനംചെയ്തു നിർമ്മലസ
ലിലമായും ആയതു ഒരുകാലത്തു ശോഭിച്ചിരിക്കാൻ ഇടയുണ്ടു്.

തേൻപാളുന്ന തേൻപാവണിയുടെ നിൎമ്മാതാവായ വീര
മാമുനിപ്രഭൃതികളായ ക്രൈസ്തവസന്യാസിമാരുടെ പുണ്യപദ
വിന്യസനങ്ങളാൽ ഒരുകാലത്തു പവിത്രീകൃതമായിരുന്ന മധുര
യ്ക്കു്, ഹൈന്ദവേതിഹാസപുരാണപരമായിട്ടുമാത്രമല്ല ക്രിസ്തു
മതസാഹിത്യപരമായിട്ടും മാറേററിയ മാഹാത്മ്യം ചിരപ്ര
തിഷ്ഠിതമായിട്ടുണ്ടു്. ഭാരതത്തിൽ ക്രിസ്തുമതാദർശങ്ങൾ പര
ത്തണമെന്നു കാംക്ഷിക്കുന്നവർ പാശ്ചാത്യഭാഷകളേയും വേഷ
ഭൂഷാദികളേയും നിവൃത്തിയുള്ളിടത്തോളം പരിവർജ്ജിച്ചു്
ഭാരതോചിതമായ ജീവിതസമ്പ്രദായങ്ങളെ സമാദരിക്കണ
മെന്നും ദേശീയങ്ങളായ ഉൽകൃഷ്ടസാഹിത്യങ്ങളെ സ്വാധീനമാ
ക്കി അവയിൽ മതാദർശങ്ങളെ വിവൎത്തനം ചെയ്യണമെന്നുമു
ള്ള പാരമാർത്ഥ്യം ഗ്രഹിച്ചു് തദനുസരണം ജീവിക്കയും പ്രവ
ൎത്തിക്കയും ചെയ്തുപോന്നിട്ടുള്ള ആ ഇററാലിയൻ ക്രൈസ്തവ
ധൎമ്മഭടനായ വാഗ്ഭടൻെറ, യശോമാത്രശരീരിയായി ജീവി
ക്കുന്ന ഫാദർ ബഷ്ക്കിയുടെ "ദ്വിതീയതിരുക്കുറൾ" ക്രൈസ്തവ
സംസ്കാരപ്രചരണാൎത്ഥമുള്ള ദീപ്തിമത്തായ ഒരു 'ദീപിക'യാ
യി ഇന്നും അവിടത്തെ വിദ്വൽപരിഷത്തുകളിലും വേദാന്തരം
ഗങ്ങളിലും പ്രോജ്വലിച്ചുകൊണ്ടിരിക്കുന്നു.

ഈ വൎത്തമാനകാലത്തുപോലും ദക്ഷിണേന്ത്യയിലെ പ്ര
ധാന പട്ടണങ്ങളിൽ ദ്വിതീയസ്ഥാനം മധുരയ്ക്കാണു്. ഈ
പട്ടണത്തിൻെറ ആധുനികകാലകീൎത്തിക്കു കാരണമായിട്ടുള്ള
സംഗതികളിൽ ഒന്നു് വിശാലവും വിശിഷ്ടവുമായ അവിട
ത്തെ ആതുരാലയമത്രെ. സ്വദേശികളും വിദേശികളുമായ

ഭിഷഗ്വരന്മാക്കും പുറമേ 'സിസ്റ്റേഴ്സ് ഓഫ് ചാരിററി'എന്ന ആതുരരക്ഷാസംഘത്തിൽപെട്ട സന്ന്യാസിനികളായ ഏതാനും കന്യകാജനങ്ങളുടെ സാന്നിദ്ധ്യവും പരിചരണവും ആ ആസ്പത്രിയുടെ പ്രയോജനത്തേയും പ്രഖ്യാതിയേയും പുലത്തിപ്പോരുന്നു. ഈ മനസ്വിനികൾ, ബൽജിയം, സ്വിററ്സർലണ്ട് മുതലായ യൂറോപ്യൻരാജ്യങ്ങളിൽ ജനിച്ചവരും കുലീനകളായ കത്തോലിക്ക് വനിതകളാണെങ്കിലും ഭൂരിയായ ഭൂതദയയാൽ പ്രേരിതരായും അനന്യസാധാരണമായ കൃത്യനിഷ്ഠയാലും ഉൽകൃഷ്ടമായ മതാദർശങ്ങളാലും പ്രചോദിതരായും വിദേശമായ മധുരയിലും മററും വന്ന് അപരിചിതരും അന്യമതസ്ഥരും ആയ രോഗാതുരസഹോദരങ്ങളെ നിസ്വാത്ഥമായ പരിചരണംകൊണ്ടും സ്നേഹമസൃണമായ ശുശ്രൂഷകൊണ്ടും അദ്ധ്യാത്മജ്ഞാനസമ്പന്നമായ സാന്ത്വനവചസ്സുകൾകൊണ്ടും അനുഗ്രഹിച്ചുപോരുന്നു. മധുരയിൽ ജനറൽ ആസ്പത്രിയുടെ സമീപം ഇവരുടെ വകയായ ഒരു വലിയ സ്ഥാപനമുണ്ട്. തങ്ങളുടെ സംഘത്തിൽ ചേന്നു വ്രതമെടുത്ത് ജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന ശാലീനചിത്തകളായ വനിതാജനങ്ങൾക്ക് ഏതദ്വിഷയത്തിൽ വേണ്ട അഭ്യസനവും പരിശീലനവും പ്രദാനം ചെയ്യുന്നതിന് ഇവിടെ ഒരു വലിയ മന്ദിരവുമുണ്ട്. ഈ കഥ നടന്നകാലത്ത് ഈ അദ്ധ്യയനസ്ഥാപനത്തിൻെറ അദ്ധ്യക്ഷ സിസ്റ്റർ ആഞ്ചലിക്കാ എന്ന പേരായ ഒരു ബൽജിയംകാരിയായിരുന്നു. ഈ മഹതി സ്വഭാവവൈശിഷ്ട്യത്തിനും കാര്യക്ഷമതയ്ക്കും എന്നപോലെതന്നെ വൈദ്യവിഷയകമായ വൈദഗ്ദ്ധ്യത്തിനും പരിചരണപരമായ പരിചയത്തിനും പ്രഖ്യാതയായിരുന്നു.

സിസ്റ്റർ ആഞ്ചലിക്കാ അദ്ധ്യയനസ്ഥാപനത്തിൻെറ ഭരണാധികാരം കയ്യേററതോടുകൂടി ആ മഹിളാമന്ദിരത്തോടുള്ള പൊതുജനസമ്മതിയും പൂർവാധികം വർദ്ധിച്ചുവന്നു. ഈ മഹതിക്കു വിശ്രമത്തിനുപോലും സമയമില്ലായിരുന്നു. നാനാദേശങ്ങളിൽനിന്നുംവരുന്ന നിരവധി കത്തുകൾക്കു അപ്പപ്പോൾ മറുപടിഎഴുതുന്ന ഭാരവും സിസ്റ്റർതന്നെ വഹിച്ചിരുന്നു. ഇന്ന് ഇങ്ങനെയുള്ള കത്തുകളിൽ ഒന്ന് സിസ്റ്റർ സത്രൂ

ദ്ധം വായിച്ചുകൊണ്ടിരിക്കയാണ്. ആയതു വായിക്കയിൽ സിസ്റ്ററുടെ മുഖം വിചാരച്ഛായാക്രാന്തമായിരിക്കുന്നു. കുറേ നേരം ചിന്താഗ്രസ്തയായിരുന്നു. പിന്നെ ഒരിക്കൽക്കൂടി കത്തു വായിച്ചു. പെട്ടെന്ന് എന്തോ ഒരു വിചാരം മനസ്സിൽ ആവിർഭവിച്ചതുപോലെ മുഖഭാവം മാറി. അനന്തരം അവർ കൈനീട്ടി മേശപ്പുറത്തിരിക്കുന്ന സൂത്രമണിയുടെ ബട്ടൺ ഒന്നമർത്തി. ശ്രവണമധുരമായ ആ ചെറുമണിയുടെ കിലുകിലാരവം വിരമിക്കുന്നതിനു മുൻപ് ഒരു പരിചാരിക ഉപചാരപൂർവം അവിടെ ആഗതയായി. അവളോടു സിസ്റ്റർ ഇപ്രകാരം ചോദിച്ചു. 'മിസ് ജോസഫ് എവിടെയാണ്?'

പരിചാരിക—മിസ്സി ആസ്പത്രിയിലാണ്. ഒരു ഉദരരോഗിണിയുടെ ശസ്ത്രക്രിയയ്ക്കു സഹായിക്കാനുണ്ടെന്നും പറഞ്ഞു് നേരത്തേ പോയി. ഇതുവരെ മടങ്ങിവന്നിട്ടില്ല.

സിസ്റ്റർ—കൊള്ളാം. ഇന്നുരാത്രി എട്ടുമണിക്ക് ഞാൻ എൻെറ മുറിയിൽ ഉണ്ടായിരിക്കുമെന്നും ഒരു പ്രത്യേക സംഗതിയുള്ളതുകൊണ്ടു് എന്നെ വന്നുകാണണമെന്നും മിസ് ജോസഫിനോടു പറയണം.

പരി—അമ്മാ ഞാൻ ഇപ്പോൾതന്നെ വിളിച്ചുകൊണ്ടു വരാമല്ലോ.

സിസ്റ്റർ—വേണ്ട! പറയുന്നതുപോലെ പ്രവത്തിച്ചുകൊണ്ടാൽ മതി. അതിനപ്പുറം പോകണ്ട കേട്ടോ ലൂസ്സി. നിനക്കു ദുസ്സാമത്ഥ്യം കൂടും. മറന്നുപോകരുതു്. എനിക്കു മിസ് ജോസഫിനോടു ഒരു പ്രത്യേകസംഗതി പറയാനുണ്ടു്.

പരി—ഇല്ലമ്മാ!, ഞാൻ ഒരിക്കലും മറക്കയില്ല. എനിക്കു പണ്ടു മറവി ഉണ്ടായിരുന്നു. അതു മാറിക്കിട്ടുവാൻ ഞാൻ പ്രാത്ഥിച്ചു. അതിൽപിന്നെ എനിക്കു മറവിയേ ഉണ്ടായിട്ടില്ല. പ്രാത്ഥന എത്ര ശക്തിയുള്ളതാണ്.

സിസ്റ്റർ—ആകട്ടെ! നീ പൊയ്ക്കൊൾക. നിൻെറ പുണ്യപ്രവത്തികളുടെ പുരാണങ്ങളൊന്നും എനിക്കു കേൾക്കണ്ട.

ലൂസ്സി ഉടനെ മടങ്ങിപ്പോയി. തൻെറ ഓർമ്മശക്തിയെ പരീക്ഷിപ്പാൻ കാത്തുനിൽക്കാതെ അവൾ അപ്പോൾതന്നെ

ആസ്പത്രിയിൽ ചെന്ന് മിസ് ജോസഫിനെ കാണുകയും സിസ്റ്റർ ആഞ്ചലിക്കായുടെ സന്ദേശം അറിയിക്കുകയും ചെയ്തു.

പരിചാരികയെ പറഞ്ഞയച്ചശേഷം സിസ്റ്റർ ആഞ്ചലിക്കാ ആ കത്ത് ഒരിക്കൽക്കൂടി വായിച്ചു. പിന്നെ അവർ ഇങ്ങനെ ആത്മഗതം ചെയ്തു. "മിസ് ജോസഫിനു ഇതിൽ വിപരീതാഭിപ്രായം ഉണ്ടാവാൻ സംഗതിയില്ല. എന്നുമാത്രമല്ല മറുപടി ഉടനെ അയയ്ക്കേണ്ടതായുമിരിക്കുന്നു. ആകയാൽ ആയതു് ഇപ്പോൾതന്നെ അയച്ചുകളയാം" താൻ ഇടപെടുന്ന ഓരോ കാര്യങ്ങളിലും തന്റെ സവിശേഷമായ ശ്രദ്ധ പതിപ്പിക്കുകയും തീർച്ചചെയ്യേണ്ടതു ഉടനെ തീർച്ചയാക്കുകയും ആ തീരുമാനത്തെ വിളംബംവിനാ നടപ്പിൽവരുത്തുകയുംചെയ്കയെന്നുള്ളതു് ആ മഹിളാലയാദ്ധ്യക്ഷയുടെ സ്വഭാവവിശേഷമായിരുന്നു. അവർ അപ്പോൾതന്നെ ആ കത്തിനു മറുപടി ഡൽഹിയിലേക്കു പോസ്റ്റുചെയ്യുകയും ചെയ്തു.

ഇപ്രകാരം ഈ കഥയിലെ അസാധാരണവും അകൃത്രിമസുന്ദരവുമായ ഭാവിരംഗങ്ങൾക്കു അടിസ്ഥാനമായ ആ സന്ദേശം ആ ആശ്രമത്തിന്റെ പരിപാവനവും പ്രശാന്തവും ആയ പരിധികളിൽനിന്നും അതിന്റെ നിർദ്ദിഷ്ടസ്ഥാനവും ഭാരതഭൂമിയുടെ തലസ്ഥാനവും ആയ ഇന്ദ്രപ്രസ്ഥത്തിലേക്കു നിഗൂഢമായും നിശബ്ദമായും യാത്രയാകുകയും ചെയ്തു.

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No:

# അദ്ധ്യായം ൨.

തിരുമല നായിക്കൻ കൊട്ടാരം നായിക്കന്മാരായ അരചവംശത്തിൻെറ അധഃപതനത്തോടുകൂടി മാഹാത്മ്യമെല്ലാം അവസാനിച്ചു് ജനവാസം പോലുമില്ലാത്തതായി ഭവിച്ചു. എങ്കിലും ആ മന്ദിരത്തിൻെറ വൈപുല്യവും നിർമ്മാണവൈശിഷ്ട്യവും പിൽക്കാല ഭരണാധികാരികളുടെ ശ്രദ്ധയെ ആകർഷിക്കാതിരുന്നില്ല. മധുര ബ്രിട്ടീഷ്കാർക്ക് അധീനമായതിനുശേഷം ആ ഡിസ്ട്രിക്ടിലെ പ്രധാന നീതിന്യായക്കോടതി ആ വിശാലമായ കൊട്ടാരത്തിൽ സ്ഥാപിതമായി.

ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾക്കു ഒരു പത്തുകൊല്ലം മുമ്പു് ആ കോടതിയിലെ അഭിഭാഷകന്മാരിൽ അഗ്രഗണ്യൻ തിരുവിതാംകൂർ സ്വദേശിയും ബാരിസ്റ്റർ എന്ന ഉൽകൃഷ്ടബിരുദധാരിയും ആയ ഒരു സിറിയൻ ക്രിസ്ത്യാനി ആയിരുന്നു. മിസ്റ്റർ തോമസ് എന്നായിരുന്നു അദ്ദേഹത്തിൻെറ നാമധേയം.

ഒരുകാലത്തു് കേരളനാട്ടിന്നഭിമാനസ്തംഭമായിരുന്ന നസ്രാണിവർഗ്ഗം ഇടക്കാലത്തെ ദുർദ്ദശാവിപാകത്താൽ മതകാര്യങ്ങളിൽ ഭിന്നാഭിപ്രായക്കാരായിത്തീരുകയും തന്മൂലം ഏകോദരസഹോദരങ്ങൾപോലും തമ്മിൽ ഛിദ്രിക്കയും സഹകരണമില്ലാതെ വർത്തിച്ചുവരികയും ചെയ്തു. ഇങ്ങനെയുള്ള ജീവിതാവസ്ഥയിൽ അവരുടെ വ്യക്തിപരവും സാമൂഹ്യപരവും ആയ ശക്തി ക്ഷയിക്കുകയും തങ്ങളുടെ പൂർവ്വന്മാരുടെ പ്രതാപങ്ങളേയും വീരപരാക്രമങ്ങളേയും പ്രകീർത്തിച്ചും അവർ ആർജ്ജിച്ചുകൊടുത്ത സമ്പൽസമൃദ്ധിയെ അനർഹമായി അശിച്ചും പ്രായേണ അലസന്മാരായി ഇക്കൂട്ടർ കാലം കഴിക്കുകയും ചെയ്തു. പ്രോട്ടസ്റ്റൻറു മതങ്ങളുടെയും ആംഗലേയഭാഷയുടെയും ആവിർഭാവം ഇവരിൽ പല കുടുംബക്കാരെയും ആകർഷിക്ക

യും അവരിൽ ചിലർ പുരാതനമായ മാതൃമതാചാരങ്ങളോടും
മാതൃഭാഷയോടും എന്നുവേണ്ട സ്വദേശത്തോടുപോലും യാ
ത്രപറഞ്ഞു് അന്യദേശങ്ങളിലും അന്യജനങ്ങളുടെ ഇടയിലും
ഉദ്യോഗസ്ഥന്മാരായുംമററും സ്ഥിരവാസമാക്കുകയും ചെയ്തു.
ഇങ്ങനെ മാതൃമതാചാരങ്ങളോടും മാതൃദേശത്തോടും ഉത്തര
തിരുവിതാംകൂറിലുള്ള പുരാതനവും പ്രഖ്യാതവുമായ സ്വകു
ടുംബത്തോടും യാത്രപറഞ്ഞു് മധുരയിൽ ചെന്നു് ഒരു പ്രൊട്ട
സ്റ്റൻറു പുരോഹിതനായി കുടുംബസഹിതം ചിരകാലം താ
മസിച്ചിരുന്ന റവറൻറു മാത്തൻ അവിടെവച്ചുതന്നെ കാല
ധർമ്മം പ്രാപിച്ചു. ഇദ്ദേഹത്തിൻെറ പുത്രൻ തോമ്മസിനു
ചില മിഷ്യനറിമാരുടെ സഹായത്താൽ ഇംഗ്ലണ്ടിൽ പോയി
ഉന്നതവിദ്യാഭ്യാസം കഴിക്കുന്നതിനും ഒരു ബാരിസ്റ്റരായി തീ
രുന്നതിനും നിഷ്പ്രയാസം സാധിച്ചു. ഇങ്ങനെ മി. തോമ
സ് ബിരുദധാരിയി മധുരയിലേക്കു തിരിച്ചുവരികയും സ്വവ
ർഗ്ഗത്തിൽപെട്ട മററൊരു പുരോഹിതൻെറ പുത്രിയും സൗന്ദര്യ
വതിയും വിദുഷിയുമായ സാറാമ്മയെന്ന യുവതിയെ സഹധ
ർമ്മചാരിണിയായി തിരഞ്ഞെടുക്കുകയുംചെയ്തു. ഈ യുവ
ബാരിസ്റ്ററുടെ അനന്യസാമാന്യമായ ബുദ്ധിവൈഭവവും
വചോവിലാസവും നിസ്തുല്യമായ നിസ്തന്ദ്രതയും അ
ചിരേണ അവിടത്തെ അഭിഭാഷകന്മാരിൽ അദ്ദേഹ
ത്തെ അഗ്രഗണ്യനാക്കുന്നതിനു് പര്യാപ്തമായിബ്ഭവി
ച്ചു. തൻെറ സ്വഭാവശുദ്ധിയും മര്യാദയും മിസ്റ്റർ തോ
മ്മസിനെ അവിടുത്തെ സർവ്വജനങ്ങൾക്കും സുസമ്മതനാ
ക്കിത്തീർത്തു. ഇദ്ദേഹത്തിൻെറ വക്കീൽവൃത്തിയിലുള്ള വിജ
യം അന്യാദൃശമായിരുന്നു. മധുരയിൽ പട്ടണത്തിനുള്ളിലും
വെളിയിലുമായി അനേകം വലിയ തോട്ടങ്ങളും വയലുകളും
അദ്ദേഹം സമ്പാദിച്ചിരുന്നു. ഇതുകൂടാതെ നല്ല വാടകകി
ട്ടിയിരുന്ന പല കെട്ടിടങ്ങളും ബംഗ്ലാവുകളും തൻെറ സമ്പാ
ദ്യമായി ആ വിശാലമായ പട്ടണത്തിനുള്ളിൽ സ്ഥിതിചെ
യ്തിരുന്നു. ഇവയ്ക്കും പുറമെ വളരെ ദ്രവ്യം അദ്ദേഹം ബാങ്കുക
ളിൽ നിക്ഷേപിച്ചിട്ടുമുണ്ടായിരുരുന്നു. എന്നാൽ തൻെറ അ

സാമാന്യസമ്പത്തിന് അനന്തരാവകാശിയായി ഒരു പുത്രൻ മാത്രമെ ശേഷിച്ചിരുന്നുള്ളു. മാത്യു എന്നപേരായ ഈ യുവാവു് തൻെറ ജാതീയവും പിതൃദത്തവുമായ ഗുണഗണങ്ങളെ തിരിയിൽനിന്നു കൊളുത്തിയ പന്തം എന്നതുപോലെ തന്നിൽ ശതഗുണീഭവിച്ചു പ്രകാശിപ്പിച്ചു. നമ്പൂതിരിയുടെ മനോനൈർമ്മല്യവും കൂർമ്മബുദ്ധിയും നസ്രാണിയുടെ കാര്യപ്രവീണതയും ആകാരസൗഷ്ഠവവും സമ്മേളിച്ച ഈ സുറിയാനിപ്രഭുകുമാരൻെറ ശരീരസൗകുമാര്യം ആ നായ്ക്കന്മാരുടെ നാട്ടിലെ നാരീവർഗ്ഗങ്ങളിൽ പോലും അസുലഭമായിരുന്നു. തൻെറ ആഭിജാത്യസൂചകമായ ആകാരസൗകുമാര്യം പ്രായോചിതമായ കായികാഭ്യാസത്താൽ ദൃഢീകൃതമായ അംഗസൗഷ്ഠവത്തിൽ സർവ്വത്ര സങ്കീർണ്ണമായിരുന്നു. ശരീരാകൃതിക്കനുയോജ്യമായി തൻെറ മാനസികശക്തികളും ആര്യവംശോചിതമായ മാഹാത്മ്യത്തോടുകൂടിയതായിരുന്നു. മദ്രാസ് യൂണിവേഴ്സിററിയിൽ നിന്നും എം. ഏ. ഉൾപ്പെടെ എല്ലാ പരീക്ഷകളിലും പ്രസിഡൻസിയിൽ ഒന്നാമതായി പാസായശേഷം ഇംഗ്ലണ്ടിൽ പോയി ഐ. സി. എസ്. എന്ന ഉൽകൃഷ്ടപരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരിക്കവേ പിതാവായ ബാരിസ്റ്റർ തോമസ് അവിചാരിതമായി രോഗാതുരനാകയും അചിരേണ മരണംപ്രാപിക്കയും ചെയ്തു. എന്നാൽ ഇതുകൊണ്ടു നമ്മുടെ യുവാവിൻെറ വിദ്യാഭ്യാസത്തിനു വിഘ്നം നേരിട്ടില്ല. ഒരു ഭാരതീയന് അക്കാലത്തു സമ്പാദിക്കാമായിരുന്നവയിൽ അത്യുൽകൃഷ്ടമായ ആ മത്സരപരീക്ഷയിൽ ഉയർന്നനിലയിൽ ആ യുവാവു വിജയിയായി. ഇതിനുപുറമേ മററുചില ഡിഗ്രികൾകൂടെ സമ്പാദിച്ചുകൊണ്ടു് മി. മാത്യു. ഇൻഡ്യയിലേക്കു മടങ്ങിവന്നു. ഭർത്തൃവിയോഗത്താൽ ദുഃഖിതയും വയോവൃദ്ധയുമായ മാതാവിനെക്കണ്ടു് സമാശ്വസിപ്പിക്കയും തൻെറ ഐശ്വര്യങ്ങൾക്കു നിദാനഭൂതമായ പിതാവിൻെറ ശവകുടീരത്തിൽ നിർമ്മലമായ ബാഷ്പധാരയാൽ ഉദകക്രിയ നടത്തുകയും ചെയ്തു. ഇതിനുശേഷം തനിക്കു നിർദ്ദേശിക്കപ്പെട്ടിരുന്ന കലക്റ്റർ എന്ന ഉന്നത ഉദ്യോഗത്തിൽ പ്ര

വേശിക്കുന്നതിന്നു പ്രാരംഭമായി ചില പരിശീലനങ്ങൾക്കായി ഉത്തരേന്ത്യയിൽ അധിവാസം ചെയ്യുകയായിരുന്നു.

ബാരിസ്റ്ററുടെ വിധവ സാറാമ്മ പരമാത്ഥചിത്തയെങ്കിലും സ്വാഭിപ്രായങ്ങളെ ശക്തിയായി പുലത്തിപ്പോന്നിരുന്ന ഒരു നിർബന്ധശീലയായിരുന്നു ഭത്താവു ജീവിച്ചിരുന്ന കാലത്തുപോലും കുടുംബഭരണം നടത്തിയിരുന്നതു് മിക്കവാറും ഈ മഹതി തന്നെ ആയിരുന്നു. ആയതിനാവശ്യമായിരുന്ന ശേഷിയും പരിശീലനവും അവക്കു പണ്ടേതന്നെ സിദ്ധിച്ചിട്ടുണ്ടായിരുന്നു. ബാരിസ്റ്ററുടെമേൽ തനിക്കുണ്ടായിരുന്ന സ്വാധീനശക്തി പുത്രനോടായപ്പോൾ അധികാരശക്തിയായി പരിണമിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. സുറിയാനിക്കാരുടെ ജാതീയഗുണമായ ആ ആത്മാഭിമാനം ഈ നിർബന്ധചിത്തയിൽ അല്പം അതിരുകടന്നുപോയെന്നുള്ള അപരാധത്തിനു ചിലപ്പോഴെല്ലാം കാരണമാകാറുണ്ടെങ്കിലും സാറാമ്മയുടെ സ്വഭാവം ഒരുത്തമസ്ത്രീയ്ക്കു അനുയോജ്യമായ ഗുണഗണങ്ങളോടുകൂടിയതായിരുന്നു. വാർദ്ധക്യലക്ഷണങ്ങൾ ബാധിച്ചുതുടങ്ങിയെങ്കിലും ഒരു ഉൽകൃഷ്ടസുറിയാനികുടുംബത്തിലെ നായികയാണെന്നു നിഷ്പ്രയാസം നിരീക്ഷിക്കാമായിരുന്ന ആഭിജാത്യചിഹ്നങ്ങളും സൗകുമാര്യാവശിഷ്ടങ്ങളും തന്റെ ശരീരത്തിലും ചേഷ്ടങ്ങളിലും ശേഷിച്ചിട്ടുണ്ടായിരുന്നു. ഭത്താവിനെ താൻ അത്യന്തം സ്നേഹിച്ചിരുന്നു. പുത്രനോടായപ്പോൾ ആ സ്നേഹം വാസ്തവത്തിൽ ഒരു വാത്സല്യപൂജയായി പരിണമിച്ചിരിക്കയാണു്. മിസ്റ്റർ മാത്യു വിദ്യാഭ്യാസം പൂത്തിയാക്കി അത്യുന്നതമായ ഉദ്യോഗ ജീവിതത്തിൽ പ്രവേശിച്ചിരുന്നെങ്കിലും വിവാഹം കഴിച്ചിട്ടില്ലായിരുന്നു. നല്ല വിവാഹകാര്യങ്ങൾ പലതും ആലോചനാവിഷയമായി ഭവിച്ചിരുന്നെങ്കിലും അവയൊന്നുംതന്നെ സാറാമ്മയ്ക്കു തൃപ്തികരമായിരുന്നില്ല. വിവാഹാലോചനകളെയെല്ലാം അമ്മയുടെ സ്വാതന്ത്ര്യത്തിന് വിട്ടുകൊടുത്തുംവച്ചു മിസ്റ്റർ മാത്യു തന്റെ ഉദ്യോഗകൃത്യങ്ങളിൽ ദത്തശ്രദ്ധനായി വത്തിച്ചുപോന്നു. പുത്രന്റെഭാര്യാ പദത്തിനും തന്റെ അനന്തര സ്ഥാനത്തിനും അർഹയായ ഒരു യുവതി ജനിച്ചിട്ടു പോലുമില്ലെന്നായിരുന്നു ഈ അഭി

മാനചിത്തയുടെ അഭിമതം. ഇങ്ങിനെ കുറേനാരംകഴിഞ്ഞു പോനൊങ്കിലും സാറാമ്മയുടെ ഈ അഭിപ്രായങ്ങരംക്കു ഈയിടെ കുറേശ്ശ മാററമുണ്ടായിത്തുടങ്ങിയിട്ടുണ്ട്. ദേവവനിതകളെ കിട്ടിയില്ലെങ്കിലും മർത്ത്യകുലത്തിലുള്ള ഒരു മഹിളാരത്നത്തെയെങ്കിലും പുത്രൻെറ പത്നീപദത്തിലേയ്ക്കു് തെരഞ്ഞെടുക്കാത്തതു ശരിയായില്ലെന്നു സാറാമ്മയ്ക്കു മനസ്സിലായിത്തുടങ്ങി. ഇതിനുള്ള കാരണം അവിചാരിതമായി താൻ ഈയിടെ പക്ഷവാതരോഗബാധിതയായി ശയ്യയെ ശരണംപ്രാപിക്കേണ്ടിവന്നുവെന്നുള്ളതാണ്. തൻെറ രോഗവും തജ്ജന്യമായ കായക്ലേശവും മൂലം ഉളവായ മനോവ്യഥകളേക്കാരം സാറാമ്മയെ പീഡിപ്പിച്ചതു് താൻ ഏതൽക്കാലപര്യന്തം കാര്യക്ഷമതയോടുകൂടി സാധിച്ച കുടുംബഭരണം ഏറെക്കുറെയെങ്കിലും അതിനനുസൃതമായി നടത്തുവാൻ പ്രാപ്തിയുള്ള ഒരു അനന്തരഗാമിനിയുടെ ആഗമനത്തിനുമുമ്പു് തനിക്കും തൻെറ ഭവനത്തിനും ഈ അത്യാഹിതം അനുഭവമായല്ലോ എന്നുള്ള സന്താപചിന്തയായിരുന്നു. ദീനവൃത്താന്തവും, സംഗതികളുടെ സ്ഥിതിഗതികളും സാറാമ്മ പുത്രനെ അറിയിച്ചു. ഡൽഹിയിൽനിന്നും ഉടനെ അവധിയെടുത്തു പോരുന്നതിനു നിവൃത്തിയില്ലായിരുന്നെങ്കിലും മാതാവിനെ ചികിത്സിക്കുന്നതിനുവേണ്ട ഡാക്ടർമാരെ മി. മാത്യു കത്തുകരംമൂലവും കമ്പികരം മൂലവും ഏർപ്പെടുത്തി. സാറാമ്മയുടെ ദീനസ്ഥിതിക്കും ശരീരപ്രകൃതിക്കും ചികിത്സകരം മാത്രം പോരെന്നും ശരിയായ പരിചരണംകൂടി ആവശ്യമായിരിക്കുന്നൊന്നും ആയതിനു ഒരു നല്ല പരിചാരികയെ രോഗിണിയുടെകൂടെ കുറേനാരം താമസിപ്പിക്കണമെന്നും ഡാക്ടർ അഭിപ്രായപ്പെട്ടു. ഇതനുസരിച്ചു് മി. മാത്യു. നഴ്സിംഗ്ഹോമിൻെറ അദ്ധ്യക്ഷയായ സിസ്റ്റർ ആഞ്ചലിക്കായിക്കു് ഒരു കത്തയച്ചു. ആ കത്താണു് ആ സന്യാസിനിയുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതായും മററും ഒന്നാമദ്ധ്യായത്തിൽ വിവരിച്ചതു്. ബാരിസ്റ്ററേയും സാറാമ്മയേയും മി. മാത്യുവിനേയും സിസ്റ്റർ ആഞ്ചലിക്കായ്ക്കു് പരിചയമുണ്ടായിരുന്നു. എന്നുമാത്രമല്ല ബാരിസ്റ്ററിൽനിന്നും പത്നിയിൽനിന്നും അദ്ധ്യയനസ്ഥാപനത്തിനു ഗ

KATTAPPANA 112

ണനീയമായ ധനസഹായം ലഭിച്ചിട്ടുണ്ടെന്നുള്ള സംഗതി സിസ്റ്റർ ആഞ്ചലിക്കായിക്കു വിസ്മരിക്കുവാൻ നിവൃത്തിയുമില്ലായിരുന്നു. കേവലം ഒരു പരിചാരികയായിരുന്നാൽപോരെന്നും കുടുംബഗുണവും സ്വഭാവഗുണവുംകൂടി ഉള്ളവളായിരിക്കണമെന്നും തന്റെ മാതാവിനു സുഖത്തേയും സൗഭാഗ്യത്തേയും പുലർത്താൻ തക്ക എന്തെല്ലാം യോഗ്യതകളോടുകൂടിയ ഒരു പരിചാരികയെ കിട്ടുവാൻ സാധിക്കുമോ അങ്ങനെയുള്ള ഒരുവളെ ഏർപ്പെടുത്തിയാൽ തനിക്ക് അത്യന്തം സന്തോഷകരമായിരിക്കുമെന്നും എന്തു പ്രതിഫലം വേണമെങ്കിലുംകൊടുപ്പാൻ താൻ തയാറാണെന്നും തനിയ്ക്കു ഒരു ആറുമാസക്കാലത്തേയ്ക്കു് സ്ഥലംവിട്ടു മധുരയ്ക്കുവരുവാൻ നിവൃത്തിയില്ലെന്നും മററും മി. മാത്യുവിന്റെ കത്തിൽ പ്രസ്താവിച്ചിരുന്നു.

ബാരിസ്റ്റരുടെ കുടുംബത്തിന്റെ മഹനീയമായ നിലയും കുടുംബാംഗങ്ങളുടെ വിലയും സിസ്റ്റർ ആഞ്ചലിക്കായ്ക്കു് അറിയാമായിരുന്നു. ഈ സ്ഥിതിക്കും മിസ്റ്റർ മാത്യുവിന്റെ വിവരണങ്ങൾക്കും അനുയോജ്യമായ ഗുണങ്ങളോടുകൂടിയ ഒരു പരിചാരികയെ കണ്ടുപിടിക്കുക ക്ഷിപ്രസാദ്ധ്യമല്ലല്ലോ. വ്രതമെടുത്ത സന്യാസിനികൾക്ക് ആശ്രമങ്ങളിലല്ലാതെ യാതൊരു കാരണവശാലും അന്യഗൃഹങ്ങളിൽ പോയി താമസിക്കുവാൻ നിവൃത്തിയില്ല. സാഹചര്യങ്ങൾ ഇങ്ങനെയായിരുന്നെങ്കിലും സിസ്റ്റർ ആഞ്ചലിക്കായുടെ പ്രായോഗികബുദ്ധിശക്തികൾക്ക് എത്ര ദുർഘടങ്ങളായ പ്രശ്നങ്ങൾക്കും ക്ഷണത്തിൽ ശരിയായ സമാധാനം കണ്ടുപിടിപ്പാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. സാറാമ്മയുടേയും കുടുംബത്തിന്റെയും സാഹചര്യങ്ങൾക്കും മി. മാത്യുവിന്റെ വിവരണങ്ങൾക്കും യോജിച്ച ഒരുവനിതമിസ് ജോസഫ് മാത്രമാണെന്നും അവളെപ്പറഞ്ഞു സമ്മതിപ്പിച്ചു അവിടെ ഏപ്പെടുത്താമെന്നും സിസ്റ്റർ ആഞ്ചലിക്കാ തീരുമാനിക്കയും അപ്രകാരംതന്നെ മിസ്റ്റർ മാത്യുവിന്റെ പേക്കു പരിചാരികയെഅയയ്ക്കാമെന്നു് മുൻ പ്രസ്താവിച്ച മറുപടി അയയ്ക്കുകയും ചെയ്തു.

ലൂസിയോടു പറഞ്ഞയച്ചപ്രകാരം അന്നുതന്നെ മിസ്സ് ജോസഫ് അദ്ധ്യക്ഷയെ കണ്ടു. എന്നാൽ ഒരന്യ ഗൃഹത്തിൽ

പോയിത്താമസിക്കുന്നതിന് അവൾ വിപരീതാഭിപ്രായം പുറപ്പെട്ടുവിച്ചു. ഇതു സംബന്ധിച്ചു സിസ്റ്റർ ആഞ്ചലിക്കായും ആ യുവതിയും തമ്മിൽ നടന്ന സംഭാഷണത്തിൻെറ അവസാനഭാഗം ഇപ്രകാരമായിരുന്നു.

സിസ്റ്റർ ആഞ്ചലിക്കാ— മിസ്സ്. ജോസഫ്! നീയും ഒരു സുറിയാനിക്കാരിയല്ലെ. ബാരിസ്റ്ററും അദ്ദേഹത്തിൻെറ പത്നിയും സിറിയൻക്രിസ്ത്യാനികളാണ്. എന്നു മാത്രമല്ല അവരും തിരുവിതാംകൂർ സ്വദേശികളും ഉൽകൃഷ്ട കുടുംബങ്ങളിൽ ജനിച്ചുവളൎന്നിട്ടുള്ളവരുമാണ്.

മിസ്സ് ജോസഫ്— അവർ പ്രോട്ടസ്റ്റൻറുകാരും ഞാൻ ഒരു കത്തോലിക്ക യുവതിയുമല്ലെ. വിശിഷ്യാ ഒരു കന്യകയായ ഞാൻ യാതൊരു ബന്ധവുമില്ലാത്ത ഒരു അന്യ കുടുംബത്തിൽ പോയി താമസിക്കുന്നതു് ഞങ്ങളുടെ സാമുദായികാചാരപ്രകാരം ശരിയായിരിക്കയില്ല. ദാരിദ്ര്യഭാരം അനുഭവിക്കേണ്ടിവന്നാലും കുലവനിതകൾ അവരുടെ ഗൃഹത്തിനുള്ളിൽ പട്ടിണികിടന്നു കഷ്ടതകൾ അനുഭവിക്കുന്നതല്ലാതെ അന്യ ഭവനങ്ങളിൽ ചെന്നു് സഹായം അപേക്ഷിക്കുക, ഞങ്ങളുടെ ഇടയിൽ പതിവില്ല. പിന്നെ ഇതര ഗൃഹങ്ങളെ അധിവാസസ്ഥാനങ്ങളാക്കുക എന്നുള്ളതു് ചിന്തിക്കക്കൂടിവേണ്ട. കേവലം ഭൃത്യവൎഗ്ഗത്തിൽപെട്ടവർ മാത്രമേ അങ്ങിനെ ചെയ്യുകയുള്ളു.

സിസ്റ്റർ— എനിക്കു സുറിയാനിക്കാരെ വലിയ പരിചയമില്ല എങ്കിലും വിദ്യാസമ്പന്നയും ഉൽകൃഷ്ടാശയയുമായ നീപോലും ഇങ്ങിനെ അഭിപ്രായപ്പെടുന്ന സ്ഥിതിക്ക്, നിങ്ങളുടെ ഏതാദൃശങ്ങളായ ജാത്യാചാരങ്ങളെ മാററേണ്ട കാലം അത്യാസന്നമായിരിക്കുന്നു. സാഹചര്യങ്ങൾ അനുസരിച്ചും കാലാനുകൂലങ്ങളായുമുള്ള ഭേദഗതികളെ അവലംബിക്കാഞ്ഞാൽ സമുദായങ്ങൾക്കും ലോകത്തിനു തന്നെയും ഉല്ക്കൎഷമെങ്ങിനെ ഉണ്ടാകും.

മിസ്സ്—പൂൎവ്വാചാരനിഷ്ഠ സുറിയാനിക്കാരുടെ ജാതീയ ഗുണമാണ്. ഞങ്ങളുടെ വംശശുദ്ധിയേയും പാവനമായ പാ

രമ്പേയ്യത്തേയും പ്രകീൎത്തിക്കുന്നതും ഭാരതത്തിൽ ഞങ്ങൾക്കു മഹനീയമായ ഒരു സ്ഥാനത്തെ പ്രദാനം ചെയ്യിരിക്കുന്നതും അതുതന്നെയാണു്.

സിസ്റ്റർ—നിങ്ങൾക്കു പ്രത്യേകതരങ്ങളായ ചില ആചാരങ്ങളുണ്ടെന്നു് എനിക്കറിയാം. നിങ്ങളുടെ വസ്ത്രധാരണരീതിതന്നെ വിശേഷതരമാണു്. നിങ്ങളുടെ പുറകിൽഅവശേഷിക്കുന്ന നറിച്ചിൽ വിദേശീയരായ ഞങ്ങൾക്കു് കൗതുകത്തോടെയല്ലാതെ വീക്ഷിക്കാൻ നിവൃത്തിയില്ല. മാനവർ വാനര വൎഗ്ഗത്തിൽ നിന്നും പരിണമിച്ചവരാണെന്നുള്ള ഡാർവിൻ സിദ്ധാന്തത്തെ പുരസ്കരിച്ചായിരിക്കാം ഈ പരിഷ്കൃത കാലത്തുപോലും നിങ്ങൾ ഈ വാൽ കാൎയ്യമായി കരുതുന്നതു്.

മിസ്സ് ജോസഫ് പുഞ്ചിരിയോടുകൂടി ഇങ്ങനെ മറുപടി പറഞ്ഞു:-അമ്മേ! ഇതു് വാനവവനിതകളായി ഭാവിയിൽ ഭവിക്കേണ്ട നസ്രാണിവനിതകളുടെ പാവനതരമായ ചാരിത്ര്യത്തിന്റെ സാക്ഷിപത്രമാണു്. ആകയാൽ യാതൊരു പരിഷ്കാരത്തിനും അതിനെ ഇല്ലാതാക്കാൻ സാധിക്കയില്ല.

സിസ്റ്റർ—അതെങ്ങിനെയുമാകട്ടെ. ചില പ്രത്യേക സാഹചൎയ്യങ്ങളിൽ നിന്നെപ്പോലെ ഗുണവതിയും വിദുഷിയും ആയ ഒരു യുവതി, തനിക്കും അന്യൎക്കും നന്മയെ നൽകുന്നതിനു സംഗതിയാക്കുന്ന സന്ദൎഭങ്ങളിൽ അനുയോജ്യമായ ഒരു അന്യ ഗേഹത്തിൽപോയി താമസിക്കുന്നതുകൊണ്ടു് നിങ്ങളുടെ സമുദായാചാരത്തിനും യാഥാസ്ഥികത്വത്തിനും ആയതു് എങ്ങിനെ വിഘാതപ്രദമാകുമെന്നു് മനസ്സിലാകുന്നില്ല.

മിസ്സ് ജോസഫ്— അതൊക്കെ ശരിയായിരിക്കാം. എന്നുമാത്രമല്ല ഞാൻ നിർദ്ധനയുമാണു്, നിരാലംബയുമാണു്. പ്രതിഫലം ഞാൻ അൎഹിക്കുന്നതിൽ അധികവുമാണു്. എങ്കിലും അന്യ ഗൃഹത്തിൽ പോയി താമസിക്കുന്നതു് എന്റെ ഏതല്ക്കാലാവസ്ഥയ്ക്കു യോജിച്ചതല്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

സിസ്റ്റർ—നിനക്കു ശുഭകരമല്ലാത്ത ഒരു സംഗതി ഞാൻ പറകയില്ല. നിൻെറ വിദ്യാഭ്യാസം പൂർത്തിയാക്കണമെന്ന് ആഗ്രഹമുണ്ടല്ലൊ; ആയതിനും ഇതൊരു മാർഗ്ഗമുണ്ടാകും. അവർ പ്രോട്ടസ്റ്റാൻറുമതാവലംബികളാണെങ്കിലും നിൻെറ മതാനുഷ്ഠാനത്തിന് അവിടെ യാതൊരു ഭംഗവും നേരിടുകയില്ല. ആ വൃദ്ധയായ സാറാമ്മ മാത്രമേ അവിടെ കുടുംബാംഗമായിട്ടുള്ളു. ഭൃത്യവർഗ്ഗങ്ങളോ കാര്യസ്ഥന്മാരൊ അല്ലാതെ വേറെ പുരുഷന്മാർ ആരുമില്ല. ഗൃഹനായകനായ മിസ്റ്റർ മാത്യൂ വിദൂരസ്ഥലമായ ഡൽഹിയിൽ സ്ഥിരവാസമാണ്. ആറു മാസം കഴിഞ്ഞേ മടങ്ങി വരികയുള്ളു. അതിനു മുൻപ് നിനക്കുതിരിച്ചു പോരികയും ചെയ്യാം.

മിസ്സ് ജോസഫ്— എനിക്കു ദിനംപ്രതി പള്ളിയിൽ പോകുന്നതിന് അവിടെ സൗകര്യമുണ്ടാകുമോ?

സിസ്റ്റർ—നമ്മുടെ കത്തീഡ്രലിനു സമീപമാണ് ഇവരുടെ ഭവനം. പ്രഭാതത്തിൽതന്നെ ദേവാലയത്തിൽ പോകുന്നതിനും കർബാനയിൽ സംബന്ധിക്കുന്നതിനും അവിടെ സൗകര്യമുണ്ട്. ആയതിനുള്ള സകല ഏർപ്പാടുകളും ഞാൻ ചെയ്തുതരാം: നീ ശങ്കിക്കേണ്ട. ഇവിടെയുള്ള ഒരുൽകൃഷ്ടക്രിസ്തീയകുടുംബത്തിലേക്കാണു നീ പോകുന്നതെന്ന് എനിക്കറിയാം. അവർ ഈ സ്ഥാപനത്തിന് ഗണനീയമായ ധനസഹായം ചെയ്തുതന്നിട്ടുണ്ട്. സാറാമ്മ നല്ല മര്യാദക്കാരിയാണ്. ഒരു പുത്രിയേപ്പോലെ നിന്നെ സ്നേഹിക്കുകയും ഒരു മിത്രത്തേപ്പോലെ നിന്നെ ബഹുമാനിക്കുകയും ചെയ്യും. എന്നു മാത്രമല്ല, ആതുരസംരക്ഷണത്തിനു അവസരം ലഭിച്ചാൽ ആയതു സ്വീകരിക്കുന്നതിനേക്കാൾ ഒരു കത്തോലിക്കു വനിതയ്ക്ക് ആഗ്രഹിക്കത്തക്കതായി മററു യാതൊന്നുമുള്ളതായി എനിക്ക് അനുഭവപ്പെട്ടിട്ടില്ല. നീ നിരാലംബയാണ്. എന്നാൽ ദൈവം നിന്നെ സംരക്ഷിച്ചുകൊള്ളും. ഒരു കന്യകയായ നിന്നെ കന്യാമാതാവു കാത്തുകൊള്ളും. അതാ ആ കഴുത്തിൽകിടക്കുന്ന ജപമാല— വിശേഷാത്തര

മായ ശക്തിവിശേഷത്തോടുകൂടിയ ആ സ്വർഗ്ഗീയമാലാഖ നിനക്കു സഹായമുള്ളപ്പോൾ എന്താണു ശങ്കിക്കാനുള്ളതു്? നിനക്കു നന്മയല്ലാതെ സംഗതി വരികയില്ല. ഞാൻ എല്ലായ്പോഴും നിനക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യും. ആയതുകൊണ്ടു് നീ ചഞ്ചലപ്പെടേണ്ട. സന്തോഷത്തോടെ ഈ ജോലി സ്വീകരിക്കണം."

സിസ്റ്റർ ആഞ്ചലിക്കായുടെ കരുണാമസൃണവും, കാര്യസാരസമ്പൂർണ്ണവുമായ ഈ സംഭാഷണം കേട്ടപ്പോൾ മിസ്സ് ജോസഫിൻെറ പ്രതികൂലാഭിപ്രായങ്ങൾ പാടെ മാറിപ്പോയി. അധികദിവസങ്ങൾ കഴിയുന്നതിനു മുൻപ് മിസ്സ് ജോസഫ് തൻെറ പുതിയ ജോലിയിൽ പ്രവേശിച്ചു സാറാമ്മയുടെകൂടെ താമസവും തുടങ്ങി.

# അദ്ധ്യായം ൬.

മിസ്സ് ജോസഫ് സാറാമ്മയെ പരിചരിക്കാൻ തുടങ്ങിയിട്ട് രണ്ടു മാസങ്ങൾ കഴിഞ്ഞു. മധുരയിലെ പ്രധാനഡോക്ടരുടെ ചികിത്സയേക്കാൾ തനിക്കു ഗുണകരമായി കാണുന്നതു് ഈ യുവതിയുടെ സഹവാസവും ശുശ്രൂഷകളുമാണെന്നു് സാറാമ്മ പലപ്പോഴും പറയാറുണ്ട്. മുഖസ്തുതിമാത്രമായി ആ വൃദ്ധ ഇങ്ങനെ പ്രസ്താവിച്ചതല്ല; കാൎയ്യത്തിൻെറ വാസ്തവസ്ഥിതിയും അങ്ങനെയായിരുന്നു. പക്ഷെ, പക്ഷവാതം എന്നു പറയുന്നതു് പിടികൂടിയാൽ വേഗം യാത്രയയയ്ക്കുകയോ യാത്രപറഞ്ഞുപോവുകയോ ചെയ്യുന്നകൂട്ടത്തിലല്ലല്ലോ. ആ സാധു വിധവ കിടക്കയെ അവലംബിച്ചിട്ട് ദിവസങ്ങൾ മാത്രമല്ല മാസങ്ങൾ പോലും പലതുകഴിഞ്ഞിട്ടും, സ്വമാതാവിനെ എന്നപോലെ മിസ്സ് ജോസഫ് ശുശ്രൂഷിച്ചിട്ടും, എണീററിരിക്കയും സ്വല്പം നടക്കുകയും ചെയ്യാമെന്നുള്ള സ്ഥിതി മാത്രമേ ആയിട്ടുള്ളു. ഈ കാലത്തിനിടയ്ക്കു് മിസ് ജോസഫ് സാറാമ്മയ്ക്കു് പരിചാരികയും ഡാക്ടരും വിശ്വസ്തമിത്രവും ആയിത്തീൎന്നു. എന്നുമാത്രമല്ല, ഈ യുവതിയുടെ അസാമാന്യമായ ഗുണഗണങ്ങളേയും യോഗ്യതാവിശേഷങ്ങളേയും അറിയുന്നതിനു സാറാമ്മയ്ക്കു സാധിച്ചു. സ്വഭാഷയ്ക്കു പുറമേ ഇംഗ്ലീഷ് മുതലായ വിദേശഭാഷകളിലുള്ള പാണ്ഡിത്യവും ചിത്രമെഴുത്തു്, തയ്യൽ, സംഗീതം മുതലായ കലാവിദ്യകളിലുള്ള അസാമാന്യമായ സാമൎത്ഥ്യവും ആ വൃദ്ധയെ അത്യധികം സന്തോഷിപ്പിച്ചു. പാചകവൃത്തി, ഗൃഹപരിചരണം മുതലായ ഗാൎഹികജോലികളിലും അവൾ ഏററവും സമൎത്ഥയാണെന്നുസാറാമ്മയ്ക്കു മനസ്സിലായി. നൎമ്മാലാപങ്ങൾക്കാണെങ്കിൽ അവളെ മാററിനിൎത്തേണ്ട. ഗൗരവമുള്ള വിഷയങ്ങളേപ്പററി പ്രതിപാദിപ്പാനാണെങ്കിൽ അതിനും അവളേപ്പോലെ വിദഗ്ദ്ധകളായ വിദുഷികൾ ദുൎല്ലഭമായിരുന്നു. അനുമോദിക്കുന്നതിനും അനുശോചിക്കുന്നതിനും ഒരുപോലെ ശക്തിയുണ്ടോ

SALESIAN LIBR.
S. A. C.
KAPPAD.

കത്തക്കവിധത്തിൽ ഹൃദയം അത്ര വിശാലവും വിശിഷ്ടവും ആയിരുന്നു. ഈ യുവതിയുടെ സങ്കോചാദിസാന്മാൎഗ്ഗികഗുണങ്ങളും വിനയാനുചിതമായ സ്വഭാവഗതിയും സുദൃഢമായ ഈശ്വരഭക്തിയും സാറാമ്മയുടെ ചിത്തത്തെ നേരത്തേതന്നെ അപഹരിച്ചിട്ടുണ്ടായിരുന്നു. മിസ് ജോസഫിൻെറ ഹൃദയാവൎജ്ജകമായ സംഭാഷണം എത്രനേരം കേട്ടുകൊണ്ടിരുന്നാലും സാറാമ്മയ്ക്കു് അലംഭാവമുണ്ടായിരുന്നില്ല. കോമളമായ അവളുടെ ഗളനാളത്തിൽനിന്നും നിൎഗ്ഗളിച്ച ഗാനവിശേഷം, വിശിഷ്യാ ദൈവാരാധനാവിഷയകമായ രമണീയഗീതം, നിൎജ്ജരഗണത്തിൻെറ നിസൎഗ്ഗമനോജ്ഞമായ സംഗീതനിൎഝരികയുടെ ഒരു പരമാനന്ദപ്രവാഹംതന്നെയാണെന്നു് ആ വൃദ്ധസ്ത്രീ വിചാരിച്ചുപോന്നു. യഥാൎത്ഥമായ സംഗീതത്തിനു് മററു ഗുണങ്ങൾക്കുംപുറമേ, സിരാപഞ്ജരപരങ്ങളും മാനസികങ്ങളും ആയ രോഗങ്ങൾക്കു ശാന്തിനൽകാൻ ഉതകുന്ന ഒരു ശക്തികൂടി ഉണ്ടെന്നുള്ള ശാസ്ത്രസിദ്ധാന്തത്തെ സാറാമ്മയുടെ ദീനവിഷയത്തിൽ ആ യുവതി പ്രായോഗികമായി പ്രസ്പഷ്ടമാക്കി.

മിസ്സ് ജോസഫിൻെറ സ്വാഭാവികവും അഭ്യാസസിദ്ധവും ആയ ഈ യോഗ്യതകളേക്കണ്ടപ്പോൾ സാറാമ്മയ്ക്കു് സീമാതീതമായ അത്ഭുതം ഉളവായി. എന്നാൽ ആ വൃദ്ധയെ അശേഷം അത്ഭുതപരതന്ത്രയാക്കിയതു് ആ യുവതിയുടെ കാൎയ്യഭരണശക്തിയായിരുന്നു. ഭാരമേറിയ ആ കുടുംബത്തിലെ കാൎയ്യഭരണം തനിയ്ക്കല്ലാതെ മററു യാതൊരു സ്ത്രീയ്ക്കും സാദ്ധ്യമല്ലെന്നാണു് സാറാമ്മ കരുതിയിരുന്നതു്. എന്നാൽ തൻെറ പ്രൗഢദശയിൽപോലും തനിക്കു സാധിക്കാമായിരുന്നതിനേക്കാൾ ഭംഗിയായും കണിശമായും കാൎയ്യക്ഷമമായും ഈ യുവതി ആ കുടുംബത്തിൻെറ ബാഹ്യവും ആഭ്യന്തരവുമായ കാൎയ്യഭരണംകൂടി നിൎവഹിക്കുന്നതു കണ്ടപ്പോൾ സാറാമ്മ ഈ വിഷയത്തിലും പരാജയപ്പെട്ടുപോയെന്നു സ്വയമേവ സമ്മതിക്കേണ്ടിവന്നു.

മാനസികഗുണങ്ങൾക്കനുസരണമായിത്തന്നെ, അകൃതി

മമായ ആകാരസൗകുമാര്യത്തിലും അംഗസൗഷ്ഠവത്തിലും അവൾ അദ്വിതീയയായിരുന്നു. തങ്കംപോലെയുള്ള നിറവും പങ്കസ്പർശമേലാത്ത പങ്കജംപോലെയുള്ള മുഖവും പൈന്തേൻപൊഴിയുന്ന മൊഴിയും നീലത്തഴപോലെ നീണ്ടൊഴുകുന്ന കാർകുഴലും ഇതുപോലെ യോജിച്ച ഒരു യുവതിയെ വിസ്തൃതമായ ആ പട്ടണത്തിലെ വിവിധജാതിമതസ്ഥരുടെ ഇടയിൽപോലും സാറാമ്മ കണ്ടിരുന്നില്ല. ശീലവും രൂപഗുണവും ഒരുപോലെ മേളിച്ച ഈ ശാലീനചിത്തയെ—ഈ സൽഗുണസംയുക്തയെ—തൻെറ പരിചാരികയായും തൻെറ സഹകാരിണിയായും തൻെറ ആത്മമിത്രമായും അനായാസേന ലഭിച്ചതിൽ സാറാമ്മയ്ക്കുണ്ടായ ചാരിതാൎത്ഥ്യം അവർണ്ണനീയമായിരുന്നു. ഈ യുവതിയെ കാണാതെ സ്വല്പനേരംപോലും കഴിച്ചുകൂട്ടുന്നതിന്നു വൃദ്ധയ്ക്കു നിവൃത്തിയില്ലാതായി. ഇപ്രകാരമുള്ള ഒരു പരിചാരികയെ തന്നെ ശുശ്രൂഷിപ്പാൻ അയച്ചുകൊടുക്കുന്നതിന്നു കരുണതോന്നിയ സിസ്റ്റർ ആഞ്ചലിക്കായും ആ സന്ന്യാസിനീസംഘവും ദീർഘനാൾ വിജയപൂർവം വിജയിക്കട്ടെ എന്നു ആ മനസ്വിനി മനസ്സഴിഞ്ഞു പ്രാൎത്ഥിക്കുകയും ചെയ്തു.

ഇനിയും മിസ്സ് ജോസഫിൻെറ സ്ഥിതി ഇതിന്നിടയിൽ എന്തായിരുന്നു എന്ന് നമുക്ക് ആലോചിക്കാം. ആ യുവതിക്കും അവിടത്തെ വാസം അതീവ സുഖപ്രദമായിരുന്നു. സാറാമ്മയുടെ സ്വഭാവസാരള്യവും, മര്യാദയും മഹാമനസ്കതയും കുലീനകളായ നസ്രാണിവനിതകൾക്ക് സഹജമായ ഔദാര്യശീലവും ആ യുവതിയെ അത്യധികം സംതൃപ്തചിത്തയാക്കിയിരുന്നു. അവളുടെ മതാനുഷ്ഠാനങ്ങൾക്ക് അണുമാത്രമെങ്കിലും വിഘ്നംവരുത്തുന്ന സാഹചര്യങ്ങളോ, സന്ദർഭങ്ങളോ യാതൊന്നും തന്നെ അവിടെ ഇല്ലായിരുന്നു. തൻെറ അനന്യലഭ്യമായ സൗന്ദര്യത്തെ ഒരു ആശ്രമത്തിന്നുള്ളിലെന്നപോലെ പരുഷമായ പുരുഷവീക്ഷണങ്ങളിൽ നിന്നും അവൾക്ക് അവിടെ സുരക്ഷിതമായി സൂക്ഷിപ്പാൻ സാധിച്ചു. അവളുടെ സ്വഭാവവൈശിഷ്ട്യം കൊണ്ടു് ആ കുടുംബത്തിലെ ഭൃത്യഗണങ്ങൾക്കും ഈ

യുവതിയെ വളരെ ബഹുമാനവും കാൎയ്യവും ആയിരുന്നു. അവൾ ഒരു ഉൽകൃഷ്ടപ്രഭുകുടുംബത്തിൽ ജനിച്ചു വളൎന്നിട്ടുള്ളവളാണെന്നു് കാണുന്നവൎക്കൊക്കെ നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്നു. ആകയാൽ പ്രേക്ഷകന്മാരിൽ ബഹുമാനത്തെ അവൾ അനായാസേന ഉദ്ദീപിപ്പിച്ചിരുന്നു. ഈ യുവതിയുടെ പ്രതിദിനമുള്ള ദേവാലയസന്ദർശനവും ദീർഘമായ പ്രാൎത്ഥനകളും അൎത്ഥശൂന്യങ്ങളും ജപമാല, ഉത്തരീയം മുതലായ പ്രാൎത്ഥനോപകരണങ്ങൾ അന്ധവിശ്വാസപരങ്ങളും ആണെന്നു സാറാമ്മയ്ക്കു തോന്നിയിരുന്നെങ്കിലും, ആയതുകൊണ്ടു തനിക്കു യാതൊരു ഉപദ്രവവും, തന്റെ ജോലികൾക്കു യാതൊരു വിഘാതവും ഇല്ലാതിരുന്നതിനാൽ ഏതദ്വിഷയത്തിൽ ഇവൾ എന്തെങ്കിലും പ്രവൎത്തിച്ചുകൊള്ളട്ടെ എന്നുള്ള മനോഭാവം മാത്രമേ ബാരിസ്റ്ററുടെ വിധവ ആദ്യം പ്രദർശിപ്പിച്ചിരുന്നുള്ളു.

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA
KANDOOR P.O

ഇങ്ങനെ ഈ വൃദ്ധയും യുവതിയും സന്തോഷസമാധാനങ്ങളോടെ കാലം കഴിച്ചുപോന്നു. ഈ വിധം കുറേനാൾകഴിഞ്ഞപ്പോൾ വൃദ്ധയുടെ അനിയന്ത്രിതമായ മനോരാജ്യപരമ്പരകൾ പല മാൎഗ്ഗങ്ങളിൽക്കൂടി സ്വച്ഛന്ദസഞ്ചാരം ചെയ്യുവാൻ തുടങ്ങി. ഈ മനോരാജ്യങ്ങൾക്കിടയിൽ തന്റെ പുത്രന് — തന്റെ ജീവിതസൎവ്വസ്വമായ ഓമൽകുമാരന് — ഇതുപോലെയുള്ള ഒരു തരുണീരത്നത്തെപത്നിയായി ലഭിച്ചിരുന്നെങ്കിൽ തന്റെ ചിരകാലപ്രതീക്ഷിതമായ അഭിലാഷംഫലവത്താകുമായിരുന്നുവെന്നു് സ്വപുത്ര പക്ഷപാതബുദ്ധിയായ ഈ മാതാവു ചിലപ്പോഴെല്ലാം ചിന്തിച്ചിട്ടുണ്ടു്. മിസ് ജോസഫ് സാറാമ്മയെ അമ്മയെന്നാണു വിളിച്ചിരുന്നതു്. ഈ യുവതിതന്നെ യഥാർത്ഥത്തിൽ 'അമ്മ' എന്നു വിളിപ്പാൻഅനുവദിച്ചാൽ തന്നെയും എന്താണു തരക്കേടു് എന്നുപോലും ഈ സാധുവൃദ്ധ ചിലപ്പോഴെല്ലാം വിചാരിച്ചുപോയിട്ടുമുണ്ടു്. ഹാ! അപ്പോൾ ആ അമ്മയെന്ന വിളി എത്ര അൎത്ഥവത്തായി സാറാമ്മയ്ക്കു തോന്നി. ആ വിളിയാകുന്ന കളക്വണനം തന്റെ കാതുകളിൽ കടന്നു് കരൾ കുളുൎപ്പിച്ചു തന്നെ പുളകിത

ഗാത്രിയാകുന്നതിന്ന പര്യാപ്തമായി ഭവിക്കുന്നതായും അപ്പോഠ സാറാമ്മയ്ക്കു തോന്നുമായിരുന്നു.

ഇങ്ങനെയുള്ള ചിത്തവൃത്തികഠക്കിടയിൽ സാറാമ്മ വാചാമഗോചരങ്ങളായ വാത്സല്യാദിചിന്തകളാൽ തരളിതഹൃദയയായി, ഗുണവതിയായ ആ യുവതിയെ മനസ്സുകൊണ്ട് ആശ്ലേഷിക്കുകയും മനം വഴിഞ്ഞു് അനുഗ്രഹിക്കുകയുംചെയ്യും. ഈ സന്ദർഭങ്ങളിൽ പരിശുദ്ധമായ പരമാനന്ദത്തിൽ വൃദ്ധ ലയിക്കതന്നെ ചെയ്യുമായിരുന്നു. എന്നാൽ മർത്ത്യസഹജമായ മനോവൃത്തികളുടെ അസ്ഥിരതയും സങ്കല്പകല്പിതമായ സന്തോഷങ്ങളുടെ ക്ഷണഭംഗുരതയും നോക്കണം! ഉത്തരക്ഷണത്തിൽ തൻെറ വിചാരഗതികഠ മാറി, മിസ് ജോസഫിനോടുണ്ടായിരുന്ന സ്നേഹവും ബഹുമാനവും വിപരീതാഭിപ്രായങ്ങളായിപ്പകൎന്ന് ആ അഭിമാനചിത്ത ഇപ്രകാരം ആത്മഗതം ചെയ്യുമായിരുന്നു. "എന്തു്? പേരും പെരുമയും ഇല്ലാത്ത ഒരു പരിചാരിക! വീടും കൂട്ടും ഇല്ലാത്ത ഒരു അനാഥ! അതിലും വിശേഷം അന്ധവിശ്വാസിനിയായ ഒരു റോമാക്കാരി—എൻെറ ഓമനക്കുഞ്ഞിൻെറ ഭാൎയ്യാപദത്തിന് അഹയെന്നോ ഇല്ല, അത്രത്തോളമായില്ല. ഞാൻ ഒരിക്കലും സമ്മതിക്കയില്ല." ഇങ്ങനെയുള്ള വിചാരങ്ങഠക്കിടയിൽ ആ അസൂയാകലുഷിത, മിസ് ജോസഫിനെ തൻെറ മനോരാജ്യപരമ്പരയാകുന്ന മനോജ്ഞസോപാനത്തിൻെറ ഉച്ചസ്ഥാനത്തുനിന്നും ഉന്തിത്തള്ളി താഴെ ഇട്ടുകളയും; അവിടെ കിടന്നു പിടയട്ടെ, ആൎക്കു ചേതം! ആ വീഴ്ചയിൽ അവളുടെ തല പൊട്ടിയെന്നോ, അവഠക്ക് എന്തു സംഭവിച്ചുവെന്നോ ഒന്നും വൃദ്ധ കുറേനേരത്തേക്കു ചിന്തിക്കപോലുമില്ല. എങ്കിലും മിസ് ജോസഫിൻെറ മനോഹരവും നിൎമ്മലവുമായ ആനനചന്ദ്രനെ ദർശിക്കയും അവളുടെ മന്ദസ്മിതമാകുന്ന പാവനചന്ദ്രികയിൽ ലയിക്കുകയും ചെയ്യുമ്പോഠ വിപരീതാഭിപ്രായങ്ങളാകുന്നകാളമേഘപാളികഠ വൃദ്ധയുടെ ഹൃദയാന്തർനഭസ്സിൽ നിന്നു നീങ്ങിപ്പോകയും അവയുടെ സ്ഥാനത്തു് അനുകമ്പാമസൃണങ്ങളായ വിചാരവീചികഠ ഉദിച്ചുയരുകയും ചെയ്യുമായിരുന്നു. മിസ് ജോസഫിൻെറ മതവിഷയകമായ മനോഭാവങ്ങളും ആ

ചാരാനുഷ്ഠാനങ്ങളും ആദ്യകാലങ്ങളിൽ സാറാമ്മയ്ക്കു് അവജ്ഞയല്ലാതെ നീരസത്തിനു കാരണമായിരുന്നില്ല. എന്നാൽ ആ യുവതിയോട്ട് വിപരീതാഭിപ്രായങ്ങൾ ഉളവായതോടുകൂടി ഇവ പ്രബലപ്പെടുന്നതിന് ആ ആചാരാനുഷ്ഠാനങ്ങളും ഹേതുഭൂതങ്ങളായി. ഇതിനു ചില കാരണങ്ങളും ഉണ്ടായിരുന്നു. പ്രകൃത്യാ ശാന്തശീലയായിരുന്ന ആ യുവതി തൻെറ മതാനുഷ്ഠാനങ്ങളോടുള്ള നിസ്സാരമായ പ്രതിരോധങ്ങളേപ്പോലും ശക്തിയുക്തം എതിർത്തിരുന്നു. സാറാമ്മയ്ക്കു മിസ് ജോസഫിൻെറ ഈ നിർബ്ബന്ധസ്വഭാവം നീരസത്തിനും ഏതദ്വിഷയത്തിൽ ഇവൾ ഒരസഹിഷ്ണുവാണെന്നുള്ള അനുമാനത്തിനും കാലാന്തരത്തിൽ കാരണമാക്കിയിരുന്നു.

മിസ് ജോസഫ് ആരാണ്? ഇതറിവാൻ സാറാമ്മ-പലപ്പോഴും മര്യാദയുടെ പരിധിയെ ലംഘിക്കാതെ പരിശ്രമിച്ചിട്ടുണ്ടു്. തിരുവിതാംകൂർ സ്വദേശിനിയായ ഒരു റോമാസുറിയാനിക്കാരിയാണെന്നും മാതാപിതാക്കളോ സഹോദരങ്ങളോ ഇല്ലാത്ത ഒരു നിർദ്ധനയും നിരാലംബയും ആണെന്നും മാത്രമാണ് ഈ അന്വേഷണഫലമായി സിദ്ധിച്ച അറിവ്. ഇതു അത്ര ആശാസ്യമായ ഒരു അറിവും അല്ലല്ലോ. മനുഷ്യസ്വഭാവത്തിൻെറ ഉൽകൃഷ്ടനിലകളിൽ പോലും അതിനെ ബാധിക്കുന്ന വൈകല്യങ്ങൾ നോക്കണം. മിസ് ജോസഫ് ആരെങ്കിലുമാകട്ടെ, അതറിയാത്തതുകൊണ്ടു് വൃദ്ധയ്ക്കു് എന്താണുചേതം. ഈ യുവതി തൻെറ പരിചരണങ്ങൾക്കും പരിസരങ്ങൾക്കും പററിയവളാണോ എന്നു നോക്കേണ്ടകാര്യമേ വൃദ്ധയ്ക്കുള്ളു. ആ പരിചരണം തന്നെയും കുറച്ചുകാലത്തേയ്ക്കുമാത്രമേ ഉണ്ടായിരിക്കയുമുള്ളു. എങ്കിലും ഈ വക സംഗതികൾ യാതൊന്നുകൊണ്ടും തൃപ്തിപ്പെടാതെ ആ സാധു യുവതിയെ പരിചാരിക എന്ന വിനീത സ്ഥാനത്തുനിന്നും സൗഭാഗ്യവതിയായ ആ വൃദ്ധ, സ്വകീയമനോരാജ്യത്തിൽ ക്രമേണ ഉൽപതിപ്പിച്ചു തൻെറ മരുമകൾക്കും കളക്ടരുടെ കളത്രത്തിനുമായി നിർദ്ദേശിക്കപ്പെട്ടിരുന്ന മഹനീയ മന്ദിരത്തിൽ അവരോധിപ്പിച്ചും വച്ചു് ഉത്തരക്ഷണത്തിൽ അവിടെ നിന്നും നിഷ്കരുണം അത്യഗാധത്തിലേക്കു തള്ളിയിട്ടുകളയുന്നു. എന്നാൽ ഏ

കപക്ഷമായ തന്റെ ഈ അഭിപ്രായങ്ങളുടെ ആരോഹണാവരോഹണങ്ങളിൽ മിസ് ജോസഫിന്റെ വാസ്തവചരിതം എന്താണെന്ന തനിക്ക അറിഞ്ഞുകൂടെന്നുള്ള സംഗതിയും, തന്റെ ഈ ഇംഗിതങ്ങൾക്ക് അവൾ വിധേയയാകുമോ എന്നുള്ള സംഗതിയും വൃദ്ധയ്ക്കു ചിന്തിക്കാൻ കഴിയാതെപോയത്, എത്ര ഉൽകൃഷ്ടചിത്തരായിരുന്നാലും സ്വാഭിപ്രായത്തിന്റെ അനിയന്ത്രിതമായ പ്രഭാവത്തിൽ മനുഷ്യർ വിവേകശൂന്യരായും സൂക്ഷ്മജ്ഞാനമില്ലാത്തവരായും ഭവിക്കുന്നുവെന്നുള്ളതിന് ഒരു ഉത്തമോദാഹരണം എന്നുമാത്രമേ പ്രസ്താവിപ്പാനുള്ളു. ഇങ്ങനെ മിസ് ജോസഫിന്റെ പരിചരണകാലത്തിന്റെ ഉത്തരാർദ്ധം വൃദ്ധയ്ക്ക് അവളോടുണ്ടായിരുന്ന വാത്സല്യത്തിനും ബഹുമാനത്തിനും അപ്പഴപ്പോൾ വിഘ്നം നേരിട്ടുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു. ഇതിനിടയിൽ മറെറാരു ദുശ്ശങ്കകൂടി സാറാമ്മയുടെ മനസ്സിൽ കടന്നുവശായി. ആയത് ഇപ്രകാരമായിരുന്നു. ഒരു വൃദ്ധസ്ത്രീയായ തന്റെ പരിപകപമായ മനസ്സിനെ കവർന്നുകളഞ്ഞ ഈ റോമാക്കാരിയുടെ സൗന്ദര്യാദിഗുണങ്ങൾ ഒരു യുവാവും അവിവാഹിതനും ആയ തന്റെ പുത്രനെ ആകർഷിക്കാതിരിക്കയില്ല. തന്റെ പുത്രൻ പഠിപ്പുള്ളവനാണ്, മനശ്ശക്തിയുള്ളവനാണ്; അഭിമാനിയുമാണ്. എങ്കിലും സോളമനേക്കാൾ ജ്ഞാനിയോ, ശംശോനെക്കാൾ ശക്തനോ, അബ്രഹാമിനേക്കാൾ അഭിമാനിയോ അല്ല. തന്റെ ദീനം സുഖമായില്ലെങ്കിലും വേണ്ടില്ല, ഈ അനത്ഥം ഒഴിച്ചുവിടണമെന്ന് വൃദ്ധ തീരുമാനിച്ചു. മിസ് ജോസഫിനെ ആറുമാസത്തേയ്ക്ക് ആണ് സിസ്റ്റർ ആഞ്ചലിക്കാ പരിചരണത്തിനായി നിയോഗിച്ചതെന്ന് സാറാമ്മയ്ക്കു അറിയാമായിരുന്നു. അതിൽ അഞ്ചുമാസവും കഴിഞ്ഞു. പുത്രനു ലീവുകിട്ടി മടങ്ങിവരുന്നതിന് ഇനി ഒരു മാസംകൂടി വേണ്ടിയിരിക്കുന്നു. അതിനു മുൻപ് ഇവളെ പിരിച്ചുവിടണമെന്നും ഏതായാലും അതുവരെ ഉപദ്രവമില്ലാതെ കഴിച്ചുകൂട്ടാമെന്നും വൃദ്ധ സമാധാനപ്പെട്ടു. തന്റെ പുത്രന്റെ കളത്രത്തിന് ലഭിക്കേണ്ടതായ ഈ സൗന്ദര്യസമൃദ്ധിയും സൽഗുണ സമ്പത്തിയും ഒരു പരിചാരികയിൽ—ഒരനാഥയിൽ—അതിലും കഷ്ടം! മഹാ

കഷ്ടം!! ഒരു റോമാക്കാരിയിൽ-കണ്ണുമടച്ചു കോരിവാരിച്ചൊരിഞ്ഞ വിധിയുടെ വൈപരീത്യത്തെ ആക്രോശിച്ചും വൃദ്ധ ദിനങ്ങൾ കഴിച്ചുകൂട്ടി.

---

# നാലാം അദ്ധ്യായം.

ഒരു ദിവസം കുളിയും നമസ്കാരങ്ങളും കഴിഞ്ഞു് മിസ് ജോസഫ് സാറാമ്മയുടെ മുറിയിൽ പ്രവേശിച്ചു. മേശപ്പുറത്തു മങ്ങിക്കത്തിയിരുന്ന വിളക്കു തെളിച്ചശേഷം അവൾ സാറാമ്മയുടെ സമീപത്തേയ്ക്കു ചെന്നു. "അത്താഴം കൊണ്ടുവരുവാൻ പറയട്ടയോ" എന്നവൾ ചോദിച്ചു. താൻ സാധാരണ കഴുത്തിൽ കഞ്ചുകത്തിനുള്ളിൽ ധരിക്കാറുണ്ടായിരുന്ന ജപമാലയെ ഇന്നു സന്ധ്യാനമസ്കാരം കഴിഞ്ഞിട്ടും അവൾ ഇടത്തുകൈയിൽ തൂക്കിപ്പിടിച്ചിരിക്കയായിരുന്നു. മിസ് ജോസഫിന്റെ നയനങ്ങൾക്കു പാവനതമവും വൃദ്ധയുടെ കണ്ണുകൾക്കു കണ്ടകസമവും ആയ ആ കൊന്ത റോമാക്കാരെ, വിശിഷ്യ സ്വസഹോദരങ്ങൾ തന്നെയായ ആ പഴയക്രൂറസുറിയാനിക്കാരെ അന്ധകാരഗർത്തത്തിലേയ്ക്കു് നിരന്തരമായി ഉന്തിയിടുന്ന അന്ധവിശ്വാസത്തിന്റെ ബാഹ്യചിഹ്നമായി സാറാമ്മ കരുതിയിരുന്നു. ആകയാൽ ആ കൊന്തയെ പരസ്യമായി പ്രദർശിപ്പിച്ചുകൊണ്ടു് തന്റെ മുൻപിൽ ആഗതയായ ആ പരിചാരികയെ കണ്ടപ്പോൾ അന്യോന്യവിരുദ്ധങ്ങളായ പലേമാതിരി ചേതോവൃത്തികൾക്കു് വൃദ്ധ വിധേയയായി. സാറാമ്മയ്ക്കു് എന്തെല്ലാം വിപരീതാഭിപ്രായങ്ങൾ ഉണ്ടായാലും മിസ് ജോസഫിനെ കാണുമ്പോൾ അതൊക്കെ മാറിപ്പോകുമെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഇന്നു് അസാമാന്യമായ ഒരനുകമ്പകൂടി ആ യുവതിയോടുളവാകുകയും അവളോടു ഇപ്രകാരം സംഭാഷണം തുടങ്ങുകയും ചെയ്തു.

സാറാമ്മ—"എന്റെ മകൾ ഇവിടെ ഇരിക്കൂ." എന്നു തന്റെ കിടക്കയെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. മിസ്

ജോസഫ് ആജ്ഞയനുസരിച്ച് സാറാമ്മയ്ക്കു അഭിമുഖമായി ആ കട്ടിലിന്മേൽ ചാരിയിരുന്നു. സാറാമ്മ തുടൎന്നു പറഞ്ഞു.

"അത്താഴം അല്പംകൂടി കഴിഞ്ഞിട്ടു മതി. എനിക്കു കുഞ്ഞിനോടു ചിലതെല്ലാം ചോദിക്കാനുണ്ട്. കുറേനാളായിട്ടു ചോദിക്കണം എന്നു് എനിക്കു തോന്നിത്തുടങ്ങിയിട്ട്. എന്നാൽ ഇന്നാണ് അതിനു ശരിയായ സന്ദൎഭം സിദ്ധിച്ചതു്." മിസ് ജോസഫിൻെറകയ്യിൽ തൂക്കിയിട്ടിരുന്ന ജപമാലയേയും, ആ യുവതിയുടെ മുഖത്തേയും മാറിമാറി അൎത്ഥഗൎഭമായി നോക്കിക്കൊണ്ടാണ് സാറാമ്മ ഇങ്ങനെപറഞ്ഞതു്. ആകയാൽ സാറാമ്മ പറയാൻപോകുന്ന വിഷയമെന്താണെന്നു മിസ് ജോസഫ് മനസ്സിലാക്കിയിരുന്നു. എങ്കിലും അതുമനസ്സിലായിട്ടില്ലാത്ത ഭാവത്തിൽ ആ യുവതി ഇപ്രകാരം പ്രസ്താവിച്ചു.

"അമ്മയ്ക്കെന്താണു ചോദിക്കാനുള്ളതു്? ആയതു് എപ്പോഴെങ്കിലും എന്നോടു ചോദിക്കുന്നതിനു് അമ്മയ്ക്കു പൂൎണ്ണസ്വാതന്ത്ര്യമുണ്ടല്ലോ. എന്നു മാത്രമല്ല അമ്മയുടെ ചോദ്യങ്ങൾ കേൾക്കുന്നതു് എനിക്കു് എല്ലായ്പോഴും സന്തോഷകരവുമാണല്ലോ."

സാറാമ്മ—"ഞാൻ ചോദിക്കുന്നതുകൊണ്ടു പരിഭവിക്കരുതു്. കുഞ്ഞു നല്ല പഠിപ്പും പരിജ്ഞാനവുമുള്ളവളാണല്ലോ. പിന്നെ, എന്തിനാണീ അന്ധവിശ്വാസവുംകൊണ്ടു നടക്കുന്നതു്. അതാ! ആ കയ്യിൽ ഇരിക്കുന്നതെന്താണ്?"

മിസ് ജോസഫ്—അമ്മേ! ആ ചോദ്യംകൊണ്ട് എനിക്കു യാതൊരു പരിഭവവുമില്ല. എൻെറ കയ്യിൽ ഇരിക്കുന്നതു കൊന്തയാണ്. അതു് അന്ധവിശ്വാസത്തിൻെറ അടയാളമല്ല. പുരാതനവും പാവനവും ആയ സത്യവിശ്വാസത്തിൻെറ സജീവമായ സാക്ഷ്യമാണ്. എനിക്ക് ഓൎമ്മയായപ്പോൾ മുതൽ അതു് എൻെറ കൈവശമുണ്ടു്. ദൈവമാതാവുതന്നെയാണ് ഇതിനെ സാധുക്കളായ മോക്ഷകാംക്ഷി

…AR SMARAKA GRANDHA SALA
REG: No: 3273
VENGANOOR P.O.
KIDARAKUZHY

കൾക്കായി നിർദ്ദേശിച്ചിട്ടുള്ളതു് എന്നാണു് എന്റെ അറിവു്. ജപമാലയിലെ ഉച്ചലത്തുക്കളായ മണികൾ ക്രൈസ്തവ കുടുംബങ്ങളിലെ തമസ്സകററുന്ന മണിപ്രദീപങ്ങളാണു്. ഭക്തന്മാക്കും അവരുടെ കുടുംബാംഗങ്ങൾക്കും സകല സൌഭാഗ്യങ്ങളെയും കൈവരുത്തുന്ന ചിന്താമണികളാണു്. മനുഷ്യവർഗ്ഗത്തിനു് അനുഗ്രഹവർഷമാകുന്ന ഭൂരിഭൂതിയെ പ്രദാനം ചെയ്യുന്ന അക്ഷയപാത്രമാണു്. ആ മാലയാകട്ടെ ഭൂമിയിൽ വാനവലോകത്തിലെ പാവനഗാനം പരത്തുന്ന കനകവീണയുടെ മണിക്കമ്പിയുമാകുന്നു. എന്റെ അമ്മയുടെ പാവനപാണികളാണു് ഈ മാലയെ എന്റെ ശൈശവകാലത്തു് ഗളതലത്തിൽ അർപ്പിച്ചിട്ടുള്ളതു്. ആക്കെല്ലാം ഇതുകൊണ്ടു് രസമുണ്ടായാലും, ആക്കുതന്നെ ഇതുകൊണ്ടു നീരസമുണ്ടായാലും ജപമാലമരണംവരെയും എന്റെകണ്ഠത്തിൽഉണ്ടായിരിക്കയും അതു നിർദ്ദേശിക്കുന്ന പാവനാദർശങ്ങൾ എന്റെ ചിത്തത്തെ നയിക്കയുംചെയ്യും.

തന്റെ ജപമാലയേയും ജപങ്ങളേയും പുച്ഛജനകമായി വൃദ്ധ ഭാവിച്ചിരുന്നതുകൊണ്ടു് ഈ പ്രാവശ്യം അതിനുതക്ക സമാധാനം പറയണമെന്നു് മിസ് ജോസഫ് തീർച്ചയാക്കി. ഈ മുഗ്ദ്ധകന്യയോടു നാവിട്ടാൽ തനിക്കു പരാജയം പററുമെന്നു് സാറാമ്മയ്ക്കു് അറിയാമായിരുന്നെങ്കിലും, അവർ തുടന്നുപറഞ്ഞു.

"ആയതു എന്തുതന്നെ ആയാലും, നീ എന്തൊക്കെ പ്രസംഗിച്ചാലും ജപമാല നിനക്കു ചേർന്നതല്ല. നിന്റെ കഴുത്തിനെ അതു് എത്രമാത്രം വിരൂപമാക്കിത്തീർക്കുന്നുവെന്ന സംഗതി നിനക്കു് അറിഞ്ഞുകൂടാ."

മിസ് ജോസഫ്—"അമ്മേ! ഇതെനിക്കു ഒരു പുതിയ അറിവാണു്. ജപമാല മുത്തുമാലയേക്കാൾ മനോജ്ഞമാണെന്നും കാഞ്ചനമാലയേക്കാൾ മാറേററിയതാണെന്നും ആണു് ഞാൻ പഠിച്ചിരിക്കുന്നതു്. ഒരു ക്രൈസ്തവമഹിളയുടെകോമളഗളത്തിനും പരിപൂതമായമാറിടത്തിനും ഇതിനേക്കാൾ മഞ്ജുളതരമായ ഒരു ഭൂഷണമില്ലെന്നാണു് എനിക്കനുഭവപ്പെട്ടിരി

ക്കുന്നതു്. എന്നുമാത്രവുമല്ല, കൈവശമുള്ള കാലത്തോളം അനന്യശരണയായ ഒരു ക്രൈസ്തവകന്യകയ്ക്കു് അതു ബലിഷ്ഠമായ ഒരു കോട്ടയുമാണു്."

സാറാമ്മ—"ഇത്ര ശക്തിയുള്ളതാണോ? എനിക്കു മനസ്സിലായിട്ടില്ലല്ലോ."

മിസ് ജോസഫ്—അമ്മയ്ക്കു മനസ്സിലായിട്ടില്ലെന്നുപറയുന്നതിൽ ഞാൻ വ്യസനിക്കുന്നു. മതപരിഷ്കാരം ബാധിക്കാത്ത പ്രമാദരഹിതരായ നമ്മുടെ പ്രമാതാമഹികൾക്കു് ആ ജപമാലയുടെ മാഹാത്മ്യമറിയാമായിരുന്നു. ആയതിൻെറ ശക്തി അമ്മയ്ക്കുകൂടി വെളിപ്പെടുവാൻ ആ ജഗന്മാതാവിനോടു ഞാൻ പ്രാൎത്ഥിക്കാം.

എന്നുപറഞ്ഞുകൊണ്ടു് വിശേഷാത്തരവും ഹൃദയാവൎജ്ജകവുമായ "നന്മനിറഞ്ഞ മറിയമെ"എന്നമനോജ്ഞജപത്തെ കൎണ്ണാനന്ദകരമാംവിധം ആയുവതി സംകീൎത്തനംചെയ്തു.

സാറാമ്മ—"വേണ്ട, വേണ്ട ഞങ്ങൾക്കുവേണ്ടി ആരും അപേക്ഷിക്കണ്ടാ"

മിസ്ജോസഫ്—"നിങ്ങൾ അപേക്ഷിച്ചാലും ഇല്ലെങ്കിലും ദൈവമാതാവു നിങ്ങൾക്കു വേണ്ടിയും ഞങ്ങൾക്കു വേണ്ടിയും എല്ലാവൎക്കു വേണ്ടിയും തൻെറ പുത്രനോടു് അപേക്ഷിക്കും. പുത്രൻ അപേക്ഷ കേൾക്കും. ജഗദംബയായ അവൾ കാരുണ്യത്തിൻെറയും ;മഹിമയുടെയും പരമകോടിയിൽ സ്ഥിതിചെയ്തുകൊണ്ടു് സന്താപനിമഗ്നരുടെ ദുഃഖോപശാന്തിക്കുവേണ്ടി പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ സമയത്തുപോലും അങ്ങനെ ചെയ്യുന്നുണ്ടെന്നു് ഞാൻ പരിപൂൎണ്ണമായി വിശ്വസിക്കുന്നു.

മിസ് ജോസ്ഫ് ഇത്രയും പറഞ്ഞവസാനിപ്പിക്കുന്നതിനു മുൻപു്, യൂറോപ്യൻവേഷധാരിയും കാഴ്ചയിൽ ഒരു ഇരുപത്തഞ്ചു വയസ്സു് തോന്നിക്കുന്നവനും മനോഹരരൂപനുമായ ഒരു യുവാവു് വളരെ പരിചിതഭാവത്തിൽ ആ മുറിയിലേക്കു പ്രവേശിച്ചു്; സാറാമ്മയുടെ സമീപത്തേയ്ക്കു ത്വരിതഗമനം ചെയ്തു. സാറാമ്മ ഇതു കണ്ടു് എണീററിരുന്നു്, "ഇതാരാ

ണ്, എൻെറ കുഞ്ഞാണോ? എൻെറ ഓമന എപ്പോൾ വന്നു" എന്ന ചോദിക്കുന്നതിനിടയ്ക്ക് ആഗതൻ ആ സാധ്വിയുടെ ഗളനാളത്തിൽ കെട്ടിപ്പിടിച്ചു പല പ്രാവശ്യം അവരെ ചുംബിച്ചുകഴിഞ്ഞു. അവൻെറ നിർമ്മലങ്ങളായ ബാഷ്പബിന്ദുക്കൾ വൃദ്ധയായ ആ മഹിളാമണിയുടെ വദനാരവിന്ദത്തിൽ അപ്പോൾ പതിച്ച മകരന്ദകണങ്ങളെ മതിവരെ നുകന്ന് നിഗ്രദ്ധദൃക്കുകളാകുന്ന മധുപങ്ങളോട്ടുകൂടി ഒരു പരഭൃതമൊഴി ആ മുറിയിൽ പരിസേവനംചെയ്ത കഥ, ഭക്തിപാരവശ്യത്തിൽ മതിമയങ്ങിയ ഈ യുവാവ് അറിയാതെ പോയതിൽ അത്ഭുതമെന്തു്? വൃദ്ധയുടയെും യുവതിയുടെയും ഹൃദയാവർജ്ജകമായ സ്വൈരസംഭാഷണത്തിനുവിരാമം വരുത്തി, അവിചാരിതമായി അവിടെ ആഗതനായ ആ സുകുമാരകളേബരൻ ആ ഗൃഹാധിപനും വൃദ്ധയുടെ വാത്സല്യഭാജനവുമായ മിസ്റ്റർ മാത്യൂ തന്നെ ആയിരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാറാമ്മ തുടൎന്നുപറഞ്ഞു–"എൻെറ മകന ഇത്രവേഗം ലീവുകിട്ടിയോ? നീ വരുന്നകാൎയ്യം അറിയിച്ചില്ലല്ലോ."

മിസ്റ്റർ മാത്യൂ–"അമ്മ ഇങ്ങനെ എണീററിരിക്കുന്നതുകാൺമാൻ എനിക്കു ഭാഗ്യമുണ്ടായല്ലോ. അമ്മയുടെ ദീനവൎത്തമാനം കേട്ടതുമുതൽ ഇങ്ങോട്ടുപോരുന്നതിന് ഞാൻ അക്ഷമനായി അവസരം നോക്കിയിരിക്കയായിരുന്നു."

സാറാമ്മ—"കുഞ്ഞു് ഇത്ര ബദ്ധപ്പെട്ടു വരേണ്ടിയില്ലായിരുന്നു. ഈശ്വരാനുഗ്രഹംകൊണ്ടു് എനിക്ക് ഇവിടെ വേണ്ട ചികിത്സകളും ശുശ്രൂഷകളും ലഭിക്കുന്നുണ്ടു്. ദീനം വളരെ ഭേദമായിട്ടുമുണ്ടു്."

സാറാമ്മയുടെ ഈ സംഭാഷണത്തിനിടയിൽ മി. മാത്യൂവിൻെറ ദൃഷ്ടികൾ, ആ മുറിയിൽതന്നെ സ്വല്പം മാറിനിന്നിരുന്ന മിസ് ജോസഫിൽ പതിഞ്ഞു. മാതാവിൻെറ ചിത്രം മാത്രം ചിത്തത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടും മാതൃസ്നേഹത്തിൽ മനം മയങ്ങിയും ആഗതനായ ആ യുവാവ് അപരിചിതയായ മറെറാരു വനിതയുടെ സാന്നിദ്ധ്യം ആദ്യം അവഗണിച്ചു

പോയതുഅസംഭവ്യമല്ലല്ലോ. മാതാവിൻെറയും പുത്രൻെറയും ഈ സ്നേഹപാരവശ്യപ്രകടനങ്ങൾക്കിടയിൽ തൻെറ സാന്നിദ്ധ്യം സുഖകരമല്ലെന്നു അവൾക്കു തോന്നിയെങ്കിലും പെട്ടെന്നിറങ്ങിപ്പോകുന്നതു് അപമയ്യാദയായിരിക്കുമെന്നു കരുതിയിട്ടായിരിക്കാം ആ യുവതി ആ മുറിയിൽതന്നെ സ്വല്പം മാറി സ്ഥിതിചെയ്തിരുന്നതു്. ഇങ്ങനെ മിസ് ജോസഫ് ആ ഗൃഹനായകൻെറ പ്രഥമവീക്ഷണത്തിനിപ്പോൾ വിഷയമായിഭവിച്ചു. മിസ്റ്റർ മാത്യു എന്താണു് കണ്ടതു്? താൻ ഏതൽക്കാലപയ്യന്തം വീക്ഷിച്ചിട്ടില്ലാത്ത സൗകുമായ്യ സമ്പൂരിതയായ ഒരു തരുണീരത്നത്തെയായിരുന്നു ആ യുവാവു് അപ്പോൾ ദർശിച്ചതു്. പ്രസൂനസമാനമായ ആ ശരീരസുഷമയും പ്രവാളകോമളമായ അധരങ്ങളുടെ ആരുണ്യകാന്തിയും ചെന്താർദലപേലവമായ ആ കപോലഭംഗിയും ഒരു ആംഗലേയവനിതയിൽപോലും ദശ്ിച്ചിട്ടില്ലായിരുന്നു. അണ്ഡാകൃതിയിലുള്ള ആനനബിംബവും കണ്ണാന്തവിശ്രാന്തകളായ ആ ലോചനയുഗളങ്ങളും ചന്ദ്രക്കലപോലെപേശലമായ ആ ഫാലപ്രദേശവും ഇന്ദ്രചാപസമാനമായ ആ ചില്ലിലതകളും ഒരു പാരസീകയുവതിയിൽപോലും ആ യുവാവു് ദശ്ിച്ചിട്ടില്ലായിരുന്നു. അകൃത്രിമസൗന്ദയ്യത്തിന്നുത്തരംഗമായിരുന്ന ആ അംഗനാമണിയുടെ അംഗസൗഷ്ഠവവും വിവിധാംഗങ്ങളുടെ യോജിപ്പും സാമാന്യനായ ഒരു കവിയുടെ കല്പനാശക്തിക്കോ, ശില്പിയുടെ കരകൗശലതയ്ക്കോ, ചിത്രകാരൻെറ തൂലികയ്ക്കോ·അജ്ഞാതമായ സൗകുമായ്യത്തിൻെറ നിഷ്കൃന്മഷമായ നിദശ്നമായിരുന്നു.

ആ യുവതിയാകട്ടെ, അവിചാരിതമായി ചോരണകുററം കണ്ടുപിടിക്കപ്പെട്ട ഒരു കൃതാപരാധയെപ്പോലെ അധോമുഖിയായി നിൽക്കയായിരുന്നു. എന്നാൽ കേവലം നിശ്ചേഷ്ടയായിട്ടല്ല അവൾ നിന്നിരുന്നതു്. ദക്ഷിണപാണിയായ നാളീകനാളത്തെ മാറോട്ടചേത്തു് ആകുഞ്ചിതമാക്കി മേല്പോട്ടുയത്തി ആ കരതലത്തിൽ അവളുടെ ആനമ്രകമ്രമായ ആനനപങ്കജത്തെ താങ്ങിക്കൊണ്ടും ഇടതുകരത്തെ ആനതമാക്കി കൃശോദരപ്രദേശത്തു വലതുഭാഗത്തു് മുട്ടിനുതാഴെ നിക്ഷേപിച്ചുകൊണ്ടും, ആ കരാംഗുലികളിൽ തൂക്കിപ്പിടിച്ചിരുന്ന ജപമാ

ലയുടെ മനോജ്ഞമണികൾ ഓരോന്നായി ചലിപ്പിച്ചുകൊണ്ടും അവൾ സ്ഥിതിചെയ്കയായിരുന്നു. ആ മഞ്ജുളമണികളെ അപ്രകാരം അവൾ ചലിപ്പിച്ചുകൊണ്ടിരുന്നതു് എന്തിനായിട്ടായിരിക്കാം. ഈ യുവാവിൻെറ ശോഭനമോ, ശോകപൂരിതമോ ആയ ഭാവിജീവിതത്തിൻെറ നിശിതമായ ജാതകമെഴുതുവാൻ അവൾ ഗണിച്ചുനോക്കുകയായിരുന്നോ? അതോ, പരിണയമോ, പരിചരണമോ എന്ന ഗഹനമായ പ്രശ്നത്തിനു സ്വീകാൎയ്യമായ ഉത്തരമെന്തെന്ന് അവൾ പരിഗണനം ചെയ്കയായിരുന്നോ? അതോ, പുരുഷസ്മരണയാൽ അനാക്രാന്തമായിരുന്ന അവളുടെ അന്തരംഗത്തിൻെറ നൈൎമ്മല്യത്തെ ജപമാലയുടെ ചലനത്താൽ പ്രത്യക്ഷമാക്കിയ പ്രാൎത്ഥനാപരമ്പരയാൽ അവൾ പരിരക്ഷിക്കയായിരുന്നോ? പാവനചരിതയായ ഒരു കുലീനകന്യകയുടെ ഹൃദയാന്തർഭാഗത്തു് പുരുഷചേതസ്സിന്ന് ദുസ്തരമായ ആ അഗാധഗൎത്തത്തിൽ നിഗ്രൂഢമായി സ്ഥിതിചെയ്യുന്ന ചിത്തവൃത്തികളെ കണ്ടുപിടിപ്പാൻ ആൎക്കു കഴിയും. ആകയാൽ അതിനു തല്ക്കാലം നമുക്കു ശ്രമിക്കേണ്ടാ. അപരിചിതയായ ഒരു യുവതിയെ ഒരു യുവാവു് ക്രമത്തിലധികം സൂക്ഷിച്ചുനോക്കരുതെന്ന് അവളുടെ പ്രശാന്തഗംഭീരമായ നയനങ്ങളിൽനിന്നെങ്കിലുമുണ്ടാകുമായിരുന്ന ആ ശാസനാശങ്കപോലുമില്ലാതെ, ഈ നിലയിൽ അവൻെറ നയനങ്ങളായ ഭൃംഗങ്ങൾക്കു ആ മാതൃകാപരിചാരികയുടെ മാതൃകാപരമായ സൗന്ദൎയ്യമകരന്ദത്തെ നുകരുവാൻ സാധിച്ചു. എന്നാൽ ഈ ഭാഗ്യം അധികനേരത്തേയ്ക്കു അവനു കൈവന്നില്ല. കെട്ടഴിഞ്ഞു പിമ്പിലും, പാൎശ്വങ്ങളിലും പരന്ന് കീഴ്പോട്ടിഴഞ്ഞു് അരകവിഞ്ഞു്, പാടലമായ പാദസരോജോപരി നൃത്തമാടിയിരുന്ന വാർകുന്തലായ കാർകൊണ്ടൽതീണ്ടിയ ആനനചന്ദ്രൻ എന്തോ അന്തഃപ്രചോദനത്താൽ പ്രേരിതമാവുകയും ആ നമ്രതവിട്ടു് ആ യുവാവിനെ അല്പനേരത്തേയ്ക്കു് അഭിമുഖീകരിക്കുകയുംചെയ്തു. ഉജ്ജ്വലത്തായ രണ്ടു ദീപ്തിഗോളങ്ങളിൽനിന്നെന്നപോലെ, അവളുടെ നിൎമ്മലവും ലോലവും ആയ ലോചനയുഗളങ്ങളിൽനിന്നും അപ്പോൾ പ്രവഹിച്ച ജ്യോതിസ്ഫുരണങ്ങൾ ആ യുവാവിൻെറ സ്ഫടികതുല്യമായ ഹൃദയാന്തർഭാഗങ്ങളിലെ അത്യഗാധവേദികളിൽ ചൂഴ്ന്നിറങ്ങി.

ഈ യുവതീയുവാക്കന്മാരുടെ അന്യോന്യദൃഷ്ടിപാതം അല്പനേരത്തേയ്ക്കുമാത്രമെ നീണ്ടുനിന്നുള്ളു. ഇതിനിടയിൽ ഇതൊക്കെ ഉൽക്കണ്ഠയോടെ വീക്ഷിച്ചുകൊണ്ട് മൂന്നാമതു് ഒരാൾ അവിടെഇരിപ്പുണ്ടെന്നു് സുവ്യക്തമായി പ്രത്യക്ഷപ്പെട്ടു. അതു ആ യുവാവിൻെറ ജനയിത്രിതന്നെയായിരുന്നു. തൻെറ പുത്രനുണ്ടായ ഭാവഭേദങ്ങളും അതിനുള്ള കാരണവും ലോകസ്വഭാവപരിജ്ഞാനം സിദ്ധിച്ച ഒരു വൃദ്ധസ്ത്രീയുടെ നിരീക്ഷണപാടവത്തോടുകൂടി മനസ്സിലാക്കിക്കൊണ്ട് അവയെ പ്രതിരോധിപ്പാൻ ആ അസൂയാകലുഷിത ഒരു വിദ്യപ്രയോഗിച്ചു. അതു താഴെ പ്രസ്താവിക്കുന്ന വിഷലിപ്തമായ വാഗ്ശരപ്രയോഗമായിരുന്നു.

"എൻെറ കുഞ്ഞിന് ഇവളെ മനസ്സിലായിട്ടില്ലായിരിക്കാം. ഇവളാണ് ആ സിസ്റ്റർ ഏല്പ്പിട്ടത്തിത്തന്ന ആയപ്പെണ്ണ്. മലയാളത്തെങ്ങാണ്ടുനിന്നും സിസ്റ്ററിനു കിട്ടിയ ഒരനാഥയാണ്. കടിച്ചാൽ പൊട്ടാത്ത ഒരു റോമ്മാക്കാരി, ഇവളെ എവിടുന്നുകിട്ടിയോ? ആ കയ്യിൽതൂങ്ങുന്ന ചങ്ങലകണ്ടോ? ഏതു കൊലകൊമ്പനേയും അതുകൊണ്ടവൾ കെട്ടിയിടുമത്രെ! ഇവളെപ്പറഞ്ഞയക്കണമെന്നു് വിചാരിച്ചിരിക്കയാണ്. ഏതായാലും ഇവളെക്കൊണ്ടു ഇനി ഇവിടെ കാര്യമൊന്നുമില്ല."

തൻെറ പുത്രൻെറ ഹൃദയത്തെ പ്രഥമവീക്ഷണത്തിൽ തന്നെ മിസ് ജോസഫ് കവൎന്നിട്ടുണ്ടെന്നും, ആ പ്രണയാങ്കുരത്തെ വളരാൻ ഇടയാക്കാതെ മുളയിൽതന്നെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ആയതു അനേകം അനിഷ്ടഫലങ്ങൾക്കു കാരണമാകുമെന്നും കരുതിക്കൊണ്ടു സാറാമ്മ ആ മുള്ളുവാക്കുകൾ പ്രയോഗിച്ചതാണ്. പക്ഷെ അവയുടെ ലാക്കുതെററിപ്പോയി. എങ്കിലും മറെറാരു മാർദ്ദവമേറിയ മാൎത്തടത്തിൽ അവ ചെന്നുകൊള്ളുകയും അവിടെ വലുതായ വ്രണംവരുത്തുകയുംചെയ്തു. യുവാവിനു മാതാവിൻെറ ആ വാക്കുകളുടെ അൎത്ഥം ആദ്യം ശരിയായി മനസ്സിലായില്ല. അവൻെറ മനോരാജ്യങ്ങൾ മനോജ്ഞമായ മേഘ മണ്ഡലത്തിൽ സഞ്ചരിക്കയായിരുന്നു. മിസ് ജോസഫ് ഇവ സശ്രദ്ധം ശ്രവിച്ചു. ഇവയുടെ യഥാൎത്ഥമായ അൎത്ഥവും അവൾക്കു മനസ്സിലായി. എന്നാൽ വൃദ്ധ

യിൽ കുററം ആരോപിക്കാൻ അവരം യാതൊന്നുംകണ്ടില്ല. അവർ പറഞ്ഞതു ഒരു പ്രകാരം നോക്കിയാൽ പരമാൎത്ഥംതന്നെയാണെന്നു് ആ സാധുയുവതിക്കുതോന്നി. എന്നാൽ താൻ നിൎദ്ധനയും നിരാവലംബയും ആണെങ്കിലും സ്വാഭിമാനസമ്പന്നയാകയാൽ തീവ്രമായ മനോവേദനയ്ക്കു വൃദ്ധയുടെ നിൎദ്ദയമായ മുള്ളുവാക്കുകരം കാരണമായി. അവരം എന്തോ ഒഴിവുകഴിവുകരം പറഞ്ഞു് അവിടെനിന്നും ഇറങ്ങിപ്പോയി. അപ്പോഴാണു് ആ യുവാവിനും മാതാവിൻെറ വാക്കുകളുടെ അൎത്ഥം ശരിയായി മനസ്സിലായതു്. ആ വാക്കുകരം കേവലം അനുചിതങ്ങളും അസ്ഥാനത്തുള്ള പ്രജല്പനങ്ങളും ആണെന്നു മിസ്റ്റർ മാത്യുവിനുതോന്നി. മിസ് ജോസഫ് ഒരു ഉത്തമ സുറിയാനിക്കുടുംബത്തിലെ അംഗവും സുശിക്ഷിതയായ ഒരു കുലീനയുവതിയും ആണെന്നു് ഗ്രഹിക്കുന്നതിനു് മിസ്റ്റർ മാത്യുവിനെപ്പോലെയുള്ള ഒരു സിറിയൻ യുവാവിൻെറ പാണ്ഡിത്യമോ പരമ്പരാസിദ്ധമായ പ്രാഗത്ഭ്യമോആവശ്യമുണ്ടായിരുന്നില്ല. എന്നു മാത്രമല്ലാ ഈ യുവതി ഒരുൽകൃഷ്ട സുറിയാനിക്കാരിയാണെന്നും ഒരു കുലീന കന്യകയാണെന്നും നല്ലവൈദഗ്ദ്ധ്യവും വൈദുഷ്യവും സിദ്ധിച്ച ഒരു വനിതാരത്നമാണെന്നും സൎവ്വോപരി സൽസ്വഭാവ സംയുക്തയും സൎവ്വേശ്വരഭക്തയും ആണെന്നും സിസ്റ്റർ ആഞ്ചെലിക്കാ മിസ്റ്റർ മാത്യുവിന് എഴുതിയ ആദ്യത്തെ കത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഒരു പരിചാരികയുടെ സൌന്ദൎയ്യത്തെ പരിഗണിക്കേണ്ട കാൎയ്യമില്ലല്ലോ. അതുകൊണ്ടു ആയതുമാത്രം മിസ്റ്റർ മാത്യു ഗ്രഹിച്ചിരുന്നില്ല. എന്നാൽ ആയുവതിയെക്കണ്ടപ്പോരം അവരം അതീവ സൌന്ദൎയ്യവതിയാണെന്നുകൂടി ആ ഗൃഹാധിപനു മനസ്സിലായി. അനന്യസാധാരണമായ അവളുടെ ആകാരസൌകുമാൎയ്യം ആ യുവാവിനു് അവളോടു കൂടുതലായ ബഹുമാനത്തിനു കാരണമാകുകയും ചെയ്തു. എങ്കിലും മിസ്റ്റർ മാത്യുവിനേപ്പോലെയുള്ള അഭിജാതനും, അഭ്യസ്തവിദ്യനും, അഭിമാനയുക്തനും ആയ ഒരു യുവാവു്; പരിചാരികയും, നിരാലംബയും, അന്യമതസ്ഥയും ആയ ഒരു യുവതിഎത്രതന്നെ സൌന്ദൎയ്യവതിയായാലും പ്രഥമവീക്ഷണത്തിൽ തന്നെഅവളെ തൻെറ ഭാൎയ്യാപദത്തിലേയ്ക്കു് ഉയൎത്തത്തക്കവിധത്തിൽ

സ്നേഹിച്ചുകളയുമെന്ന് അനുമാനിച്ചതും ആ യുവാവിൻെറ മുമ്പിൽ വച്ച് അവളെ അകാരണമായി അധിക്ഷേപിച്ചതും സാറാമ്മയുടെ സാധാരണമായ സ്വഭാവഗതിക്കു അനുയോജ്യമല്ലായിരുന്നു. വകതിരുവിനും മര്യാദയ്ക്കും സുപ്രസിദ്ധയായ തൻെറ മാതാവ് അകാരണമായും പരസ്യമായും അവശ്യം ആചരിക്കേണ്ട ആതിഥ്യ ധർമ്മങ്ങളെപ്പോലും അവഗണിച്ചും മിസ് ജോസഫിനെ അധിക്ഷേപിച്ചതിൽ മിസ്റ്റർ മാത്യുവിന് സങ്കടവും സഹതാപവും തോന്നി. എങ്കിലും തൻെറ മാതാവിനെ കുററപ്പെടുത്തുന്നതിനോ, അവരോടു നീരസസൂചകമായി എന്തെങ്കിലുംസംസാരിക്കുന്നതിനോ മിസ്റ്റർ മാത്യു തുനിഞ്ഞില്ല. മാതാവു ആ സന്ദർഭത്തിൽ അപ്രകാരം പ്രവർത്തിച്ചതു് പക്ഷവാതസഹജമായ മനസ്സിൻെറ ശക്തിക്ഷയം കൊണ്ടോ, തന്നോടുള്ള പക്ഷപാതബുദ്ധിയുടെ അനിയന്ത്രിതമായ ചാപല്യപരിണാമം കൊണ്ടോ ആയിരിക്കാമെന്നുമാത്രം ആ ഗൃഹാധിപൻ തൽക്കാലം സമാധാനപ്പെട്ടു.

മിസ് ജോസഫിന് ആ യുവാവിനെക്കണ്ടപ്പോൾ ഉണ്ടായ മനോവൃത്തികളെന്താണ്? പാവനമായ അവളുടെ ചേതോവ്യാപാരങ്ങൾക്കും, വിനീതമായ സാഹചര്യങ്ങൾക്കും സന്താപസമ്മിശ്രമായ അവളുടെ അതീതചരിതങ്ങൾക്കും അനുയോജ്യമായ ചില മാനസികാനുഭവങ്ങൾ അവൾക്കും ഉളവായി എന്നുള്ളതു് ആ സന്ദർശനവേളയിൽ അവൾക്കുണ്ടായ ദീർഘനിശ്വാസങ്ങളും പവിത്രങ്ങളായ നേത്രങ്ങളണിഞ്ഞ അശ്രുബിന്ദുക്കളും പ്രദ്യോതിപ്പിച്ചിരുന്നു. എന്നാൽ അതു കേൾക്കുന്നതിനുള്ള കണ്ണുമോ, കാണുന്നതിനുള്ള നയനമോ, അറിയുന്നതിനുള്ള ചിത്തമോ അപ്പോൾ ആ മുറിയിൽ ഉണ്ടായിരുന്നില്ല.

ആ യുവതിയുടേയും യുവാവിൻേറയും പ്രത്യേകതരങ്ങളെങ്കിലും, അപരാധരഹിതങ്ങളായ ചിന്താതന്ത്രികളെ വൃദ്ധയുടെ അനുചിതവും അവിചാരിതവും ആയ അവഹേളനശരങ്ങൾ നിഷ്ഠുരുണം മുറിച്ചുകളഞ്ഞു. ഈവിധമൊക്കെയാണ് ഈ യുവതീയുവാക്കളുടെ പ്രഥമസന്ദർശനം കഴിഞ്ഞുകൂടിയതു്. മിസ് ജോസഫ് സാറാമ്മയുടെ അവഹേളനാഗ്നേയ ഗോള

ങ്ങളുടെ പതനമേററ് പരിതപ്തചിത്തയായി തൻെറ ഏകാന്തവാസത്തെ അവലംബിച്ചുകൊണ്ട് തനിക്കു ഏകാവലംബമായ ജപമാലയുടെ വിമലമണികളെ കരപല്ലവത്താൽ ഗണനം ചെയ്തും അന്തർഗ്ഗതമായ ചിന്താപരമ്പരയാൽ യേശുമിശിഹായുടെ സന്താപയാതനകളിൽ സഹചാരിണിയായും സമയവ്യയംചെയ്തു. താൻ കൂടെക്കൂടെ ചുംബിച്ചുകൊണ്ടിരുന്നതും തൻെറ അവിഛിന്നമായ ബാഷ്പധാര കഴുകിക്കൊണ്ടിരുന്നതുമായ ആ കുരിശുരൂപം ബാഹ്യദൃഷ്ടിക്കുബലഹീനവും അൎത്ഥശൂന്യവുമായ ആ ജപമാലയുടെ ലോലാഗ്രലതികയിൽ അത്രെ ലംബമാനമായിരുന്നത്. എന്നാൽ ഐഹികവാസമാകുന്ന പാരതന്ത്ര്യകാരാഗാരത്തിൽ, സന്താപഗൎത്തത്തിൽ,അകപ്പെട്ട് നട്ടംതിരിയുന്ന മർത്ത്യൻെറഅന്തരാത്മാവിനെ നരജന്മമെടുത്ത പരമാത്മാവിൻെറ പരിപാവന ചരിതധ്യാനത്താൽ ഉദ്ധരിപ്പിച്ചു സന്തുഷ്ടനാക്കുന്നതിന് ഈ മഹനീയമാലയ്ക്കു് എന്തുമാത്രം ശക്തിയുണ്ടെന്ന് സ്വാനുഭവത്താൽ അവൾക്കറിയാമായിരുന്നു. മിസ് ജോസഫ് വളരെക്കാലമായിട്ട് നിരന്തരവും കഠിനതരവും ആയ ദുഃഖങ്ങളെ സഹിച്ചുകൊണ്ടിരിക്കയാണ്. ഈ ദുഃഖാൎണ്ണവത്തിൽ താണുപോകാതെ അവളെത്താങ്ങിക്കൊണ്ടിരിക്കുന്നത് അവളുടെ ജപമാലയാണ്. തനിക്ക് അഭിമാനിക്കത്തക്ക ഗണ്യമായ യാതൊരു ഭൗതികഭൂതിയും ശേഷിച്ചിട്ടില്ലെന്നവൾക്കറിയാമായിരുന്നു. എങ്കിലും തൻെറ ഉൽകൃഷ്ടകുടുംബത്തിൽനിന്നും പരമ്പരയാ തനിക്കു സിദ്ധിച്ചിരുന്ന ഒരു അമൂല്യസമ്പാദ്യം താൻ സുരക്ഷിതമായി സൂക്ഷിക്കുന്നുണ്ടായിരുന്നു. അതു പിതൃദത്തമായ ആ ആത്മാഭിമാനമായിരുന്നു. ആയതുപോലും അകാരണമായി ഇപ്പോൾ ഇപ്രകാരം ആക്രമിക്കപ്പെട്ടതുകണ്ടപ്പോൾ, ഏതല്ക്കാലപര്യന്തമുള്ള സ്വകീയമായ പര്യാകുലത പരമകാഷ്ഠയെ പ്രാപിക്കയാണെന്നു അവൾക്കുതോന്നി. എങ്കിലും ഇങ്ങനെ ധൎമ്മസങ്കടങ്ങൾ സഹിക്കേണ്ടിവരുന്നത് ആദ്ധ്യാത്മികമായ ഉല്ക്കർഷത്തെ ഉത്തരോത്തരം വൎദ്ധിപ്പിക്കുന്നതിനായിട്ടാണെന്ന് ഉപദേശിക്കുന്ന ഒരു രഹസ്യാരവം ആ ജപമാലയുടെചലനത്തിൽ നിൎഗ്ഗളിച്ച മഞ്ജുളശിഞ്ജിതങ്ങളിൽനിന്നും അവൾ നിഷ്പ്രയാസം ശ്രവിച്ചുകൊണ്ടിരുന്നു.

ആ യുവാവാകട്ടെ, അന്നത്തെ സംഭവങ്ങൾക്കശേഷം അവ്യക്തങ്ങളായ പലവിധ മനോഗതികളോടുകൂടി ഗുരുതരങ്ങളായ തൻെറ ഇതരകൃത്യങ്ങളിൽ പ്രവേശിച്ചു.

സാറാമ്മയോ, തൻെറ ശരപ്രയോഗം ശരിക്കഫലിച്ചു എന്നുള്ള ചാരിതാൎത്ഥ്യത്തോടും, എന്നാൽ ഈ അമംഗലസംഭവത്തിന്ന കാരണമാക്കിയ സാഹചൎയ്യങ്ങളോടു അതിരററ അതൃപ്തിയോടുംകൂടി സമയവ്യയംചെയ്തു. ഇങ്ങിനെ ആ മൂന്നു വ്യക്തികളും പ്രത്യേകതരങ്ങളായ ചിത്തവൃത്തികളോടുകൂടി ഉറങ്ങുവാനായി അവരവരുടെ ശയ്യകളെ പ്രാപിച്ചു. എന്നാൽ മിസ് ജോസഫിന് അന്ന ഉറക്കം സുഖകരമല്ലായിരുന്നു. നിവൃത്തിയില്ലാത്തതുകൊണ്ട് അന്നത്തെ രാത്രികൂടി അവിടെ കഴിച്ചുകൂട്ടാമെന്ന് അവൾ തീരുമാനിച്ചു. ഏതായാലും പിറേറദിവസം പുലൎച്ചയായാലുടൻ തൻെറ പരിചരണജോലിയും, അവിടത്തെ താമസവുംമതിയാക്കി മടങ്ങിപ്പോകണമെന്ന് അവൾ തീൎച്ചയാക്കി. തൻെറ അതീതജീവിതത്തിലെ പലേ ഘട്ടങ്ങളേയും ചിന്തിച്ചും, സന്തപിച്ചും വളരെ നേരം അവൾ ഉണൎന്നുകിടന്നു. ഒടുവിൽ അവൾ ഉറങ്ങുവാൻ ശ്രമിച്ചു. ഉറക്കം എന്നുപറയുന്നത് അന്വേഷിച്ചാൽ കണ്ടെത്തുന്ന ഒരുസാധനമല്ലല്ലോ. ആയതു സ്വയമേവവരണം. എത്ര തീക്ഷ്ണതയോടുകൂടി അതിനെ അന്വേഷിക്കുന്നുവോ, അത്ര രൂക്ഷതയോടുകൂടി അതു പിന്മാറിക്കളയുന്നു. സന്തുഷ്ടനേയും, സന്തപ്തനേയും ഒരുപോലെ അനുഗ്രഹിക്കുന്ന ആ സുഷുപ്തിപോലും അവളെ അന്നു പരിത്യജിച്ചതുപോലെ കാണപ്പെട്ടു. അൎദ്ധരാത്രിയോടുകൂടിയാണ് അവൾ സ്വല്പം ഒന്നുറങ്ങിയതു്. ആയതും സ്വപ്നമയമായിരുന്നു.

WARRIAR SMARAKA GRANDHA SALA
REG: NO: 3273
VENGA..OR P.O.
KIDARAKUZHY

# അദ്ധ്യായം ൯.

പാവനസ്വപ്നം പണിതുകൊടുത്ത മണിമയമായ ഒരു മനോജ്ഞമഞ്ചത്തിൽ അവൾ ഇരിക്കയായിരുന്നു. അവളുടെ മാലിന്യമററ മടിയിൽ മഞ്ജുളകളേബരനായ ഒരു യുവാവ് രോഗാതുരനായി ശയിക്കുന്നുണ്ടായിരുന്നു. അസ്തമനസൂര്യകിരണസങ്കീർണ്ണമായ അംബരമെന്നപോലെ ആ യുവാവിൻെറ മന്ദാരസുന്ദരമായ വദനമണ്ഡലം അടുത്തുതന്നെ അണയാൻ പോകുന്ന സപ്രാണനായ മണിപ്രദീപത്തിൻെറ മനോഹരമയൂഖങ്ങളാൽ മണ്ഡിതമായിരുന്നു. പേലവമായ അവൻെറ ഫാലതലത്തിൽ പൊടിച്ചുപൊങ്ങിയ ചുടുവിയൎപ്പുകണങ്ങളായ തുമുത്തുമണികളെ അവൾ വലതുകരത്തിലിരുന്ന മൃദുലദുകൂലാഞ്ചലംകൊണ്ടു് തുടച്ചുകൊണ്ടിരുന്നു. അവളുടെ ഇടതുകരം ജപമാലയുടെ മനോജ്ഞമണികളെ ചലിപ്പിച്ചുകൊണ്ടുമിരുന്നു. ഉള്ളിൽ ഒതുങ്ങാത്ത കദനപ്രവാഹത്തിൽ തരംഗനികരങ്ങൾ അവളുടെ കരൾത്തടം തല്ലിത്തകൎത്തു. ഉത്തരോത്തരം വൎദ്ധിച്ചുവന്ന നിശ്വാസജാലം ഹൃത്തടംപൊട്ടിപ്പുറപ്പെട്ട പ്രാൎത്ഥനാപരമ്പരയുടെ ബാഹ്യപ്രകടനമായി വൎത്തിച്ചുകൊണ്ടിരുന്നു. അവളുടെ പ്രാൎത്ഥനകളാകട്ടെ, അംബരത്തിലുയൎന്ന കനകമയമായ കദംബനിവഹങ്ങളായി രൂപാന്തരപ്പെട്ടു്, കാനീനനായ കരുണാകരൻെറ കാൽത്താരിണകളിലണഞ്ഞു്, അവിടെനിന്നും അനുഗ്രഹവർഷങ്ങളായും കാരുണ്യനീഹാരശീകരങ്ങളായും ആ യുവതീയുവാക്കന്മാരിലേയ്ക്കുതന്നെ പതിച്ചുകൊണ്ടിരുന്നു. അങ്ങനെ ഇരിക്കെ ഒരശരീരിവാക്യം അവളുടെ ശ്രവണപുടത്തിൽ പതിച്ചു. അതു് ഇപ്രകാരമായിരുന്നു. "നീ ഇവനെ പരിചരിച്ചതുമതി. ഇവനെപ്പററി നീ ഇനി ദുഃഖിക്കയുംവേണ്ട. ശരീരബന്ധനത്തിൽനിന്നും ഇവൻ ഇനി മോചിതനാകട്ടെ!" ആ യുവതി ഉത്തരം പറഞ്ഞു. "അയ്യോ! ഇനി എനിക്കു് ആരാണുള്ളതു്? ഇനി ആരെ ഞാൻ പരിചരിക്കും!" ഈ ചോദ്യത്തിനു മറുപടിയായി മിസ് ജോസഫിനു ലഭിച്ചതു് അവളുടെ ശയനമുറിയുടെ വാതലിൽ ആരോ ശക്തിയായി തട്ടിവിളിക്കുന്ന ശബ്ദമായിരുന്നു. അവൾ

ഞെട്ടിയുണന്നു. അപ്പോഴാണ് തനിക്കുണ്ടായ ആ അനുഭവങ്ങളൊക്കെ പൂർവ്വസ്മരണകളാൽ പ്രേരിതമായ സ്വപ്നംമാത്രമാണെന്ന് അവൾക്കു മനസ്സിലായതു്. തൻെറ കതകിൽ മുട്ടിയ ആ ശബ്ദം ഒന്നിനൊന്നിനു വർദ്ധിച്ചുകൊണ്ടിരുന്നു. സുരക്ഷിതമായ ആ ഭവനത്തിൽ ആ അർദ്ധരാത്രിസമയത്തു് ഇപ്രകാരം വന്ന് തന്നെ അലട്ടി വിളിക്കുന്നതാരായിരിക്കാമെന്ന് അല്പമൊരാശങ്കയോടുകൂടി അവൾ എണീററു വിളക്കു കത്തിച്ച് 'അതാരാണ്' എന്നു ചോദിച്ചു. അതിനു ലഭിച്ച മറുപടി അവ്യക്തമായ ഒരു ദയനീയശബ്ദവും, കതകിൽ ആവത്തിച്ചുള്ള ഇടിയുമായിരുന്നു. ആ യുവതി വേഗം ചെന്നു കതകു തുറന്നു. ഗൽഗദവാണിയോടുകൂടി ഒരു പുരുഷൻ വാതിൽക്കൽ നിൽക്കുന്നതു കണ്ടു. ഭയംകൊണ്ടോ പരിഭ്രമംകൊണ്ടോ അയാളുടെ സ്വരം ഭേദിച്ചിരുന്നു. എങ്കിലും സൂക്ഷ്മവീക്ഷണത്തിൽ, ആഗതൻ അവിടത്തെ പ്രധാന കാര്യസ്ഥനായ പൊന്നുസ്വാമിയാണെന്നു മിസ് ജോസഫിനു മനസ്സിലായി. ആ യുവതിയെ കണ്ട ഉടനെ പൊന്നുസ്വാമി ഇപ്രകാരം പറഞ്ഞു; "അയ്യോ! വേഗം യജമാനൻെറ മുറിയിലേക്കു വരണേ! അദ്ദേഹത്തിന് എന്തോ കലശലായ സുഖക്കേടാണ്. രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. അമ്മയും ഒരുവിധത്തിൽ നടന്ന് അവിടെ എത്തിയിട്ടുണ്ട്. അസാമാന്യവേദനയോടുകൂടി അദ്ദേഹം കിടന്നുരുളുന്നു. കൊച്ചമ്മയെ വേഗം വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു." ഇതു കേട്ടപ്പോൾ മിസ് ജോസഫ് തൻെറ പരിചരണപ്പെട്ടി എടുത്തു് പൊന്നുസ്വാമിയെ ഏല്പിക്കുകയും അവർ ഇരുവരും കൂടി മിസ്റ്റർ മാത്യുവിൻെറ മുറിയിലേക്കു ചെല്ലുകയും ചെയ്തു. പൊന്നുസ്വാമി പറഞ്ഞതു വാസ്തവമായിരുന്നു. രോഗി ദുസ്സഹമായ വേദനയോടുകൂടി കിടന്നുരുളുകയായിരുന്നു. മിസ്ജോസഫ് രോഗിയുടെ നാഡി പരിശോധിച്ചു. പെട്ടെന്ന്അവളുടെ മുഖഭാവം മാറി. അവിടങ്ങളിൽ അപ്പോൾ നടപ്പുണ്ടായിരുന്നതും അനേകം ആളുകളെ അകാലമൃത്യുവിൻെറ വക്ത്രഗഹ്വരത്തിലേക്ക് ആനയിപ്പിച്ചുകൊണ്ടിരുന്നതുമായ 'ഏഷ്യാതിക് കോളറാ' തന്നെയാണ് മിസ്റ്റർ മാത്യുവിനേയും ബാധിച്ചിരിക്കുന്നതെന്ന് അവൾക്കു മനസ്സിലായി. എങ്കി

SALESIAN LIBRARY
C.
KAPPADI

ലും ധൈര്യപൂർവ്വം അവൾ രോഗിയെ ചികിത്സിപ്പാനും ശുശ്രൂഷിക്കാനും തുടങ്ങി. ആദ്യംതന്നെ ഒരു സിദ്ധൗഷധം അവൾ രോഗിക്കു 'ഇൻജക്റ്റ്' ചെയ്തു. പിന്നെ പരിചരണത്തിനാവശ്യമുള്ള തിളച്ചവെള്ളം മുതലായ ഓരോ സാധനങ്ങളെ സജ്ജീകരിപ്പാൻ അവൾ ഭൃത്യവർഗ്ഗത്തിനു ആജ്ഞകൊടുത്തു. ആസ്പത്രിയിൽചെന്ന് ഡാക്ടരേയും ഒരു പരിചാരകനേയും വിളിച്ചുകൊണ്ടുവരുവാൻ പൊന്നുസ്വാമിയെ നിയോഗിച്ചയച്ചു. ദീനത്തിൻെറ യഥാർത്ഥവിവരങ്ങൾ പൊന്നുസ്വാമിയെ രഹസ്യമായിട്ടാണവൾ ഗ്രഹിപ്പിച്ചതെങ്കിലും സാറാമ്മയ്ക്കു ആയതു എങ്ങിനെയോ മനസ്സിലായി. ആ സാധുവൃദ്ധ സങ്കടപരവശയായി വിലപിപ്പാൻതുടങ്ങി. അവരുടെ കൈകാലുകൾ കുഴയുന്നതുകണ്ടു യുവതി അവരെത്താങ്ങി ഒരു ചാരുകസാലയിൽകിടത്തി സമാശ്വസിപ്പിച്ചു. ഇതിനിടയിൽ രോഗി ഭയങ്കരശബ്ദം പുറപ്പെടുവിക്കുന്നതുകേട്ട് മിസ് ജോസഫ് തിരിഞ്ഞുനോക്കിയപ്പോൾ ആ യുവാവ് കിടക്കയിൽ കൈകുത്തി എണീററിരുന്ന് ഛർദ്ദിക്കാൻ ഭാവിക്കുന്നതും ശരീരത്തിനു ശക്തിയില്ലാതെ താഴെ വീഴത്തക്ക അപകടനിലയിൽ സ്ഥിതിചെയ്യുന്നതുംകണ്ടു. മിസ്ജോസഫ് വേഗം അടുത്തുചെന്ന് ആ യുവാവിനെ താങ്ങിയതും അയാൾ ഛർദ്ദിച്ചതും ഒരുമിച്ചുകഴിഞ്ഞു. മരണകരമായ അത്യാപത്തിൻെറ സാന്നിദ്ധ്യത്തിലും ഉൽകൃഷ്ടമായ പരിചരണനിഷ്ഠയുടെ പവിത്രമായ പ്രചോദനത്തിലും, അഭിമാനത്തിനോ, സങ്കോചത്തിനോ, അലസതയ്ക്കോ, ഭയത്തിനോ ഭൗതികമായ മററു ചിന്തകൾക്കോ സ്ഥാനമെവിടെ? ഇതാ പരപുരുഷൻെറ കേവലമായ സാന്നിദ്ധ്യത്തിൽപോലും, സാധാരണയായി സങ്കോചംകൊണ്ടു പരവശമാകുമായിരുന്ന ഈ യുവതിയുടെ പേലവപാണികളിൽ, പ്രത്യക്ഷത്തിൽ തനിക്കു യാതൊരു ബന്ധവുമില്ലാത്ത കോമളാകാരൻ സ്വമാതൃഹസ്തങ്ങളിൽ ശങ്കാഹീനം ശയിക്കുന്ന ശിശുവെന്നപോലെ ശക്തിഹീനനായി തളർന്നുകിടക്കുന്നു. അയാൾ വമിച്ച ആ മലിനസാധനം അധികഭാഗവും നിപതിച്ചതു് അവളുടെ നെഞ്ചിലുള്ള പൂഞ്ചാരുവായ കഞ്ചുകത്തിന്മേലായിരുന്നു. ഇതൊക്കെകണ്ടുകൊണ്ടും ആ യുവതിയെ ഉള്ളഴിഞ്ഞു് അനുഗ്രഹിച്ചുകൊണ്ടും അവൻെറ മാതാവ് അൽപ്രാ

ണയായി അവിടെ സ്ഥിതിചെയ്തു. മിസ് ജോസഫ് ആ രോഗിയെത്താങ്ങികിടത്തിയപ്പോൾ, ആഭയങ്കരരോഗം അവളുടെ പാൎശ്വഭാഗത്തേയ്ക്കു് അടുപ്പിച്ച ആ യുവാവിൻെറ ഹൃദയവും അവളുടെ പാവനഹൃദയവും പരസ്പരംശ്രവിക്കത്തക്കവിധത്തിൽതുടിച്ചുകൊണ്ടിരുന്നു. ആ യുവതീയുവാക്കന്മാർ പരസ്പരം അറിഞ്ഞില്ലെങ്കിലും അവരുടെ ഹൃദയങ്ങൾ ആ ആപൽഘട്ടത്തിൽ അന്യോന്യം അറിഞ്ഞു് അവതമ്മിൽ നടത്തിയ നിഗ്രൂഢസംഭാഷണത്തിലെ സ്വരതരംഗങ്ങളുടെ ഉൽകൃഷ്ടമായ ഉത്സർജ്ജനം ആയിരിക്കാം അവർ ശ്രവിച്ച ആ കരൾത്തുടിപ്പുകൾക്കു് കാരണമായതു്. ആയതു എന്തുതന്നെ ആയാലും ആ യുവതിക്കു ആപൽക്രൂപത്തിലാണ്ട ആ സഹോദരനെവിട്ടു് അല്പനേരത്തേയ്ക്കുപോലും മാറുന്നതിനു ശക്തിയില്ലാതായി. തനിക്കു ജീവാപായം വരുത്തിയേക്കാവുന്ന രോഗാണുക്കളാൽ മലിനീകൃതമായ ആ വസ്ത്രത്തെ അവിടെ നിന്നുകൊണ്ടുതന്നെ ശുദ്ധിവരുത്തിയതല്ലാതെ, പോയി മാറുന്നതിനുപോലും ശ്രമിക്കാതെ ഡാക്ടർ വരുന്നതുവരെ ആ രോഗിയെ അവൾതന്നെ ശുശ്രൂഷിച്ചുകൊണ്ടുനിന്നു. അധികനേരം കഴിയുന്നതിനു മുൻപു് ഡാക്ടരും പരിചാരകനും വന്നുചേൎന്നു. ഡാക്ടർ രോഗിയെ പരിശോധിച്ചു. ദീനത്തിൻെറ സ്ഥിതിക്കു ചെയ്യേണ്ടതും ചെയ്യാവുന്നതുമൊക്കെ മിസ് ജോസഫ് യഥാകാലം ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം ഒരു മണിക്കൂർ നേരത്തോളം രോഗിയുടെ സമീപെ സ്ഥിതിചെയ്തു്, തന്നാൽ കഴിവുള്ള ചികിത്സകളും ശുശ്രൂഷകളും ചെയ്തു. എന്നാൽ ഇതുകൊണ്ടു യാതൊരു ഫലവും ഉണ്ടായില്ല. രോഗി മയങ്ങിക്കിടക്കുകയായിരുന്നു. ഉണരുമ്പോൾ ദീനത്തിൻെറ സ്ഥിതിക്കനുസരിച്ചു് വേണ്ടതു പ്രവൎത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മരുന്നുകളും കൊടുത്തുംവച്ചു് ഡാക്ടർ മടങ്ങിപ്പോയി. പോകുന്നതിനു മുമ്പു് മിസ് ജോസഫിനോടു് എന്തോ ഗ്രൂഢമായി സംഭാഷണംചെയ്തുംവച്ചാണു് ഡാക്ടർ പോയതു്. ആയതു ആ സാധുയുവതിയെ സന്താപസാഗരത്തിൽ തള്ളിയിടുന്നതിനു പൎയ്യാപ്തമായിരുന്നു.

---

# അദ്ധ്യായം ൯.

ചെന്താർദലാമലവിലോചനമാർ ധരിക്കും
മന്ദാരമാല ജപമാല കരത്തിലേന്തി
ബന്ധൂകബന്ധുരതരാധരയാൾ മരന്ദം
ചിന്തുംവിധേന വിലപന്തി ജപം തുടങ്ങി.

SMARAKA GRANDHA SALA
273
NOOR P.O.
KID

വാസരാന്തംമുതൽ വസുന്ധരയുടെ കോമളാസ്യം മറച്ചു നിശാന്ധകാരമാകുന്ന തിരസ്കരണിയെ ആ പ്രഭാതവേളയിൽ ബാലഭാസ്കരൻ തന്റെ മൃദുലകരങ്ങൾ നീട്ടി നീക്കിത്തുടങ്ങി. വിരഹതാപപരവശയായ സ്വകാന്തയെത്തേടിയ കമലിനീകാന്തൻ, പത്മതീർത്ഥത്തിലും, മധുരയിലെ മററു മണിമന്ദിരങ്ങളിലും കാണാത്ത കാഞ്ചനകഞ്ജത്തെ ബാരിസ്റ്റർ തോമസിന്റെ മാളികമണിയറയ്ക്കുള്ളിൽ പരിസേവനംചെയ്തിരുന്ന കന്യാമണിയുടെ കമ്രവദനത്തിൽകണ്ടു. ആ കമലമുഖി തെളിഞ്ഞു. ആ കതിരവനും പൂർവ്വോപരി പ്രോജ്വലിച്ചു ഹാ! സാധുസൂര്യൻ എന്തറിഞ്ഞു. ആ യുവതിയുടെ മുഖപങ്കജം തെളിച്ച കിരണകന്ദളങ്ങൾ ഉൽഗമിച്ചതു മറെറാരുസ്ഥാനത്തുനിന്നായിരുന്നു. സുഷുപ്തിയിലെങ്കിലും സുഖപ്രാപ്തിയുടെ സൂചകമായ ചൈതന്യത്തെ ആവിഷ്കരിച്ചും, തന്റെ പാവനമായ പരിചര്യകൾക്കധീനനായും, സമീപസ്ഥമായ രോഗമഞ്ചത്തിൽ ശയിച്ചിരുന്ന ഒരു സുകുമാരകളേബരന്റെ മുഖത്തുനിന്നും നിർഗ്ഗളിച്ച കനകമയൂഖങ്ങളാണു് അവളുടെ കദനഭാരമകററിയ കമ്രവീചികൾ. ആനന്ദാശ്രുക്കളാൽ അവളുടെ നയനങ്ങൾ നിറഞ്ഞു. ആ നേത്രാംബുബിന്ദുക്കളിൽ ചിലതു അവളറിയാതെതന്നെ ആ യുവാവിന്റെ വക്ത്രബിംബത്തിൽ പതിച്ചു. ആ നിർമ്മലങ്ങളായ കണ്ണീർക്കണങ്ങളുടെ മൃദുലസ്പർശം ആ യുവാവിനെ മന്ദംമന്ദമുണർത്തി. അപ്പോൾ അവന്റെ നയനങ്ങൾ പതിച്ച ആ പൂർണ്ണേന്ദുവക്ത്രയുടെ പുഞ്ചിരിയായ പൂനിലാവിൽ അവന്റെ ഹൃദയകുവലയം വിരിഞ്ഞു. ആശാപൂരിതമായ അവന്റെ അഭിനവജീവിതവും ആരംഭിച്ചു. എന്നാൽ ആ കന്യാമണിയുടെ സാന്നിദ്ധ്യവും പരിചരണവും അവമൂലമുള്ള പരമാനന്ദവും പിന്നീടു അ

ധികനേരത്തേയ്ക്കു അവന് സിദ്ധിച്ചില്ല. ആ യുവാവ് ഉണൎന്ന് അല്പനേരംകഴിഞ്ഞപ്പോൾ ആസ്പത്രിയിൽനിന്ന വന്ന പരിചാരകനും സുഖനിദ്രകഴിഞ്ഞുണൎന്നു. മിസ് ജോസഫ് ഉടനെതന്നെ, പരിചരണജോലി അയാളെ ഏല്പിച്ചുംവച്ചു് തൻെറ പവിത്രങ്ങളായ കൃത്യാനുഷ്ഠാനങ്ങൾക്കായി ദേവാലയത്തിലേയ്ക്കുപോയി. അന്നവൾ ദേവാലയത്തിൽനിന്നും മടങ്ങിവന്നതു് പതിവിലധികം താമസിച്ചായിരുന്നു. സൎവ്വേശസന്നിധിയിൽ ആ ശുഭദിനത്തിൽ അവളുടെ ഹൃദയം അൎപ്പിച്ച കൃതജ്ഞതാപ്രകടനം, ഈ പാവനചരിതയുടെ അത്യുൽകൃഷ്ടങ്ങളായ കൃത്യങ്ങളിലൊന്നായിരുന്നു.

മിസ്റ്റർ മാത്യുവിനു സുഖപ്രാപ്തി ആരംഭിച്ചതു മുതൽ മിസ് ജോസഫ് അടുത്തുള്ള പരിചരണം കുറച്ചുതുടങ്ങുകയും ഒടുവിൽ ആയതു് അശേഷം അവസാനിപ്പിക്കുകയും ചെയ്തു. ഇതിൻെറ കാരണം താൻ അൎഹിക്കാത്തവിധത്തിൽ മിസ്റ്റർ മാത്യു വാക്കുകൾകൊണ്ടും ഭാവനകൾകൊണ്ടും തന്നെ ബഹുമാനിക്കുന്നതായി അവൾക്കു തോന്നിത്തുടങ്ങിയതുകൊണ്ടാണ്. എന്നുമാത്രമല്ലാ അത്യാവശ്യമില്ലാത്ത പുരുഷസന്ദൎശനവും സഹവാസവും തൻെറ സന്മാൎഗ്ഗനിഷ്ഠയ്ക്കു് അനുയോജ്യമല്ലെന്നുള്ള നൈസൎഗ്ഗികമായ ആ പ്രചോദനം അവയെ വെടിയുന്നതിന് സൎവ്വദാ അവൾക്കു പ്രേരകമായി വൎത്തിച്ചു കൊണ്ടിരുന്നു.

ഇക്കാലങ്ങളിൽ ആ വൃദ്ധയുടെ അവസ്ഥ എന്തായിരുന്നു എന്നു നമുക്കു നോക്കാം. തൻെറ പുത്രൻ അപമൃത്യുവിൽനിന്നു് രക്ഷപ്രാപിച്ചതിലുള്ള പരമാനന്ദമവൎക്കുണ്ടായതോടുകൂടി അവൻെറ സുഖപ്രാപ്തിക്കു കാരണഭൂതയായ ആ പരിചാരികയോടു്—ആ വനിതാരത്നത്തോടു്— പൂൎവ്വാധികമായ വാത്സല്യവുംബഹുമാനവും അവളെ താൻ അകാരണമായി അധിക്ഷേപിച്ചതിൽ അപാരമായപശ്ചാത്താപവും ഉൽഭൂതമാകുകയും ചെയ്തു. ഈ പശ്ചാത്താപത്തെ എങ്ങിനെയാണ്പ്രദൎശിപ്പിക്കേണ്ടതു്, എന്തുപ്രതിഫലമാണ് അവൾക്കു പ്രദാനം ചെയ്യേണ്ടതു്,എന്നിങ്ങനെ വിചാരിച്ചും അവയ്ക്കുള്ള അവസരം പാൎത്തും വൃദ്ധ സ്ഥിതിചെയ്തു. മിസ് ജോസഫ് ഈ ദിവസങ്ങളിൽ ആ യുവാവിൻെറ സാമീപ്യത്തെയും സന്ദൎശനത്തേ

YOUNG MEN'S READING & ARTS CLUB HOSPITAL JUNCTION MUKKOLA VENGANOOR P.O.

യും പരിത്യജിച്ചിരുന്നു എന്നു മാത്രമല്ലാ വൃദ്ധയെ പരിചരിക്കുന്നതിനുപോലും അവൾ ശ്രമിച്ചിരുന്നില്ല. തന്റെ ഗൃഹഭരണജോലികൾ ബാക്കിയുണ്ടായിരുന്നതു് ശരിപ്പെടുത്തുന്നതിലും ഏകാന്തമായ പ്രാർത്ഥനയിലും പുസ്തകപാരായണത്തിലും അവൾ ദത്തശ്രദ്ധയായി വർത്തിച്ചുപോന്നു. ഇങ്ങിനെഅവൾ പ്രവർത്തിച്ചുപോന്നതു് അവിടെനിന്നു നിർബാധമായി മടങ്ങിപ്പോകുവാനുള്ള ഒരുക്കമായിട്ടായിരുന്നു. ഇങ്ങിനെ ഇരിക്കെ, ഒരു ദിവസം മിസ് ജോസഫ് ഒരു കത്തെഴുതി പൊന്നുസ്വാമിവശം മിസ്റ്റർ മാത്യുവിന്റെപേർക്കയച്ചു. പൊന്നുസ്വാമി ആ കത്തു് അന്നു സായാഹ്നത്തിൽതന്നെ മിസ്റ്റർ മാത്യുവിനു കൊടുക്കയുംചെയ്തു. ഈ ലേഖനത്തെ ആ യുവാവു് എത്രപ്രാവശ്യം വായിച്ചെന്നോ, എങ്ങനെയുള്ള ചേതോവൃത്തികളോടുകൂടി വായിച്ചുഎന്നോ ഊഹിക്കയാണുത്തമം. എന്നാൽ അങ്ങനെ ഊഹിക്കാൻ ഉദ്യമിക്കുന്നതിനുമുൻപു്, മിസ് ജോസഫിനോടുള്ള മിസ്റ്റർ മാത്യുവിന്റെ മാനസികസ്ഥിതികൾ എങ്ങിനെയായിരുന്നുവെന്നു് നമുക്കു ചിന്തിക്കാം. ഈ യുവതി സ്വപ്രാണനെപ്പോലും തൃണവൽഗണിച്ചു് തന്റെ ഭയങ്കരരോഗത്തോടെതിരിട്ടതും, ഒരു മാതാവിനെക്കാൾ ആർദ്രതയോടും, ഒരു സഹോദരിയെക്കാൾ വാത്സല്യത്തോടും, ഒരു ഡാക്ടരെക്കാൾ സാമർത്ഥ്യത്തോടും തന്നെ ശുശ്രൂഷിച്ചതും ചികിത്സിച്ചതും താൻ വമിച്ച വിഷദൂഷിതമായ ആ മലിനസാധനം യഥാർത്ഥത്തിൽ തന്റെ ഹൃദയരുധിരത്തിന്റെ ആരൂപാന്തരം, അവളുടെ മാറിൽപതിച്ചു നിഷ്പങ്കമായ തങ്കലേപനംപോലെ തിളങ്ങിക്കൊണ്ടിരുന്നതും, ആസന്നമായ അപമൃത്യുവിന്റെ സാന്നിദ്ധ്യത്തിൽപോലും അവളുടെ കരസ്പർശനവും കരുണാമസൃണമായ പരിചരണവും തനിക്കു പരമാനന്ദത്തെ പ്രദാനംചെയ്തുകൊണ്ടിരുന്നതും, അവളുടെ പരിപൂതമായ ഹൃദയം താൻ ദ്രവിക്കത്തക്കവിധത്തിൽ സഹതാപസൂചകമായി തുടിച്ചുകൊണ്ടിരുന്നതും, ആ അവസരങ്ങളിൽ വിശേഷാത്തരമായസൗകുമാര്യസ്ഫുരണം അവളുടെ മുഖാരവിന്ദത്തിൽ ജ്വലിച്ചുകൊണ്ടിരുന്നതും ഓരോന്നായി മിസ്റ്റർ മാത്യുവിന്റെ ഹൃദയാന്തർഭാഗത്തുള്ള നിർമ്മലമായ മർമ്മസ്ഥാനങ്ങളിൽ സുദൃഢങ്ങളായ ഉല്ലേഖപരമ്പരകളെ ലേഖനം ചെ

സ്ഥിരുന്നു. മിസ് ജോസഫ് തന്നെ ശുശ്രൂഷിച്ചുകൊണ്ടിരു ന്നകാലത്തു് ആ യുവതിയുടെ സ്വഭാവവൈശിഷ്ട്യത്തെ പ്ര ദ്യോതിപ്പിക്കുന്ന മററു ചില സംഗതികൾകൂടി മിസ്റ്റർ മാത്യു വിനു ഗ്രഹിക്കാൻസാധിച്ചു. ഹൃദയാവർജ്ജകമായ അവളുടെ സൗശീല്യവും, സങ്കോചവും ആ യുവാവു് തൻെറ രോഗശയ്യ യിൽകിടന്നുകൊണ്ടു നിശ്ശബ്ദമായി നിരീക്ഷിച്ചിട്ടുണ്ടായിരു ന്നു. താൻ ബോധരഹിതനായികിടന്ന ആ നിശ്ശബ്ദനിശീ ഥിനിയുടെ അന്ത്യയാമത്തിൽ ചിലപ്പോഴെല്ലാം തനിക്കു പ്ര ജ്ഞയുണ്ടാവുകയും കണ്ണു തുറന്നു നോക്കുകയും ചെയ്യുപ്പോൾ ആസ്പത്രിയിൽനിന്നും തന്നെ ശുശ്രൂഷിപ്പാൻവന്ന പരിചാര കനും ചിരകാലമായി തൻെറ അശനോപജീവികളായി വ ത്തിച്ചുപോന്ന ഭൃത്യവഗ്ഗവും തന്നെ ജീവിതസവ്സ്വമായിക രുതിപ്പോരുന്ന പ്രിയമാതാവും ഗാഢനിദ്രയെ പ്രാപിച്ചിരു ന്ന അവസരങ്ങളിൽപോലും മിസ് ജോസഫ് ഉണൎന്നിരുന്നു് തന്നെ പരിചരിക്കുന്നതുകണ്ടു. ആ മുറിയിലേയും വിശാലമാ യ ആ മന്ദിരത്തിലേയും സകലജീവജാലങ്ങളും സുഷുപ്തിയിൽ ലയിച്ചിരുന്ന അവസരങ്ങളിൽ ഈ യുവതി ഉറക്കം ഒഴിച്ചിരു ന്നു് എന്തു പരിചരണമായിരിക്കാം നടത്തിയതു്? ആ രോഗ ശയ്യയുടെ പ്രാന്തപ്രദേശത്തു തറയിൽ മുട്ടുകുത്തിനിന്നുകൊണ്ടും അവളുടെ ജപമാലയെ—ആ യുവാവിൻെറ മാതാവിനാൽ അൎത്ഥശൂന്യമെന്നു് അവഹേളിക്കപ്പെട്ട ആ പവിത്രമായ മാല യെ—കരത്തിൽ വഹിച്ചുകൊണ്ടും അവൾ സവ്വേശ്വരസന്നി ധിയിൽ പ്രാൎത്ഥിക്കയായിരുന്നു. ലോകോത്തരവും, പ്രശാന്ത രമണീയവും, പവിത്രാൽ പവിത്രതരവും ആയ പ്രാൎത്ഥനാപ രിചരണംകൊണ്ടു് നിസ്സഹായനായ ഈ യുവാവിനെ അവൾ ഫലോന്മുഖമായ പരിചയ്യചെയ്യുയായിരുന്നു. കനകത്തേ ക്കാൾ മാറേററിയ ആ മനോജ്ഞമാല്യത്തിൻെറ മാണിക്യമ ണികളെ ഈ യുവതി കരാംഗുലികളാൽ ഓരോന്നായി ചലി പ്പിക്കുന്നതുകണ്ടപ്പോൾ ആ പാവനമനസ്വിനിയോടു തൻെറ ഹൃദയതന്ത്രികളെ ആജീവനാന്തം ബന്ധിക്കുന്ന ബന്ധുരമായ കാഞ്ചനശൃംഖലയുടെ തങ്കക്കണ്ണികളെ അവൾ കോൎക്കുകയാ ണെന്നു് ആ യുവാവിനുതോന്നി. അപ്പോൾ ആ പുണ്ഡരീകാ

പരിപൂതദ്യുതികൾ ആ യുവാവിൻെറ അന്തരംഗത്തെ, അതി ന്ന ഏതാവൽപൎയ്യന്തം അജ്ഞാതമായിരുന്ന ആദ്ധ്യാത്മികാന ന്ദവാദ്ധിയുടെ തരംഗപരമ്പരകൾക്കിടയിൽ തരണം ചെയ്യി ച്ചിരുന്നു.

പരമാൎത്ഥമായ പ്രണയത്തിൻെറ പ്രസ്ഥാനം കൃതജ്ഞത യും ബഹുമാനവും ആണെന്ന് പറയുന്നതു് വാസ്തവമാണെങ്കി ൽ തൻെറ പ്രാണനാഥയെന്ന സ്ഥാനത്തിന്ന് മിസ് ജോസഫ് തന്നെയാണ് അഹ എന്ന് മിസ്റ്റർ മാത്യു വിചാരിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ. മിസ് ജോസഫ് ആരാണെന്നുള്ള പ്രശ്നത്തേയും മിസ്റ്റർ മാത്യു അഭിമുഖീകരിക്കാതിരുന്നില്ല. വിദ്വാനും സമൎത്ഥനും ആയ .ഈ യുവാവിന്ന് ഈ യുവതി ആരാണെന്ന് കണ്ടുപിടിപ്പാൻ യാതൊരു പ്രയാസവും ഉണ്ടാ യിരുന്നില്ല. അവളുടെ കുടുംബത്തിൻെറ കുലീനതയേയും, അ തീതചരിതത്തിൻെറ ഔൽകൃഷ്ട്യത്തേയും അച്ഛാദനം ചെയ്തി രുന്ന തിരസ്ക്കരിണിയിലൂടെ അവളുടെ യഥാൎത്ഥ സ്ഥിതി കളെ അവലോകനം ചെയ്വാൻ ഈ സമൎത്ഥനായ പഠിതാ വിന്ന് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. ഇപ്രകാരമു ള്ള തരുണീതല്ലജം ജനിച്ച കുടുംബവും, അവളെ വളൎത്തിക്കൊ ണ്ടുവന്ന മതാദൎശങ്ങളും പോഷിപ്പിച്ച സാഹചൎയ്യങ്ങളും ഉൽ കൃഷ്ടങ്ങൾ തന്നെയാണെന്ന് ആ യുവാവ് നിഷ്പ്രയാസം ധരി ച്ചു. താൻ ഒരു പ്രോട്ടസ്റ്റാൻറുമതാവലംബിയും മിസ് ജോസ ഫ് ഒരു കത്തോലിക്കാവനിതയും ആണെന്നുള്ള സംഗതിയും മിസ്റ്റർ മാത്യു ഗൗനിക്കാതിരുന്നില്ല. എന്നാൽ ഈ രണ്ടുകൂട്ട രും ഇടകലൎന്നു വസിക്കുന്ന ഇംഗ്ലണ്ടിലും മററും കത്തോലിക്കാ യുവതികൾ പ്രോട്ടസ്റ്റൻറു യുവാക്കന്മാരെ വിവാഹം കഴിച്ച് ഓരോ കൂട്ടരും അവരുടെ മതാചാരങ്ങൾ അനുസരിച്ചു ജീവി ക്കുന്ന സംഗതി മിസ്റ്റർ മാത്യു ഗ്രഹിച്ചിട്ടുണ്ടായിരുന്നു. ആക യാൽ ആയതും ഒരു ദുൎഘടമായ സംഗതിയായി മിസ്റ്റർ മാത്യു വിനു തോന്നിരുന്നില്ല. അഭിമാനചിത്തയായ തൻെറ മാതാ വിനെ ഈ യുവതി തൻെറ മഹാമനസ്കതകൊണ്ടു് അശേഷം പരാജയപ്പെടുത്തിക്കളഞ്ഞുവെന്നുള്ള സംഗതി മിസ്റ്റർ മാത്യു വിന്ന് അറിയാമായിരുന്നു. താൻ ആ ഭയങ്കരരോഗത്തിൻെറ കരാളവക്ത്രത്തിൽ നിന്നും വെളിക്കുവന്ന അവസരത്തിൽ

മാതാവ് ഒരിക്കൽ മിസ് ജോസഫിനെ സംബന്ധിച്ച് ഇപ്ര കാരം പ്രസ്താവിക്കയുണ്ടായി. "ഹാ! ഇവരം ഞങ്ങളെ രക്ഷി പ്പാൻ വന്ന ദേവദൂതിയാണ്. ഇവരം ഒരു റോമാക്കാരി അല്ലാ യിരുന്നുവെങ്കിൽ ഹാ—!" എന്ന അദ്ധോക്തിയിൽ വിരമി ച്ചുകൊണ്ടു ആ സാധുവൃദ്ധ ദീർഘശ്വാസം വിട്ടുന്നതും യുവാവു കേട്ടു. മാതാവിന്നു മതപരമായ വല്ല വിപരീതാഭിപ്രായങ്ങരം ഉണ്ടായിരുന്നാൽ തന്നെയും മിസ് ജോസഫിൻെറ ഇംഗിത ങ്ങരം കൂടി അറിഞ്ഞിട്ടു് അവരെ പറഞ്ഞു സമ്മതിപ്പിച്ചു കൊള്ളാമെന്ന് മിസ്റ്റർ മാത്യു വിചാരിച്ചിരുന്നു. ഇങ്ങനെ അവധാനപൂർവ്വം ചിന്തിച്ചുനോക്കിയതിൽ ആകൃതികൊണ്ടും പ്രകൃതികൊണ്ടും മിസ് ജോസഫ് തനിക്ക് അനുയോജ്യയായ സഹധർമ്മചാരിണിയായിരിക്കുമെന്നു മിസ്റ്റർ മാത്യുവിന്നു ദൃഢ ബോദ്ധ്യമായി. ഈ വിധമൊക്കെയായിരുന്നു അടുത്തുകഴി ഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ മിസ്റ്റർ മാത്യുവിൻെറ അന്തരംഗത്തിന്നു വിഷയമായ ഗുരുതരങ്ങളായ ചിന്താവിശേഷങ്ങളുടെ സ്ഥിതി ഗതികരം. മിസ് ജോസഫിനോടുള്ള ഈ അപാരമായ കൃത ജ്ഞതയേയും ബഹുമാനത്തേയും പ്രണയത്തേയും അവസരോ ചിതം അവളെ ഗ്രഹിപ്പിക്കണമെന്നും, തൻെറ മാതാവു പറ ഞ്ഞ പരുഷവാക്കുകരംക്ക് ക്ഷമാപണം ചെയ്യണമെന്നും ആ യുവാവ് ഉദ്ദേശിച്ചും അതിന്ന് അവസരം പാർത്തും ഇരിക്കുമ്പോ ഴാണ് അവിചാരിതമായും തൻെറ മനോരഥങ്ങരംക്കു പ്രതി കൂലമായുമുള്ള മേൽപ്രസ്താവിച്ച കത്തു കിട്ടിയതു്. ആ കത്തു ഇപ്രകാരമായിരുന്നു.

റെസ്പെക്ടെഡ് സർ,

അവിടുത്തെ മാതാവിൻെറ ദീനം ഇപ്പോരം മിക്കവാറും സുഖമായിരിക്കുന്നൊന്നുതന്നെയല്ല ഇപ്പോരം സാറും ഇവിടെ വന്നുചേർന്നിട്ടുണ്ടല്ലോ. ഇനി ഞാൻ ഇവിടെ താമസിക്കേണ്ട കാര്യവുമില്ല. ഞാൻ ഏറ്റിട്ടിരുന്ന കാലാവധിയും ഇന്നവസാ നിക്കയാണ്. ആയതുകൊണ്ടു് നാളെ കാലത്തു് ആശ്രമത്തി ലേയ്ക്കുമടങ്ങിപ്പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആയതി ന്നു സാറും അമ്മയും ദയാപൂർവ്വം അനുവദിക്കണമെന്ന് അപേ ക്ഷിക്കുന്നു. ബാക്കി കാര്യങ്ങരം സിസ്റ്റർ ആഞ്ചലിക്കായുമായി പറഞ്ഞുകൊണ്ടാൽ മതി. സകല കണക്കുകളും ശരിപ്പെടുത്തി

പൊന്നുസ്വാമിയെ ഏല്പിച്ചിട്ടുണ്ടു്. അമ്മയെ കണ്ടു് വിവരമായി കാൎയ്യങ്ങൾ സംസാരിച്ചുകൊള്ളാം. ഞാൻ ഇവിടെ താമസിച്ചിരുന്ന ദിവസങ്ങളിൽ സാറും അമ്മയും എന്നോടു പ്രദൎശിപ്പിച്ചിട്ടുള്ള കാരുണ്യാതിരേകങ്ങൾക്കായി എന്റെ ഹൃദയപൂൎവ്വവും വിനയസമന്വിതവുമായ കൃതജ്ഞതയെ പ്രദൎശിപ്പിച്ചുകൊള്ളുന്നു.

എന്നു് അവിടുത്തെ ആശ്രിത,
മിസ് ജോസഫ് (ഒപ്പു്.)

മിസ്റ്റർ മാത്യു ഈ ലേഖനത്തെ പലപ്രാവശ്യം വായിച്ചു എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. തനിക്കുവേണ്ടി ജീവനെപ്പോലും അപകടത്തിലാക്കി തന്നെ ചികിത്സിക്കയും ശുശ്രൂഷിക്കയും ചെയ്ത ആ യുവതി അതു സംബന്ധമായി ഒരക്ഷരം പോലും പ്രസ്താവിച്ചുകാണാത്തതു് അവളുടെ ശാലീനമനസ്ഥതക്കു് അനുയോജ്യമായിരുന്നുവെങ്കിലും മിസ്റ്റർ മാത്യുവിനു് തീവ്രമായ മനോവേദനയ്ക്കുകാരണമാക്കി. ഈ കത്തിനു് താൻ എന്തുസമാധാനമാണു് പറയേണ്ടതു്, എങ്ങിനെയാണു് ആയതു് പ്രസ്താവിക്കേണ്ടതു്, ഏതുവിധമാണു് തന്റെ ഇംഗിതങ്ങളെ വെളിപ്പെടുത്തേണ്ടതു് എന്നിങ്ങനെയുള്ള വിചാരസരണികളിൽ പെട്ടു് ആ യുവാവു് വഴികാണാതെ കുഴങ്ങി. ഏതായാലും ചിന്തിക്കേണ്ടകാലം കഴിഞ്ഞെന്നും പ്രവൎത്തിക്കേണ്ടകാലം അത്യാസന്നമായിരിക്കുന്നുവെന്നും മനസ്സിലാക്കി. ഒരു കത്തുമൂലം തന്റെ ആശയത്തെ വെളിപ്പെടുത്തുകയാണോ, അതോ ഒരഭിമുഖസംഭാഷണം നടത്തുകയാണോ വേണ്ടതു് എന്നു ചിന്തിച്ചതിൽ അഭിമുഖസംഭാഷണം നടത്തുകയാണു് ഉത്തമമെന്നു് തോന്നുകയാൽ അന്നുതന്നെ ആയതു ചെയ്യുകയാമെന്നു തീൎച്ചയാക്കി ആയതിനു് അവസരം പാൎത്തിരിക്കയും ചെയ്തു.

അന്നു അത്താഴം കഴിഞ്ഞു് ഓരോരുത്തരും അവരവരുടെ ശയനമുറികളിൽ പ്രവേശിച്ചു് അധികനേരം കഴിയുന്നതിനുമുമ്പു്, മിസ്റ്റർ മാത്യു മിസ് ജോസഫിന്റെ മുറിയിലേയ്ക്കു മന്ദമന്ദം നടന്നു. തന്റെ ഏതൽകാലപൎയ്യന്തമുള്ള ജീവിതത്തിനിടയിൽ ആ മുറിയിലേയ്ക്കു പലപ്രാവശ്യവും അവൻ ഇതി

നമുമ്പ് സഞ്ചരിച്ചിട്ടുണ്ടെങ്കിലും ഇന്നത്തെപ്പോലെയുള്ള ചേതോവൃത്തികൾ അവനു ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. താൻ ജീവിതസർവ്വസ്വമായി സ്നേഹിപ്പാൻ പഠിച്ച ആ തരുണീമണിയെ, തൻെറ സുഖത്തിലും ദുഃഖത്തിലും ഭാഗഭാക്കാകാനുള്ള ആ യുവതീരത്നത്തെ, ആയതിലേയ്ക്കു ക്ഷണിക്കുന്നതിനുള്ള ആ പ്രയാണം! ഹാ! ഇതിനേക്കാൾ പരമോൽകൃഷ്ടവും പരമാനന്ദപ്രദവും ആയ ഒരു പ്രയാണം ഇതിനുമൻപ് താൻ നടത്തിയിട്ടുള്ളതായി അവനു തോന്നിയില്ല. "അവൾ തൻെറ പാവനങ്ങളായ ഇംഗിതങ്ങളെ സമാദരിക്കുമോ? താൻ സസന്തോഷം നീട്ടിക്കൊടുക്കുന്ന ആ പാണിതലത്തെ അവൾ പരിഗ്രഹിക്കുമോ? അതോ അവൾ തിരസ്കരിക്കുമോ? എന്തുകൊണ്ടവൾ സ്വീകരിക്കയില്ല. അവൾ ഹൃദയമുള്ള ഒരു തരുണീമണിയല്ലേ? എന്നാൽ ഒരു നോക്കുകൊണ്ടുപോലും അവൾ തന്നെ പ്രോത്സാഹിപ്പിച്ചിട്ടില്ലല്ലോ. തനിക്കുവേണ്ടി സ്വജീവനെ ബലികഴിക്കുവാൻ അവൾ സന്നദ്ധയായിരുന്നില്ലേ. പക്ഷേ, അവളുടെ അലംഘനീയവും, ഹൃദയാവർജ്ജകവും ആയ സങ്കോചമായിരിക്കാം അവളെ തടുത്തു നിർത്തിയിരിക്കുന്നതു്. അവൾ തൻെറമനോരഥങ്ങളെ ബഹുമാനിക്കാതിരിക്കയില്ല." ഇങ്ങനെയുള്ള പലമാതിരി വിചാരങ്ങളോടുകൂടിയാണ് അവൻ ആ യുവതിയുടെ സമീപസ്ഥത്തേയ്ക്കുചെന്നതു്. ആ ഗൃഹാങ്കണത്തിൽ പുഷ്പിച്ചു നിന്നിരുന്ന റോസ, മുല്ല മുതലായ പ്രസൂനങ്ങളുടെ സൗരഭ്യംവഹിച്ച മന്ദമാരുതൻ പരമാനന്ദപ്രദമായ പരിമളധോരണിയെ ആ മുറിയിലും പരിസരങ്ങളിലും പരത്തിയിരുന്നു. അടുത്തുണ്ടായിരുന്ന ആരാമത്തിലെ മാകന്ദശാഖിയിൽ ചൂതാങ്കുരംഅശിച്ചു സംതൃപ്തിപൂണ്ടുനിവസിച്ചിരുന്ന കോകിലമിഥുനങ്ങൾ പ്രണയപ്രദ്യോതകങ്ങളായ കളകൂജനത്താൽ കല്യാണഗാനം മുഴക്കിക്കൊണ്ടിരുന്നു. നീലാംബരമായ പരിണയശാലയിൽ വരാഗമപരായണയായ വധുവെന്നപോലെ ജ്യോതിർഗണമണിവിളക്കുകളേന്തിയ താരാളിയായ സഖീസഞ്ചയത്താൽ പരിസേവിതയായി ആ പൂങ്കുളിർമതി പുഞ്ചിരിയായ പൂനിലാവിനെ പൂഞ്ചേലയായ തുഹിനയവനികയിൽ കൂടി ചഞ്ചലിപ്പിച്ചുകൊണ്ടു സ്ഥിതിചെയ്തിരുന്നു. ഏതാദൃശങ്ങളായി രമണീയങ്ങളായിരിക്കുന്ന അനുകൂലസാഹച

യ്യങ്ങളോടുകൂടി, ആ ഗൃഹാധിപൻ—ആ മനോജ്ഞരൂപൻ ആ കന്യകാമണിയുടെ ഏകാന്തവസതിയുടെ സമീപത്തിലെത്തി. ആ മുറിയുടെ ജാലകങ്ങൾ തുറന്നു കിടന്നിരുന്നുവെങ്കിലും കവാടങ്ങൾ ബന്ധിച്ചിരുന്നു. ആ യുവതി എന്തോ വായിച്ചുകൊണ്ടിരിക്കയായിരുന്നു. തുറന്നുകിടന്ന വാതായനദ്വാരം വഴി അവൻ ആ യുവതിയെ നോക്കിക്കൊണ്ടും എന്തൊണു ചെയ്യേണ്ടതെന്നു നിശ്ചയമില്ലാതെയും കുറേനേരം നിന്നു. പാരായണത്തിൽ പരായണയായിരുന്ന ആ യുവതിയാകട്ടെ, തൻെറ പ്രണയത്തെ കാംക്ഷിച്ചുകൊണ്ടും, പരിചാരികയെന്ന വിനീതസ്ഥാനത്തുനിന്നും ഗൃഹനായികയെന്ന ഉന്നതസ്ഥാനത്തേയ്ക്കു തന്നെ ഉയൎത്താൻ സന്നദ്ധനായും വെളിയിൽകാത്തുനിന്നിരുന്ന ആ ഭവനാധിപൻെറ സാന്നിദ്ധ്യത്തെപ്പററിയോ അഭിപ്രായങ്ങളെപ്പററിയോ യാതൊന്നും അറിഞ്ഞിരുന്നില്ല. ആ യുവാവു അല്പനേരംകൂടി ഇങ്ങനെനിന്നശേഷം ആ മണിയറയുടെ കവാടബന്ധങ്ങളിൽമുട്ടിവിളിച്ചു. 'ആരാണു്' എന്നു മഞ്ജുളമായ മന്ദസ്വരത്തിൽ ചോദിച്ചുകൊണ്ടു് ആ യുവതിവന്നുകതകുതുറന്നു. ആ യുവാവിനെക്കണ്ടു മന്ദസ്മിതത്തോടും എന്നാൽസങ്കോചത്തോടുംകൂടി അവൾ കവാടമറയിലേയ്ക്കു് സ്വല്പം മാറിനിന്നുകൊണ്ടു് ആഗതനെ അഭിവാദ്യം ചെയ്തു. അന്നാകട്ടെ, അടുത്തു കഴിഞ്ഞ ദിവസങ്ങളിലാകട്ടെ, അവർ പരസ്പരം ദൎശിച്ചിട്ടില്ലായിരുന്നു. മിസ്റ്റർ മാത്യു ആ അഭിവാദ്യവചനങ്ങൾക്കു് പ്രത്യുത്തരം പറഞ്ഞെങ്കിലും വിഗതപ്രജ്ഞനെപ്പോലെ സ്വല്പനേരം നിന്നശേഷം ഇങ്ങനെ സംഭാഷണം തുടങ്ങി—"പൊന്നുസ്വാമിവശം കൊടുത്തയച്ച കത്തു കിട്ടി. എനിക്കു സ്വച്ഛന്ദമായി നടക്കത്തക്ക ദേഹസുഖം ഇപ്പോൾ മാത്രമാണു് സിദ്ധിച്ചിട്ടുള്ളതു്. ആ അത്യാപത്തിൽ നിന്നു്, ആ ഭയങ്കരരോഗത്തിൽനിന്നു്, എൻെറ ജീവനെരക്ഷിച്ചതു ഭവതിയാണെന്നു എനിക്കറിയാം. ആയതിൽ എനിക്കുള്ള കൃതജ്ഞതയേയും ഭവതിയോടുള്ള പരമാൎത്ഥമായ ബഹുമാനത്തേയും പ്രദൎശിപ്പിക്കുന്നതിനായിട്ടാണു് ഞാൻ ഇപ്പോൾ വന്നിട്ടുള്ളതു്."

മിസ് ജോസഫ്—"അതിനായിട്ടു് ഇത്രത്തോളം അവിടുന്നു് ബുദ്ധിമുട്ടിവരേണ്ടകാൎയ്യമില്ലായിരുന്നു. ഇവിടെ പരിച

രണത്തിനായിട്ടാണ് ഞാൻ വന്നിട്ടുള്ളതു്. അങ്ങനെ ഇരി ക്കെ ഗൃഹാധിപനായ അവിടുത്തേയ്ക്കു് യാദൃശ്ചികമായുണ്ടായ ആ രോഗത്തിൽ സ്വല്പം ശുശ്രൂഷചെയ്‌വാൻ സംഗതിയാ യതിൽ എന്തു കൃതജ്ഞതയ്ക്കാണ് അർഹതയെന്നു് മനസ്സിലാ കുന്നില്ല. അവിടുത്തെപ്പോലെയുള്ള ഒരു സൽഗുണസംയുക്ത നെ ശുശ്രൂഷിപ്പാൻ അവസരം ലഭിച്ചതിൽ കൃതഞ്ജത പ്രദ ശിപ്പിക്കേണ്ടതു് ഞാനാണ്. ഏതായാലും അവിടുന്നു പ്രദ ശിപ്പിക്കുന്ന ഈ മഹാമനസ്കതയ്ക്കു് ഞാൻ എന്നും നന്ദിയുള്ള വളായിരിക്കും."

പണ്ഡിതനും വാഗ്മിയും ആയ മിസ്റ്റർ മാത്യു സംഭാഷ ണംതുടരാൻ വാക്കുകൾകിട്ടാതെ വിഷമിച്ചു. അയാളുടെ ഹൃദ യം തുടിക്കുന്നതു് ആ യുവതിക്കുപോലും കേൾക്കാമായിരുന്നു. മിസ് ജോസഫിന്നു് യുവാവിൻെറ ഈ പരിഭ്രമത്തിൻെറ കാര ണം ശരിയായിമനസ്സിലായില്ല. എങ്കിലും ഭവതിയെന്നും, ബ ഹുമാനമെന്നുംമററുമുള്ള പദപ്രയോഗങ്ങളും മ്ലാനമായ ആ മു ഖഭാവവും അവ്യക്തങ്ങളായ ചില അഭ്യൂഹങ്ങളെ അവളിൽ ഉ ളവാക്കാതിരുന്നില്ല. ആകയാൽ താൻ ഇതുവരെ അനുഭവി ച്ചിട്ടില്ലാത്ത ചില ചേതോവൃത്തികൾ അവളുടെ മസൃണഹൃദ യത്തെഅഭിമുഖീകരിച്ചു. എന്നാൽ ആ വിചാരങ്ങളെ അവൾ നിയന്ത്രണംചെയ്തുകൊണ്ടു് ഇപ്രകാരം സംഭാഷണം തുടന്നു.

"ഞാൻ അയച്ച കത്തു വായിച്ചിരിക്കുമല്ലോ. എനിക്കു നാളെത്തന്നെ ആശ്രമത്തിലേക്കു മടങ്ങിപ്പോകണം. അതു ദയാ പുരസ്സരം അനുവദിക്കണം"

മിസ് ജോസഫിൻെറ ഹൃദയാവർജ്ജകമായ ഈ പ്രഭാ ഷണം കേട്ടപ്പോൾ മിസ്റ്റർ മാത്യു ധൈര്യമവലംബിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു. "ഭവതിയുടെ പരിചരണകാലാവധി ക ഴിഞ്ഞുവെന്നെനിക്കറിയാം. എന്നാൽ ഒരു പരിചാരികയാ യിട്ടല്ലാ ഭവതിയെ ഞാൻ കരുതിയിരിക്കുന്നതു്. അങ്ങനെ ആ യിരുന്നെങ്കിൽ ഞാൻ ഈ വിധം ഇന്നിവിടെ വരികയില്ലാ യിരുന്നു."

മിസ് ജോസഫ്-"അവിടുന്നു് പറഞ്ഞതു് ശരിയാണ്. പരിചാരികയെന്ന എൻെറഅവസ്ഥകഴിഞ്ഞു. ഇനിയും എ ന്നെ അവിടുത്തെ സഹോദരിയായി കരുതിക്കൊണ്ടാൽമതി.

അപ്രകാരം മേലിൽ അങ്ങ് എന്നെ ഗണിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു. എൻെറ ഏകോദരസഹോദരൻ ജീവനോട്ടുകൂടിയില്ലെങ്കിലും അങ്ങ് എൻെറസഹോദരൻ തന്നെയാണെന്നുള്ള സങ്കല്പമാണ്, അവിടത്തെ അപ്രകാരം ശുശ്രൂഷിപ്പാൻ എനിക്ക് ധൈര്യം തന്നത്"

തൻെറ അഭിലാഷങ്ങളെ വെളിപ്പെടുത്താൻ യുവതിയുടെ സംഭാഷണം തടസ്സമായി തോന്നിയെങ്കിലും മിസ്റ്റർ മാത്യു തുടൎന്നു പറഞ്ഞു.

"ഭവതി പറഞ്ഞതു ശരിയാണ്. എൻെറ സഹോദരിയാണെന്നാണ് ഞാനും ധരിച്ചിരുന്നതു്. എന്നാൽ ആ ഭയങ്കരരോഗത്തിൽ എന്നെ പരിചരിച്ചപ്പോഴാണ് എൻെറ സഹോദരിയല്ലെന്നും അതിലും ഉന്നതമായ ഒരു സ്ഥാനത്തിനു എന്നെ സംബന്ധിച്ചിടത്തോളം ഭവതി അൎഹയാണെന്നും എനിക്കു മനസ്സിലായതു്. എൻെറ അന്തരംഗഗതമായ ആ അറിവുതെററല്ലെന്ന് ഭവതിയുടെ പരിപൂതഹൃദയം സമ്മതിക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ആയതുകൊണ്ടു് പാവനമായ എൻെറ പ്രണയത്തെ ഇതാ ഞാൻ ഭവതിക്കു സമർപ്പിക്കുന്നു. തത്തുല്യമായ ചിത്തവൃത്തികളോടുകൂടി ആയതിനെ സ്വീകരിക്കണമെന്നും, ഇതുവരെ കാൽ പതിക്കുവാൻ ഞാൻ കാംക്ഷിച്ചിട്ടില്ലാത്ത പരിണയമെന്ന പാവനസോപാനത്തിൻെറ കാഞ്ചന കല്പടകളിൽ ഭവതിയുടെ കരപല്ലവം അവലംബിച്ചു കയറുവാൻ എന്നെ അനുവദിക്കണമെന്നും അഭ്യൎത്ഥിച്ചുകൊള്ളുന്നു."

ഹേ! നിൽക്കൂ! മതിമയങ്ങിയ മണാള! നിൽക്കൂ! ഈ മനോഹരിയുടെ മനോമണവറ വാതലിൽ മുട്ടുവാൻ വരട്ടെ. നിൻെറ ചേതസ്സപ്പിക്കുന്ന പ്രണയമൃണാളം വിണ്ണാൻവിരിഞ്ഞ സുവൎണ്ണപുണ്ഡരീകങ്ങൾകണ്ട സന്യാസിനീസഹചാരിണിയുടെ ഹൃദയമരാളത്തിന് അശനയോഗ്യമാണോ! എന്തോ! ആ യുവതി എന്തു ചെയ്യുന്നുവെന്നു നോക്കാം. അവളാകട്ടെ, ഈ സംഭാഷണം ശ്രവിച്ചപ്പോൾ അധോമുഖിയായും നിശ്ചേഷ്ടയായും കുറെനേരം നിന്നു. പരസ്പരം മർദ്ദിപ്പാൻ യതിച്ച് കുതിച്ചുപൊങ്ങുന്ന എന്തോ വിപരീതങ്ങളായ വികാരതരംഗ

പരമ്പരകൾ അവളുടെ ഹൃദയതടിനീതടത്തിൽ വിജൃംഭണം ചെയ്യുന്നുണ്ടെന്ന് ആ മുഖഭാവം പ്രത്യക്ഷമാക്കി. ആനമ്രമായ ആ വദനം ആകമ്രനൈർമ്മല്യത്തിന്റെ നിസ്തുല്യനിദർശനമായി അപ്പോൾ ആ യുവാവിനുതോന്നി. ആദിത്യചന്ദ്രന്മാരുടെഒരുമിച്ചുള്ളഉദയത്തിൽ വിരിയാനും കൂമ്പാനും വഹിയാതെവലയുന്നകമലമാണ് ലോകത്തിലെ കമനീയവസ്തുക്കളിൽ തിലകമായിട്ടുള്ളതെന്ന് കവികൾപറയുന്നു. അനുരൂപനായപുരുഷന്റെ അനപരാധമായ അനുരാഗപ്രഖ്യാപനശ്രവണത്തിൽ അകമലരലിയുന്നെങ്കിലും, ഗുരുതരങ്ങളായ കാരണങ്ങളാൽ അനുകൂലമായ മറുപടി പറയുവാൻ സാധിക്കാതെ പരുങ്ങുന്ന തരുണീമണിയുടെ മനോമുകുരപ്രതിബിംബകമായ മുഖകമലമാണ് കവികൾ കല്പനാലോകത്തിൽ മാത്രം കാണിക്കുന്ന സൂര്യചന്ദ്രസങ്കുലമായപങ്കജത്തിന്റെ ജന്മപ്രദേശമെന്ന് വിമർശകൻ വിവക്ഷിക്കുന്നു. വിമർശകന്റെ ഈ നിരൂപണം ഏറെക്കുറെ സാർത്ഥകമായിട്ടുള്ളതാണെന്ന് ഈ യുവതിയുടെ അപ്പോഴത്തെ മുഖഭാവം സാക്ഷ്യംവഹിച്ചു. ഉത്തരമൊന്നും പറയാതെ ഇതികർത്തവ്യതാമൂഢയായി അവൾ കുറെനേരം നിന്നശേഷം ഇങ്ങനെ പ്രസ്താവിച്ചു.

"അങ്ങ് എന്നെ തെററിദ്ധരിക്കരുത്. തെററിദ്ധരിക്കാൽ ഇടവന്നാൽ എനിക്കു സങ്കടമാണ്. അവിടുന്ന് ഈ പറയുന്നതു് ഒന്നും എനിക്കു മനസ്സിലാകുന്നില്ല. ആശ്രമാദ്ധ്യക്ഷയുടെ ആജ്ഞയനുസരിച്ച് ഒരു ക്ലിപ്ത കാലത്തേയ്ക്കു് ഈ ഗൃഹത്തിൽ അവിടത്തെ മാതാവിനെ ശുശ്രൂഷിപ്പാൻ മാത്രം വന്ന പാവപ്പെട്ട ഒരു പരിചാരികയാണുഞാൻ. ആദർശങ്ങളിലും സ്ഥിതിഗതികളിലും എത്ര വിദൂരങ്ങളായ അവസ്ഥാന്തരങ്ങളിലാണ് നാം അധിവസിക്കുന്നതു്. ഈ സംഗതികളൊന്നും ഗണിക്കാതെ അങ്ങ് ഈവിധം എന്നോട്ട് സംസാരിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അവിടേയ്ക്കു ശരീരസുഖം സിദ്ധിച്ചെങ്കിലും മനസ്സിന്റെ ക്ഷീണം മാറിയിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്. ആകയാൽ ഈ അഭിനിവേശങ്ങളൊക്കെ മനസ്സിൽ നിന്ന് അകലെക്കളഞ്ഞു് ദയാപൂർവ്വം അങ്ങ് മടങ്ങിപ്പോകണം."

സങ്കടസമ്മിശ്രമെങ്കിലും ഗൌരവസംയുക്തമായ ഈ സംഭാഷണം കേട്ടപ്പോൾ ആ യുവാവു് ശിഥിലമനോരഥനായി ഭവിച്ചു. അധോമുഖനായും, നിശ്ചേഷ്ടനായും കുറെനേരം നിന്നു. പിന്നെ ദൃഷ്ടികൾ ഉയൎത്തിനോക്കിയപ്പോൾ മിസ് ജോസഫ് ആ മുറിയുടെ ഒരു ഭാഗത്തെ മുട്ടിന്മേൽ നിന്നു പ്രാൎത്ഥിക്കുന്നതു കണ്ടു. അവളുടെ മുഖാരവിന്ദം തുമുത്തുതോററ ബാഷ്പാവലിയായ തുഷാരബിന്ദുക്കളാൽ അലംകൃതമായിരുന്നു. എന്നാൽ അതിനേക്കാൾ ഹൃദയാവൎജ്ജകമായി അവളുടെ പേലവമായ പാടലപാണിയിൽ ജപമാലയുടെ പവിത്രമണികൾ ചലിച്ചുകൊണ്ടിരുന്നു. അവന്റെ മനോഗതിയായ ആ മാതംഗത്തെ ആ മഞ്ജുളശൃംഖല, ആ മാണിക്യശൃംഖല, ആ **കാഞ്ചനശൃംഖല** കെട്ടിയിടുകയാൽ അവളുടെ നിൎഭംഗഭജനത്തെഭേദിപ്പിക്കുന്നതിനോ, സംഭാഷണംതുടരുനതിനോ ആ യുവാവിനു ശക്തിയുണ്ടായിരുന്നില്ല. കരഗതമെന്നു കരുതിയിരുന്ന ആ അരുമക്കപോതിക താൻ പ്രദാനം ചെയ്ത കളത്രപദമെന്ന കനകപഞ്ജരത്തിന്റെ കവാടങ്ങൾ തുറന്നു പറന്നു പോവാനൊരുങ്ങുന്നതു കണ്ടപ്പോൾ ആ പുംസ്കപോതം സീമാതീതമായ കദനജലധിയുടെ അഗാധഗൎത്തങ്ങളിൽ ആണ്ടുപോയി. ആ മനോവ്യഥയോടുകൂടി അവൻ ആ യുവതിയേയും അവളുടെ ജപമാലയേയും നോക്കിക്കൊണ്ടു കുറെനേരംനിന്നു. അതിന്റെ ശേഷം സ്വന്തം മുറിയിലേയ്ക്കു് അവൻ മടങ്ങിപ്പോയി. ആ യുവതി ആ നിലയിൽ എത്രനേരം പ്രാൎത്ഥിച്ചുകൊണ്ടുനിന്നെന്നോ, എന്തിനായിട്ടുപ്രാൎത്ഥിച്ചെന്നോ, അറിവാൻ മാൎഗ്ഗമില്ല. ആ മധുഷ്യന്ദിവാണിയുടെ കളവചനങ്ങൾ തന്റെ അഭിലാഷങ്ങൾക്കു് പ്രതിഷേധരൂപമായിരുന്നെങ്കിലും അവ മാണിക്യവീണയുടെ കനകക്കമ്പികളിൽ തുളുമ്പിയ മഞ്ജുളനാദംപോലെ മനോഹരമായി ആ യുവാവിന്റെ കൎണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

# അദ്ധ്യായം ൨.

സൂര്യോദയത്തിനുമുമ്പുതന്നെ സ്വചിത്തത്തെ അനുതാപമാകുന്ന അമലസലിലത്തിൽ കഴുകി ശുദ്ധിയാക്കി മർത്ത്യനെ അമർത്ത്യനാക്കുന്ന ആദ്ധ്യാത്മികാമൃതം യഥാവിധി അശനംചെയ്തു ദേവാലയത്തിൽനിന്നും യാത്രതിരിച്ച ശ്വേതാംബരധാരിണിയായ ആ ക്രൈസ്തവകന്യകയുടെ—അനാഥയായ ആ പരിചാരികയുടെ–വദനചന്ദ്രമണ്ഡലത്തിലെ മനോജ്ഞമയൂഖങ്ങൾ അവളുടെ മാർഗ്ഗമദ്ധ്യേ സ്ഥിതിചെയ്ത തമോഭാരത്തെ നീക്കിക്കൊണ്ടിരുന്നു. ഇപ്രകാരം ആഗതയായ ആ യുവതി ആശ്രമത്തിലേയ്ക്കു മടങ്ങിപോകുന്നതിനുള്ള സകല സംഗതികളേയും ശരിപ്പെടുത്തി സാറാമ്മയോടു യാത്രചോദിക്കുന്നതിനായി അവരുടെ ശയനമുറിയിൽപ്രവേശിച്ചു. സാറാമ്മ നേരത്തെ ഉണർന്നിട്ടുണ്ടായിരുന്നെങ്കിലും കിടക്കയിൽനിന്നെണീററിട്ടില്ലായിരുന്നു. മിസ് ജോസഫിന്റെ അപ്പോഴത്തെ ആഗമനോദ്ദേശവും അവർക്കറിഞ്ഞുകൂടായിരുന്നു. ആ യുവതി സാറാമ്മയെ പ്രസന്നവദനയായിട്ടാണ് സാധാരണ ദർശിക്കപതിവുണ്ടായിരുന്നതു്. എന്നാൽ മ്ലാനമുഖിയായിട്ടാണ് ഇന്ന് അവൾ ആ മുറിയിലേയ്ക്കുപ്രവേശിച്ചതു്. അവൾ സാറാമ്മയുടെ സമീപത്തുചെന്ന് അവരുടെ വലതുകൈപിടിത്തി തന്റെ കരങ്ങളിൽഗ്രഹിച്ച് അതിനെ ചുംബിച്ചുകൊണ്ടു് ഗൽഗദവാണിയായി ഇങ്ങനെപറഞ്ഞു.

"ഇത്ര നേരത്തെവന്ന് അമ്മയെ അസഹ്യപ്പെടുത്തുന്നതിൽ എന്നോട് പരിഭവിക്കരുതേ! ഞാൻ ഇപ്പോൾ ഈവിധം ഇവിടെ വന്നതെന്തിനായിട്ടാണെന്ന് അമ്മയ്ക്ക് ഒരുപക്ഷെ അറിഞ്ഞുകൂടായിരിക്കാം. അമ്മയുടെ ദീനം മിക്കവാറും സുഖമായല്ലോ. എന്നുമാത്രമല്ല ഞാൻ ഏറ്റിരുന്ന പരിചരണജോലിയുടെ കാലാവധിയും ഇന്നലെ അവസാനിച്ചു. ഇനിയും എനിക്കു ആശ്രമത്തിലേയ്ക്ക് മടങ്ങിപ്പോകണം. ഇന്നുതന്നെ പോകണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു്. സകല കണക്കുകളും രസീതുകളും പൊന്നുസ്വാമിയെ ഏൾപ്പിച്ചിട്ടുണ്ടു്. എനിക്കു യാത്രയാകുന്നതിന് അമ്മയുടെ അനുവാദവും അനു

ഗ്രഹവും മാത്രമേ വേണ്ടതായി ശേഷിച്ചിട്ടുള്ളു. ആയതു് അമ്മയെ നേരിട്ടുകണ്ടു വാങ്ങുന്നതിനായിട്ടാണു് ഞാൻ ഇത്രനേരത്തെ ഇവിടെ വന്നിട്ടുള്ളതു്."

മിസ് ജോസഫിൻെറ ഈ സംഭാഷണം സാറാമ്മയുടെ മനസ്സിന് വലുതായ വേദനയെ ഉളവാക്കി. അവർ അസ്വാസ്ഥ്യത്തോടുകൂടി പെട്ടെന്ന് എണീററിരുന്നുകൊണ്ടു് ഇങ്ങിനെ പ്രതിവചിച്ചു.

"അയ്യോ! എൻെറ മകൾ എന്താണീ പറയുന്നതു്. എൻെറ കുഞ്ഞു് എവിടെ.പോകാൻ ഒരുങ്ങുന്നു. എന്തുപരിചരണം. ഏതുകാലാവധി. ഞാൻ തന്നെ സിസ്റ്റർ ആഞ്ചലിക്കായോടു പറഞ്ഞുകൊള്ളാം. എൻെറ വാക്കുകൾ സിസ്റ്റർ തള്ളുകയില്ല. ഹാ! എത്രനല്ല സിസ്റ്ററാണു്. എത്രനല്ല ആശ്രമമാണു്. ഹാ! അന്നു ഞാൻ പറഞ്ഞ പരുഷവാക്കുകൾ- കുഞ്ഞിനോടുപറഞ്ഞ ആ നിർദ്ദയവാക്കുകൾ—അതൊക്കെ വെറും കള്ളമാണെന്നെനിക്കറിയാമായിരുന്നു. ആ സംഗതി ഓക്കുമ്പോഴൊക്കെ എനിക്കു് മനസ്താപമുണ്ടാകുന്നു. എൻെറ മകളേ! ആ വിധം അകാരണമായിനിന്നെഞാൻ അധിക്ഷേപിച്ചുപോയി. കുഞ്ഞു് അതൊക്കെ ക്ഷമിക്കണേ! ഞാൻ ആക്ഷേപിച്ചതിൻെറ ഫലം അന്നുരാത്രിതന്നെ എനിക്കു കിട്ടി. എൻെറ മകൾ അന്നു പ്രദശിപ്പിച്ച മഹാമനസ്കത എൻെറ അഹങ്കാരത്തെ അസ്തമിപ്പിച്ചുകളഞ്ഞു." വൃദ്ധയുടെ കണ്ണുകൾ അശ്രുപൂരിതമായി.

മിസ് ജോസഫ്—"അമ്മേ! അമ്മ എന്തിനാണീ പഴങ്കഥകളൊക്കെ പറയുന്നതു്. അമ്മ ആരെ അധിക്ഷേപിച്ചു. യഥാത്ഥത്തിൽ അമ്മയോടു പലപ്പോഴും ധിക്കാരമായിട്ടു പെരുമാറിയിട്ടുള്ളതും സംസാരിച്ചിട്ടുള്ളതും ഞാനാണു്. അതൊക്കെക്ഷമിച്ചു് എന്നെ അനുഗ്രഹിച്ചു് വേഗം യാത്രയാക്കണമെന്നപേക്ഷയുണ്ടു്."

സാറാമ്മ—"എൻെറ കുഞ്ഞു പോവാൻ ഞാൻ ഒരിക്കലും സമ്മതിക്കയില്ല. എനിക്കു പെൺമക്കളില്ലെന്നറിയാമല്ലോ. എനിക്കു മകളായി കുഞ്ഞിനെ ദൈവംതന്നതാണു്. കുഞ്ഞു് എന്നെ അമ്മ എന്നു വിളിക്കുമ്പോൾ എൻെറ ഉള്ളു സന്തോഷംകൊണ്ടു കുളുത്തുപോകുന്നു. ഹാ! എൻെറ ആ ആശ!

എനിക്കൊന്നുമറിഞ്ഞുകൂടേ! എൻെറ മകനേയും—എൻെറ ജീവിതസർവ്വസ്വമായ ആ ഓമൽ കുമാരനേയും-കുഞ്ഞു രക്ഷിച്ചു. എൻെറ മകളെ ദൈവം അനുഗ്രഹിക്കട്ടെ. ഞങ്ങളുടെ കുടുംബം ഒരു പുരാതനകുടുംബമാണ്. ഇതു കുഞ്ഞിൻെറ വീടുതന്നെയാണ്. ഞങ്ങളെല്ലാവരും കുഞ്ഞിനു വേണ്ടപ്പെട്ടവർതന്നെയാണ്. എൻെറ കുഞ്ഞു ഞങ്ങളെവിട്ടുപോകുന്നതു് ഞങ്ങൾക്ക് തീരാത്തസങ്കടകാരണമാണ്."

മിസ് ജോസഫ്—"അമ്മേ! അമ്മ തടസ്സം പറയരുതേ! തടസ്സം പറയുന്നതു് എനിക്കുസന്താപഹേതുകമായിരിക്കും. ഇന്നുതന്നെഎനിക്കുതിരിച്ചുപോകണം. ഇനിഞാൻഇവിടെ താമസിക്കേണ്ട കാര്യമില്ല. ഞാൻ ഇനി ഇവിടെ താമസിക്കുന്നതു ശരിയായിരിക്കയുമില്ല. അമ്മയുടെ കൂടെ താമസിക്കുന്നതിൽ സന്തോഷമില്ലാഞ്ഞിട്ടല്ല. എൻെറ മാതാവിൻെറ മരണശേഷം എനിക്കു ലഭിച്ചിട്ടില്ലാത്ത ആ മാതൃലാളനം, കരുണനിറഞ്ഞ ആ പരിലാളനം, ഇവിടെ എനിക്കുസുലഭമായി സിദ്ധിച്ചിട്ടുണ്ട്. അമ്മയെ വിട്ടുപിരിയുന്നതിൽ എനിക്കുവലുതായസങ്കടമുണ്ട്. എങ്കിലും എൻെറ കർത്തവ്യകർമ്മം ഞാൻ ചെയ്യേണ്ടയോ? ഇനി സ്വല്പനേരംപോലും ഇവിടെ താമസിക്കുവാൻ എനിക്ക് അനുവാദമില്ല. ആശ്രമജീവിതത്തിൻെറ അസ്ഥിവാരം അലംഘനീയമായ ആജ്ഞാനുവർത്തനത്തിലാണ് സ്ഥാപിതമായിരിക്കുന്നതു്. ഇന്നു ഞാൻ മടങ്ങിച്ചെല്ലുന്നില്ലെങ്കിൽ ആയതു് ആശ്രമധർമ്മത്തോടുള്ള ക്ഷന്തവ്യമല്ലാത്ത ഒരു അപരാധംകൂടി ആയിരിക്കും. ആയതുകൊണ്ടു എനിക്ക് ഇന്നുതന്നെ തിരിക്കണം. ആയതിനു അമ്മ അനുവദിക്കണമെന്നു വീണ്ടും അപേക്ഷിക്കുന്നു."

സാറാമ്മയുടെ ദീർഘനിശ്വാസങ്ങൾമാത്രമായിരുന്നു ഇതിനുത്തരമായി പ്രത്യക്ഷപ്പെട്ടതു്. വിവിധങ്ങളായ വികാരങ്ങൾ അവരുടെ ഉള്ളിൽ ഉദിച്ചുയർന്നതുകൊണ്ടു വേണ്ടപോലെ സംസാരിക്കുന്നതിനുപോലും അവർക്ക് ശക്തിയില്ലാതായി. കുറേനേരം മൗനം അവലംബിച്ചുകൊണ്ട് വൃദ്ധ സ്ഥിതിചെയ്തു. അനന്തരം ഇപ്രകാരം പറഞ്ഞു.

"കുഞ്ഞിൻെറ ഇഷ്ടത്തിനു വിപരീതം പ്രവർത്തിക്കാൻ

എനിക്കു ശക്തിയില്ല; നിവൃത്തിയുമില്ല. എന്നാൽ ഞാൻ പ്രത്യേകം അറിവാൻ ആഗ്രഹിക്കുന്ന ഒരു സംഗതി എന്നെ അറിയിച്ചുംവച്ചു കുഞ്ഞു പോകണം. എൻെറ മകളുടെസ്വദേശം ഏതാണ്? കുടുംബമേതാണ്? കുഞ്ഞ് എങ്ങിനെയാണ് ഈ ആശ്രമത്തിൽ വന്നു ചേൎന്നതു്. ഈ സംഗതികൾ ഞാൻ മുമ്പു ചോദിച്ചിട്ടുള്ള അവസരത്തിൽ എൻെറ മകൾ സങ്കടപ്പെടുന്നതു കണ്ടിട്ടു ഞാൻ നിർബന്ധിക്കാതിരുന്നിട്ടുള്ളതാണ്. എന്നാൽ ഈ അവസരത്തിലെങ്കിലും കുഞ്ഞ് എൻെറ ജിജ്ഞാസയെ തൃപ്തിപ്പെടുത്തണം!"

ഈ ചോദ്യത്തിനു മറുപടി പറയാതെ ആ യുവതി കുറേനേരം നിന്നു. നിർമ്മലമായ കണ്ണീർധാരയാൽ അവളുടെ ഗണ്ഡസ്ഥലം നനഞ്ഞു. ഉള്ളിൽ നിറഞ്ഞ കദനപ്രവാഹം നിശ്വാസജാലങ്ങളായി വെളിയിലേയ്ക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഇങ്ങിനെ കുറെനേരം വൎത്തിച്ചശേഷം അവൾ പറഞ്ഞു. "അമ്മേ! അനാഥയായ ഇവളുടെ അതീതചരിതങ്ങൾ എന്തിനാണറിയുന്നതു്? അതറിയുന്നതുകൊണ്ടു് അമ്മയ്ക്കു യാതൊരു സന്തോഷവും ഉണ്ടാകയില്ല. അവയെപ്പററി ഞാൻ പറയാൻ തുടങ്ങുന്നതു് എൻെറ സന്താപത്തെ നവീകരിക്കയും ആയിരിക്കും. ആകയാൽ അമ്മ ഇപ്പോൾ എന്നെ ആയതിനു നിർബന്ധിക്കരുതേ!"

സാറാമ്മ:—"കുഞ്ഞു് എന്താണിങ്ങനെപറയുന്നതു്. എൻെറ മകളുടെ സങ്കടത്തിനുള്ള കാരണമെന്താണ്? സഹതാപമുള്ള സുഹൃത്തുക്കളോടു് തുറന്നു പറയുന്നതു് സങ്കടകാഠിന്യത്തിന് ശാന്തിനൽകുന്നതാണെന്നറിഞ്ഞുകൂടെ? മനസ്സുതുറന്നെന്നോടു് പറയണം. എന്നെ വിട്ടുപിരിയുന്ന ഈ സന്ദൎഭത്തിലെങ്കിലും കുഞ്ഞു് ആരാണെന്നും, ഈ സന്താപകാരണമെന്താണെന്നും എന്നെ അറിയിക്കണം. അതു് അറിയാതെ ഇരുന്നാൽ എൻെറ ഭാവി ജീവിതത്തിന് യാതൊരു സുഖവും ഉണ്ടാകയില്ല."

മിസ് ജോസഫ്—"അമ്മേ! അമ്മ നിർബന്ധിക്കുന്നതുകൊണ്ടു് ചില സംഗതികൾ ഞാൻ പറയാം. എന്നെപ്പററി അമ്മ അറിഞ്ഞിരിക്കുന്നതു് ശരിയാണ്. ഞാൻ ഇപ്പോൾ

കേവലം നിൎന്ന്യും നിരാലംബയുമാണ്. എന്നാൽ അനേക കാലം അസാമാന്യമായ ധനസമൃദ്ധിയിൽ കഴിഞ്ഞുപോന്നതും സുഖസൗകൎയ്യങ്ങളെ നല്ലപോലെ അറിഞ്ഞിട്ടുള്ളതുമായ ഒരു പുരാതന സുറിയാനി കത്തോലിക്ക് കുടുംബത്തിലാണ് ഞാൻ ജനിച്ചു വളൎന്നതു്. മാതാവു് എൻെറ ശൈശവത്തിൽ തന്നെ മരിച്ചുപോയി. ഒരു സഹോദരനും ഞാനും മാത്രമേ സന്താനങ്ങളായി എൻെറ പിതാവിനു ശേഷിച്ചിരുന്നുള്ളു. യഥാകാലം ഞങ്ങളെവിദ്യാഭ്യാസത്തിന് അയച്ചു. സഹോദരൻ ഉൽകൃഷ്ടവിദ്യാഭ്യാസം പൂൎത്തിയാക്കി ഒരു ഉന്നതമായ ജോലിയിൽ പ്രവേശിക്കുമെന്ന നിലയിലായി. ഞാനും ബി. ഏ. പാസായശേഷം മദ്രാസ് മെഡിക്കൽ കാളേജിൽ വൈദ്യവിഷയകമായ ഉപരിപഠനം നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഇങ്ങനെ ഇരിക്കെ, ഞങ്ങളുടെ കുടുംബത്തിനു പണസംബന്ധമായ വലിയ കുഴപ്പങ്ങൾ നേരിട്ടുകൊണ്ടിരുന്നു. പിതാവിൻെറ വ്യവസായങ്ങളിൽ തുടരെ തോൽവിസംഭവിച്ചു. ഋണബാദ്ധ്യതയുടെ നിൎദ്ദയമായ മൎദ്ദനം അദ്ദേഹത്തെ അസാമാന്യമായിഞെരുക്കി. കുനിന്മേൽ കുരു എന്നപോലെ ഇതിനിടയിൽ ഒരു വലിയസംഖ്യ അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ ചതിച്ചു്അപഹരിച്ചുകളഞ്ഞു. സാമ്പത്തികമായ ഈ വിഷമങ്ങളുടെ ശരിയായ സ്വഭാവം ഞാനും സഹോദരനും അറിഞ്ഞിരുന്നില്ല. ഒടുവിലാണ്ഈ സംഗതി പെട്ടെന്നു ഞങ്ങൾക്കു മനസ്സിലായതു്. ഞങ്ങൾ പിതാവിനെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ സ്വത്തുക്കൾ ഓരോന്നായി കടക്കാർ കൈവശപ്പെടുത്തുന്നതുകണ്ടപ്പോൾപിതാവിൻെറദുഃഖം ദുസ്സഹമായിത്തീൎന്നു. ഒടുവിൽ ഞങ്ങളുടെ പുരാതനമായ കുടുംബം സ്ഥിതി ചെയ്തിരുന്ന പുരയിടംപോലും കടക്കാരിൽ ഒരുവൻ നടത്തിയെടുത്തു. ഞങ്ങൾ വീട്ടിൽ നിന്നും ഇറങ്ങിക്കൊടുക്കുന്നതിന് രണ്ടുവാരത്തെഅവധി മാത്രം ആ വിധി ഉടമസ്ഥൻ അനുവദിച്ചു തന്നു. ഈയാൾക്കു ഞങ്ങളോടു ചില പ്രത്യേക വൈരത്തിനും കാരണമുണ്ടായിരുന്നു. അതൊന്നുംഞാൻ ഇപ്പോൾ വിസ്തരിച്ചുപറയുന്നില്ല. അനേകനൂററാണ്ടുകളിലെ പാവനമായ പാരമ്പൎയ്യങ്ങളോടും പരോപകാരനിരതമായ പവിത്രചരിതങ്ങളോടും കൂടിയ ആ പുരാതനകുടുംബം ഞങ്ങളുടെ കാലത്തു അന്യാധീന

SALESIAN LIBRARY C. A. C. KAPPAD.

പ്പെട്ടവാൻ ഇടയായതു് എത്ര തീവ്രമായ പരിതാപഹേതുവായിരുന്നു എന്നു് ഊഹിക്കാമല്ലോ. എന്നാൽ ആയതു ഞങ്ങളുടെ സന്താപനാടകത്തിലെ നാന്ദിയുടെ രംഗപ്രവേശം മാത്രമെ ആയിരുന്നുള്ളു. തുടർച്ചയായിവന്ന ഈ അനിഷ്ട സംഭവങ്ങൾ പിതാവിനെ അതിരുകവിഞ്ഞു പരിതപിപ്പിച്ചു കൊണ്ടിരുന്നു. പുറമേ സന്തോഷഭാവം നടിച്ചിരുന്നെങ്കിലും ഉള്ളിൽ അസഹനീയമായ വ്യസനഭാരത്തെ അദ്ദേഹം സഹിക്കുന്നുണ്ടായിരുന്നു എന്നു അനന്തരസംഭവങ്ങൾ വെളിവാക്കി. ആധി വ്യാധിയായിപകർന്നു വിഷമജ്വരം അദ്ദേഹത്തെ പിടികൂടി. ഹാ! അചിരേണ അദ്ദേഹം മരണം പ്രാപിക്കയും ചെയ്തു. പിതാവു മരിച്ച ഉടനെ ആ രോഗം അദ്ദേഹത്തെ ശുശ്രൂഷിച്ചു കൊണ്ടിരുന്ന ഞങ്ങൾ ഇരുവരേയും ബാധിച്ചു. ഞങ്ങൾ രണ്ടു പേരും രോഗശയ്യയിൽ ആയി. എനിക്കു ദീനം പിടിപെട്ട സംഗതി സഹോദരൻ അറിഞ്ഞിരുന്നില്ല. ആകയാൽ എന്നെ കാണണമെന്നുകൂടെക്കൂടെ പറഞ്ഞുകൊണ്ടിരുന്നു. കുടുംബത്തിൻെറ അപ്പോഴത്തെ ദാരുണമായദാരിദ്ര്യമർദ്ദനം കാരണം ഞങ്ങൾക്കു വേണ്ട ചികിത്സകളും ശുശ്രൂഷകളും ലഭിച്ചിരുന്നില്ല. സഹോദരൻെറ സുഖക്കേടു് അപകടനിലയിലായി. ബോധക്ഷയം ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. ബോധമുണ്ടാകുന്ന അവസരങ്ങളിൽ എന്നെ കാണണമെന്നു് നിർബന്ധിച്ചിരുന്നു. എനിക്കു എന്തുതന്നെ സംഭവിച്ചാലും സഹോദരൻെറ ആഗ്രഹം സാധിക്കണമെന്നും അദ്ദേഹത്തിനു അന്തിമശുശ്രൂഷയെങ്കിലും ചെയ്യാൻ എന്നെ അനുവദിക്കണമെന്നും ഞാൻ നിർബന്ധിച്ചുപറഞ്ഞു. എനിക്കു നടക്കുവാൻ നിവൃത്തിയില്ലായിരുന്നു. എൻെറ യാചന കേട്ടു്, ഞങ്ങളുടെ പഴയ മിത്രങ്ങളിൽ ചിലർ എന്നെ താങ്ങി എടുത്തു് സഹോദരൻെറ സമീപത്തേയ്ക്കു കൊണ്ടുചെന്നു. ഹാ! ഞങ്ങളുടെ ദയനീയവും സങ്കടസമ്മിശ്രവും ആയ ആ സന്ദർശനം ഞാൻ എങ്ങിനെ വർണ്ണിക്കുന്നു. ഹാ! എൻെറ അമ്മേ! എന്തിനാണീ കരൾകരിക്കുന്ന കഥ കേൾക്കുന്നതു്. എന്തിനാണു് കരകാണാത്ത കദനാർണ്ണവത്തിൻെറ കവാടങ്ങൾ തുറപ്പിക്കുന്നതു്? മററുജനങ്ങൾക്കെന്നപോലെ ആകാരസൗകുമാര്യത്തിനും നിദർശനമായിരുന്ന എൻെറ 'കുഞ്ഞാങ്ങള' ശുഷ്കശരീരിയായും ആ

സന്നമരണത്തിന്റെ അനിവാൎയ്യമായ കരാളകരത്താൽ ആക്രാന്തനായും കാണപ്പെട്ടു. ഇതു കണ്ടപ്പോൾ എനിക്ക് അധൈൎയ്യമല്ല, അഭിനവമായ ഒരു ചൈതന്യമാണ് ഉളവായതു്. നമ്മിൽ അന്തൎല്ലീനമായ ശക്തികൾ എന്തെല്ലാമെന്ന് അവയെ തട്ടിയുണൎത്തുന്ന സാഹചൎയ്യങ്ങളും ആവശ്യങ്ങളും ആവിൎഭവിക്കുമ്പോൾ മാത്രമെ നാം അറിയുന്നുള്ളു. സ്ത്രീസഹജമായ— സഹോദരീസഹജമായ-വാത്സല്യത്തോടുകൂടി ഞാൻ എണീററിരുന്ന് കുഞ്ഞാങ്ങളയുടെ ശിരസ്സിനെ എന്റെ മടിയിൽ നിക്ഷേപിച്ചു. ഞങ്ങളുടെ കണ്ണുകളായ കണ്ണാടിക്കുഴലുകൾവഴി ഹൃദയങ്ങൾ പരസ്പരം ദൎശിച്ചു. പരസ്പരംസംഭാഷണംകഴിഞ്ഞു. എന്റെ കണ്ണീർകണങ്ങൾ അദ്ദേഹത്തിന്റെ സ്ഫടികനിൎമ്മലമായ ലലാടതലത്തെ പ്രക്ഷാളനംചെയ്തു. ഹാ! അമ്മേ! ഞാൻ ഈ കഥ എങ്ങിനെ തുടരുന്നു. ഇതുവരെ വെളിക്കുവിടാതെ ഞാൻ ഹൃദയത്തിൽ ഒതുക്കിവച്ചിരുന്ന ഈ കഷ്ടംകഥാകഥനാതപത്താൽ അമ്മയുടെ കുളിൎത്ത കരൾകുസുമത്തെ എന്തിനാണ് കരിക്കുന്നതു്. ഹാ! എന്റെ കുഞ്ഞാങ്ങള! എന്റെ ജീവിതസൎവ്വസ്വമായിരുന്ന ആ പ്രിയസഹോദരൻ! എനിക്ക് മാതാവായും പിതാവായും ഐഹികമായ സകല പ്രത്യാശകൾക്കും ആലംബമായി ശേഷിച്ച ആ തങ്കക്കുടം—എന്റെ മടിയിൽ കിടന്ന് അകാലമരണമടഞ്ഞു. അദ്ദേഹത്തിന്റെ കൺപോളകൾ തിരുമ്മിയടയ്ക്കുന്നതിനുപോലും മരവിച്ച എന്റെ കരാംഗുലികൾക്ക് കരുത്തുണ്ടായിരുന്നില്ല. മരണസമയത്തും ആ പൊന്നോമനയുടെകണ്ണുകൾവഴിഞ്ഞു് ഒഴുകിയ അശ്രുധാരയുടെ സ്മരണ ഐഹികങ്ങളായ എന്റെ സകല അഭിലാഷങ്ങളേയും അസ്തമിപ്പിക്കുന്നു. അനൎഘമായ നൈൎമ്മല്യത്തിന് നിദൎശനമായ ആ ലോചനയുഗളമാകട്ടെ, ഇപ്പോഴും എന്നെ നോക്കിക്കൊണ്ടിരിക്കുന്നു. എന്റെ സകല പ്രവൃത്തികളേയും ആ കണ്ണുകൾ കണ്ടുകൊണ്ടിരിക്കുന്നു. ആത്മമിത്രങ്ങളുടെ അകാലനിൎയ്യാണം അനുഭവസിദ്ധമാകയും അതേപ്പററി പൎയ്യാകുലചിത്തരായി പൎയ്യാലോചിക്കുകയും ചെയ്തിട്ടില്ലാത്തവർ ഐഹികജീവിതത്തിൽ അന്തൎല്ലീനമായിരിക്കുന്ന അതിശാന്തങ്ങളും നിഗൂഢങ്ങളും ആശ്ചൎയ്യാവഹങ്ങളും ആയ അദ്ധ്യാത്മതത്വങ്ങളെ സംബന്ധിച്ച് യാതൊന്നും അറിയുന്നില്ല.

സഹോദരന്റെ ദേഹവിയോഗം അഭിനവങ്ങളായ ജീവിതാദർശങ്ങളിലേയ്ക്കു് എന്റെ അശാഭിലാഷങ്ങളെ ആനയിച്ചു. ആ സംഗതി നിൽക്കട്ടെ! ഞാൻ എന്റെ ചരിത്രം തുടരാം. സഹോദരൻ മരിച്ചഉടനെ എനിക്കു ബോധക്ഷയം ഉണ്ടായി. എന്റെ കുടുംബത്തെ സംബന്ധിച്ചു് പിന്നീടുള്ള സംഗതികൾ എനിക്കു നേരിട്ടറിവില്ല. എന്റെ ദീനം കലശലായി വദ്ധിച്ചു. ശയ്യാശരണയായിഅനേകദിവസങ്ങൾ കഴിച്ചുകൂട്ടി. ഞാൻ മാതാവായി വരിച്ചിരിക്കുന്ന ദൈവമാതാവു തന്നെ ആ കാലഘട്ടങ്ങളിൽ എന്നെ താങ്ങി. ആ കന്യാമാതാവിന്റെ ആദശ്ങ്ങൾ അനുസരിച്ചു് ജീവിതം നയിക്കുന്ന സന്യാസിനികളുടെ പരിചരണത്താൽ ഞാൻ രക്ഷപെട്ടു. പരമകാരുണികനായ പരാപരന്റെ നിഗൂഢമായ എന്തോ ഉദ്ദേശസാദ്ധ്യത്തിനായി ഈ പരദേശമായ മധുരയിൽ ആ സന്യാസിനികളുടെ സംഘത്തിൽ മൂന്നു കൊല്ലം മുമ്പു ഞാൻ വന്നുചേൻ. ആറുമാസക്കാലം ഈ കുടുംബത്തിലെ അംഗമെന്ന നിലയിൽ ജീവിതം നയിക്കുന്നതിനുള്ള ഭാഗധേയവും എനിക്കു സിദ്ധിച്ചു. അമ്മേ! ഇതാണു് എന്റെ അതീതജീവിതത്തിന്റെ സംക്ഷിപ്ത ചരിത്രം. എന്റെ ഈ നിരന്തര സന്താപത്തിൽ എന്നെ സമാശ്വസിപ്പിച്ചുകൊണ്ടിരിക്കുന്നതു് എന്താണെന്നു് അമ്മയ്ക്കു് അറിഞ്ഞുകൂടായിരിക്കാം. അതുമറെറാന്നുമല്ല. ഇതാ, ഈ ജപമാല—ഈ പവിത്രമാലയാണു്. പശ്ചാത്താപഹൃദയകുസുമങ്ങളിൽ മകരന്ദരസം പൊഴിക്കുന്ന ഈ പരിശുദ്ധമാല ഏതേതന്തരംഗവ്രണങ്ങൾക്കാണു് സംജീവിനീസമാനമായ സൗഖ്യസന്ദായികയായി വത്തിക്കാതിരുന്നിട്ടുള്ളതു്?" എന്നു പറഞ്ഞുകൊണ്ടു് മിസ് ജോസഫ് തന്റെ ജപമാലയെ പലപ്രാവശ്യം ചുംബിച്ചു. നിമ്മലമായ ലോചനജലത്താൽ അതിനെ നനയ്ക്കുകയുംചെയ്തു. മിസ് ജോസഫിന്റെ ഈ സംഭാഷണം അതിററ സഹതാപത്തോടും, ആശ്ചയ്യത്തോടും, നിശബ്ദതയോടും കൂടി സാറാമ്മകേട്ടുകൊണ്ടിരുന്നു. അവളെപ്പററി കൂടുതലായി അറിയണമെന്നുള്ള ആഗ്രഹം വൃദ്ധയ്ക്കു് ഉണ്ടായെങ്കിലും അതിനെ നിയന്ത്രണം ചെയ്തുകൊണ്ടു് പറഞ്ഞു. "ഞാൻ അറിയേണ്ടതെല്ലാം കുഞ്ഞുപറഞ്ഞിട്ടില്ലെങ്കിലും കൂടുതലായി എന്തെങ്കിലും അറിയിക്കുന്നതി

ന് ഇപ്പോൾ ഞാൻ നിർബന്ധിക്കുന്നില്ല. എൻെറ മകൾ ആശ്രമത്തിലേയ്ക്കുമടങ്ങിപ്പോയാലും ചിലപ്പോഴെല്ലാമെങ്കിലും എന്നെ വന്നു കാണണം. എൻെറ ഈ ആഗ്രഹം എങ്കിലും കുഞ്ഞു നിറവേററണം.”

മിസ് ജോസഫ്:—“അമ്മേ! ഞാൻ മധുരയിൽ താമസിക്കുന്ന കാലത്തോളം അങ്ങിനെ ചെയ്യാം. ഞാൻ ഇവിടെ വന്നുകണ്ടാലും ഇല്ലെങ്കിലും അമ്മയെ ഞാൻ ഒരിക്കലും മറക്കുകയില്ല. അമ്മ എന്നോടു കാണിച്ചിട്ടുള്ള കാരുണ്യാതിരേകങ്ങൾക്ക് ദൈവം അമ്മയെ അനുഗ്രഹിക്കും. അല്ലാതെ സാധുവായ എന്നെക്കൊണ്ടു എന്തുകഴിയും. അമ്മ ഇനി എന്നെ അനുഗ്രഹിച്ചു യാത്രയാക്കണം.”

ഈ സംഭാഷണം കേട്ടപ്പോൾ സാറാമ്മ ആ യുവതിയെ കെട്ടിപ്പിടിച്ച് അവളുടെ മൂർദ്ധാവിൽ ചുംബിച്ച് കണ്ണീർകൊണ്ട് അവളെ അഭിഷേകം ചെയ്തു. ആ യുവതിയാകട്ടെ, തൻെറ പല്ലവപേലവമായ ബാഹുലതകളാൽ ആ വൃദ്ധയുടെ കണ്ഠനാളത്തെ ആശ്ലേഷം ചെയ്തു. അനന്യസുലഭമായ ലാവണ്യത്തിൻെറ നിദർശനമായ ആ കന്യാമണിയുടെ മുഖാരവിന്ദം വൃദ്ധയുടെ ഗണ്ഡസ്ഥലത്തിൽ അപ്പോൾ പതിച്ച നിർമ്മലചുംബനങ്ങളുടെ പാടലമുദ്രകളെ അവളുടേയുംവൃദ്ധയുടെയും സങ്കീർണ്ണങ്ങളായ കണ്ണീർകണങ്ങൾ കഴുകിക്കൊണ്ടിരുന്നു. ഈ നിലയിൽ അവർ പരസ്പരം ആശ്ലേഷിച്ചും അനുഗ്രഹിച്ചും കുറെ നേരം സ്ഥിതിചെയ്തു. ഒടുവിൽ മിസ് ജോസഫ് സാറാമ്മയുടെ കരത്തെ ഒരിക്കൽ കൂടി ചുംബിച്ചുകൊണ്ട് ആ മുറിയിൽനിന്നും വെളിയിൽ ഇറങ്ങി.

---

# അദ്ധ്യായം ൮.

സാറാമ്മയോട് അനുവാദവും വാങ്ങിക്കൊണ്ട് മിസ് ജോസഫ് ഉടനെ പുറപ്പെടുകയല്ലചെയ്തതു്. സാധാരണന്മാൎക്ക് വലിയകാൎയ്യമെന്നു തോന്നുന്നവയല്ലെങ്കിലും ഇങ്ങനെയുള്ള സന്ദൎഭങ്ങളിൽ മിസ് ജോസഫ് ഒഴിച്ചുകൂടാത്ത കൎത്തവ്യകൎമ്മമായി കരുതിയിരുന്ന മററുചില കൃത്യങ്ങളെക്കൂടി നിർവഹിക്കുന്നതിനായിട്ടാണ് പിന്നീട് അവൾ ഉദ്യമിച്ചതു്.

മിസ് ജോസഫ് ആ ഗൃഹത്തിലെ ഭൃത്യവൎഗ്ഗങ്ങളുടേയും കണ്ണിലുണ്ണിയായിരുന്നു. ആയതുകൊണ്ടു അവരോടുള്ള വിടവാങ്ങലും ഏററവും ഹൃദയസ്പൎശകമാംവിധമാണു കഴിച്ചുകൂട്ടിയതു്. ഭൃത്യവൎഗ്ഗങ്ങളോടുമാത്രമല്ലാ അവളോടു പരിചയപ്പെട്ടിട്ടുള്ള സകല ജീവജാലങ്ങളോടും ആ യുവതി സ്നേഹമായി വൎത്തിച്ചിരുന്നു. അവയോടുള്ള അവളുടെ പെരുമാററങ്ങളും അത്രമാത്രം ആദരവോടുകൂടിയവയായിരുന്നു. ആകയാൽ തൻെറ ഭക്ഷണത്തിൽ ഒരംശം പതിവായി തന്നോടുവാങ്ങി ആനന്ദത്തോടുകൂടി അശിച്ചിരുന്ന ആ "കെയിസറി"നേയും തൻെറ അങ്കതലത്തിൽ പലപ്പോഴും കയറി കണ്ണുമടച്ച് നിർവൃതിയിൽ ലയിച്ചിരുന്ന ആ "പുസ്സി"യേയും ആ യാത്രാവേളയിൽ മിസ് ജോസഫ് വിസ്മരിച്ചില്ല. പുസ്സിയാകട്ടെ ആ യുവതിയുടെ കരതലവാസത്താൽ കരൾ കുളിൎത്തു് ഒരിക്കൽകൂടി പരമാനന്ദത്തിൽലയിച്ചു. കെയിസറിന് അവളുടെ കരാംഗുലികളാൽ രണ്ടു തലോടൽമാത്രമെ അപ്പോൾ ലഭിച്ചുള്ളു. എങ്കിലും ആയതു അവനേയും രസിപ്പിച്ചുവെന്നുള്ളതു് ശുനകൻെറ ആനന്ദാനുഭവസഹജമായ ലാംഗ്രലചലനാദിലീലകളാൽ അവനും പ്രത്യക്ഷമാക്കി.

സാധുക്കളായ ഭൃത്യജനങ്ങളോട് സമനിലയിൽ സംഭാഷണംചെയ്കയെന്നുള്ളതുതന്നെ യജമാനന്മാരെന്നു നടിക്കുന്ന സാധാരണന്മാൎക്ക് അരോചകമാണു്. അവരോടുള്ള സംഭാഷണങ്ങളിലോ, പെരുമാററങ്ങളിലോ ഹൃദയാവൎജ്ജകമായി എന്തെങ്കിലും ഉണ്ടാകുമെന്നുള്ളതു് ആ യജമാനഗണത്തിൻെറ

അനുഭവങ്ങൾക്കോ അഭ്യൂഹങ്ങൾക്കപോലുമോ വിഷയമായിട്ടുള്ളതുമല്ലാ. മിസ് ജോസഫിനു അവിടെ യജമാനസമിതിയിൽ തന്നെ ഒരു സ്ഥാനം ലഭിച്ചിട്ടുണ്ടായിരുന്നു. എങ്കിലും അവൾ ഭൃത്യഗണങ്ങളിൽ ഒരുവളേപ്പോലെമാത്രമെ അവരോടുഭാവിച്ചിരുന്നുള്ളു. അതാണ് അവളുടെ യാത്രാവേളയിൽ ഉണ്ടായ ഹൃദയസ്പൃക്കായ താഴെചേക്കുന്ന സമാഗമത്തിനും സംഭാഷണങ്ങൾക്കും കാരണമാക്കിയ പ്രധാനസംഗതി. അവിടുത്തെഭൃത്യസഞ്ചയത്തിൽ ഒരു വൃദ്ധസ്ത്രീ മിസ് ജോസഫിന്റെ പ്രത്യേകവാത്സല്യത്തിന് പാത്രീഭവിച്ചിരുന്നു. മാരിമുത്ത് എന്നായിരുന്നു ആവൃദ്ധയുടെപേരു്. മിസ് ജോസഫ് ആ കുടുംബത്തിൽ വന്നനാൾമുതൽ അവൾ അവിടത്തെ ഭാവിനായികയായി തീരുമെന്ന് ആ വൃദ്ധ വിചാരിച്ചിരുന്നു. തന്റെ കൊച്ചെജമാനന്റെ അപകടരോഗത്തിൽ ഈ യുവതി പ്രദശിപ്പിച്ച കാരുണ്യവും സഹിച്ച ബുദ്ധിമുട്ടുകളും ചെയ്തുപോന്ന ശുശ്രൂഷകളും കണ്ടപ്പോൾ തന്റെ വിചാരവും ആഗ്രഹവും അചിരേണ സഫലമാകുമെന്നുതന്നെ ആ സാധു വിശ്വസിച്ചു. ഇതിനടിസ്ഥാനമായി ആ പഴമക്കാരിയുടെ പാഴ്ബുദ്ധിയിൽ ചിലകണ്ടുപിടുത്തങ്ങളും ഉണ്ടാകാതിരുന്നില്ലാ. എന്നാൽ മററുള്ളവരുടെ ആഗ്രഹങ്ങൾക്കും അഭിപ്രായങ്ങൾക്കും വിപരീതമായി മിസ് ജോസഫ് ഇത്രപെട്ടെന്നുതിരിച്ചുപോകുവാൻ ഭാവിക്കുന്നതു കണ്ടപ്പോൾ വൃദ്ധ ഇപ്രകാരംപറഞ്ഞു.

"എന്റെ മോളേ! ഈ കിളവിക്ക് പുത്തിയില്ല. പടിത്തവുമില്ല. എന്നാലും ഒരു കായ്യം ഞാൻ പറഞ്ഞേക്കാം. ഞാൻ അതു തൊറന്നുപറഞ്ഞേക്കാം. ഒള്ളതുപറേന്നതു് എന്റെ ചീലമാണ്. ഒത്തുപറയാൻ എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു ഈ കിളവിയെ ആരും കണ്ടേകൂടാ. കുഞ്ഞോത്തു കേൾക്കണം. മൊകത്തുവന്ന മകാലക്ഷ്മി തുത്തുകളഞ്ഞുംവച്ച് കുഞ്ഞിങ്ങനെ എറങ്ങിപ്പോകരുതു്. നല്ലകാലത്തിനുള്ളവഴി എന്നും വന്നെന്നിരിക്കേല. ഇവിടത്തെ കൊച്ചേമാൻ ആരാണെന്ന് കുഞ്ഞിനറിഞ്ഞുകൂടാ. ഞാനാണ് എടുത്തുകൊണ്ടുനടന്നുവളത്തിയതു്. പുറത്തു ചങ്കുചക്രമുണ്ടു്. ഒരു രാശാവാകുന്നലക്ഷണമാണതു്. പിന്നെ എന്തു നല്ലചീലം. ഈ പാവപ്പെട്ട എന്നോടും എന്തുകായ്യമാണെന്നോ. യജമാനൻ എ

നോടൊന്നു മിണ്ടുന്നതു രാശാവു മിണ്ടുന്നതുപോലെയാണ്. അതുപോലെയുള്ള സൊകം, എൻെറ മോളെ, എൻെറമോള മിണ്ടുമ്പംമാത്രമെ ഈ കിളവിക്കൊള്ളൂ. നിങ്ങൾതമ്മിൽ അത്ര ചേച്ച്യയാണ്."

മിസ് ജോസഫ്—"മുത്തി! എനിക്കിതൊന്നും മനസ്സിലാകുന്നില്ല. എന്തൊക്കെയാണീപറയുന്നതു്." എന്നു പുഞ്ചിരിയോടുകൂടി പ്രസ്താവിച്ചു."

മാരിമുത്തു—"ഇല്ലമോളേ മനസ്സിലാകേല്ല. ഇനിക്കറിയാം. ഇനിക്കും അങ്ങനെ ആയിരുന്നു."

മിസ് ജോസഫ്— "മുത്തിക്കെങ്ങിനെയായിരുന്നുവെന്നെനിക്കറിഞ്ഞുകൂടാ. ഞാൻ പറഞ്ഞതു വാസ്തവമാണ്."

മാരിമുത്തു—"കുഞ്ഞു വാത്തവമേ പറയത്തൊള്ളൂ. ഇനിക്കറിയാം അതുകൊണ്ടാ ഞാൻ പറേണതു മകാലക്ഷ്മിയെ തുത്തുകളേല്ലെന്നു്."

മിസ് ജോസഫ്—"ഞാൻ പോയാലും മഹാലക്ഷ്മി ഇവിടെ ഉണ്ടായിരുന്നാൽ പോരയോ?"

മാരിമുത്തു–"ഒള്ളതാ പോയാലും മകാല:ക്ഷ്മി തിരിച്ചു ഇങ്ങവരുമേ! എനിക്കറിയാം. എൻെറ മോളിവിടെവന്നപ്പം ഞാൻ നിച്ചയിച്ചതാ. ഈ കിളവി വിശാരിക്കുന്നതൊന്നും തെററുകേല. യശമാനനെന്നാ പുത്തിയില്ലെ. മൊകത്തുകണ്ണില്ലെ. വല്ലോരും പറഞ്ഞുകൊടുക്കണോ."

മിസ് ജോസഫ്—"മുത്തിയുടെ വിചാരം തെററുമെന്നും യജമാനന്നു ബുദ്ധിയില്ലെന്നും ആരുപറഞ്ഞു."

മാരിമുത്തു—"തേ, അതുപാ. ഇനിക്കറിയാം. ഇതുനടക്കും തൈവം ഇതു നടത്തും. ഞാൻ ഇതുകണ്ടേചാകൂ. ഇതും ഇതിനപ്പുറവും കാണും."

മിസ് ജോസഫ്—"എൻെറ മുത്തി ചാകണ്ടാ. അതിനു ഞാൻ ഒരിക്കലും സമ്മതിക്കയില്ല. അതിനുമുൻപു ഞാൻതന്നെ പൊയ്യ്ക്കോള്ളാം." എന്നുപറഞ്ഞുകൊണ്ടു മിസ് ജോസഫ് നടക്കുവാൻഭാവിച്ചു. മാരിമുത്തു് ഇതുകണ്ടു് പെട്ടെന്നു് അടുത്തുചെന്നു്—"ഇതാ ഇതുകൂടി കൊണ്ടുപൊയ്യ്ക്കോ. ഇതേ

ഈ കിഴവിയുടെ കയ്യിൽ തരാനല്ല." എന്നുപറഞ്ഞുകൊണ്ട് ആ യുവതിയെ കെട്ടിപ്പിടിച്ച് അവളുടെ കവിൾത്തടത്തിൽ ഒന്നുരണ്ട് ഉമ്മ വച്ചുകൊടുത്തു. ആ ചുംബനം മൂലം വൃദ്ധയുടെ മുഖത്തുണ്ടായിരുന്ന കരിയും ചെളിയും ആ സാധു സ്ത്രീയുടെ കണ്ണീരിൽ കലങ്ങി മിസ് ജോസഫിൻെറ ശരച്ചന്ദ്രസമാനമായ ആനനബിംബത്തിൽ പതിച്ചു. എന്നാൽപാണ്ഡുരമായ ചന്ദ്രബിംബത്തിന് കന്നൽവർണ്ണമായ കളങ്കം മാലിന്യമായിട്ടല്ലാ, മണ്ഡനമായിട്ടത്രെ പരിണമിക്കുന്നത്. ആയതുപോലെ ആ കാർചലിച്ചാർത്ത് ആ യുവതിയുടെ കമ്റവദനത്തിന് അലങ്കാരമായിട്ടാണ് അപ്പോൾ ഭവിച്ചത്. എന്നു മാത്രമല്ലാ ആ പൂഞ്ചൊരുമുഖിയുടെ പുഞ്ചിരിയായ പൂനിലാവിനെ അസാമാന്യമായി ഉജ്ജൃംഭണം ചെയ്യിക്കുന്നതിനും ആ ചുംബനം പര്യാപ്തമായി. :

മാരിമുത്തിനോടുയാത്രപറഞ്ഞുപിരിഞ്ഞശേഷം അവളുടെ യാത്രാരംഭപരിപാടിക്ക് വിരാമമിടുന്നതിനെന്നപോലെ തൻെറ മുറിയിലേയ്ക്ക് അവൾ വീണ്ടും പ്രവേശിച്ചു. അനേകംനാൾ താൻ ഏകാകിനിയായി അധിവസിച്ചിരുന്നതും തൻെറ അവിടത്തെ സന്താപങ്ങൾക്കും സന്തോഷങ്ങൾക്കും നിഗ്രഢസാക്ഷിയായി സ്ഥിതിചെയ്തിരുന്നതുമായ ആ മുറിയിൽ പ്രവേശിച്ചതുപലമാതിരി ചേതോവൃത്തികളോടുകൂടിയായിരുന്നു. അവൾ ദൃഷ്ടികൾ മേല്പോട്ടയത്തി നിശ്ചേഷ്ടയായും നിശബ്ദയായും കുറെനേരം നിന്നു. യഥാർത്ഥത്തിൽ ഉള്ളഴിഞ്ഞ് അവൾ എന്തോ ഉദ്ദേശസിദ്ധിയ്ക്കായി പ്രാർത്ഥിക്കയായിരുന്നു. ഇതിൻെറശേഷം ആ ഗൃഹത്തിൽനിന്നും അവൾ വെളിയിലിറങ്ങി തന്നെ വഹിച്ചുകൊണ്ടുപോകുന്നതിന് തയാറായി നിന്നിരുന്ന വണ്ടിയിൽക്കയറി ആശ്രമത്തിലേയ്ക്കു യാത്രയാകുകയും ചെയ്തു.

ബാരിസ്റ്ററുടെ മനോജ്ഞമണ്ഡപത്തിൻെറ സമീപപ്രദേശത്ത് ഒരു തേന്മാവുവൃക്ഷം തളിർത്തു പൂത്തു നിൽപുണ്ടായിരുന്നു. അതിന്മേൽ ഇരുന്ന പുംസ്കോകിലം പൊഴിച്ചപ്രണയമസൃണമായ കളക്വണനത്തെ അവഗണിച്ച് ഒരു പെൺകുയിൽ അന്തരീക്ഷത്തിൽ ഉയൎന്നുയൎന്ന് ആ സമയം അംബര

വീഥിയിൽ, പവിത്രങ്ങളായ പത്രങ്ങൾവിരിച്ചു പറക്കുന്നുണ്ടായിരുന്നു. ആ പെൺകോകിലം ഉയൎന്നുയൎന്നു പറന്നുപറന്ന് അവന്റെ പ്രേമഗാനത്തിന്റെ കൎണ്ണസ്ഥാനം പ്രാപിക്കാത്ത മഞ്ജുളമായ മേഘമണ്ഡലത്തിൽ മറഞ്ഞിട്ടും ആ പുംസ്കോകിലം ആകാശത്തിലേക്കു ദൃഷ്ടികളുയൎത്തി അവളെ നോക്കിനോക്കി കളകണ്ഠനാദംമുഴക്കിക്കൊണ്ടിരുന്നു. ആ പെൺകുയിൽ മണ്ണിലേക്കു മടങ്ങിവരുമോ? അതോ ആ പുംസ്കോകിലം അവളെപിൻതുടൎന്ന് മേല്പോട്ടുപറന്നു ചെല്ലുമോ; ഇവർ പരസ്പരം ഇനി ദൎശിക്കുന്നതിനുപോലും ഇടയാകുമോ എന്നുള്ളതൊക്കെ അജ്ഞാതമായ ഭാവിയുടെ അനിശ്ചിതവും അന്ധകാരമയവുമായ അന്തരാളങ്ങളിൽ മാത്രം സ്ഥിതിചെയ്യുന്നു.

# അദ്ധ്യായം ൯.

മിസ് ജോസഫ് ആശ്രമത്തിലേക്കു മടങ്ങിപോയ അവസരത്തിൽ മിസ്റ്റർ മാത്യു തന്റെമാളികയുടെ ജാലകത്തിൽകൂടി ആമനോജ്ഞരൂപിണിയെ നോക്കിക്കൊണ്ടു നില്ക്കയായിരുന്നു. ആ യുവതി ഒന്നുതിരിഞ്ഞു നോക്കുകപോലും ചെയ്യാതെ നടന്നു വണ്ടിയിൽകയറുകയും വണ്ടി ഉടനെ പുറപ്പെട്ടുകയും ചെയ്തു. ആ വാഹനം തന്റെ ദൃഷ്ടിപഥത്തിൽ നിന്നും മറഞ്ഞിട്ടും അയാൾ അതു പോയ വഴിയെ നോക്കിക്കൊണ്ടു നിന്നു. അവന്റെചേതോവൃത്തികൾ എന്തെല്ലാമായിരുന്നുവെന്ന് അയാൾക്കുതന്നെ നിശ്ചയമില്ലായിരുന്നു. ആ യുവതി ആ വാഹനത്തിനുള്ളിൽ മറഞ്ഞുകഴിഞ്ഞപ്പോൾ അവന്റെ മഞ്ജുളമന്ദിരത്തിലെ മംഗല്യദീപം മങ്ങിയതുപോലെ ആ യുവാവിനുതോന്നി. യാത്രാമദ്ധ്യേ യാതൊരാപത്തും സംഭവിക്കാതെ അവൾ ആശ്രമത്തിൽ ചെന്നുചേരണമെന്ന് അവൻ ആശംസിക്കയായിരുന്നു.

കരാറനുസരിച്ചുള്ള സംഖ്യ അന്നുതന്നെ മിസ്റ്റർമാത്യു. സിസ്റ്റർ ആഞ്ചലിക്കായ്ക്കു അയച്ചുകൊടുത്തു. ഇതിനും പുറമേ മിസ് ജോസഫ് തന്നെ ശുശ്രൂഷിച്ചതിനു പാരിതോഷികമായി ആ യുവാവ് ഒരു വലിയ സംഖ്യയ്ക്കുള്ളചെക്ക് ആ യുവതിയുടെപേർക്ക് അല്പദിവസങ്ങൾക്കുള്ളിൽ ആശ്രമത്തിലേയ്ക്കു് അയച്ചുകൊടുത്തു. എന്നാൽ ഈ ചെക്ക് മിസ് ജോസഫിനു സിദ്ധിച്ചില്ല. ആയതു ചെന്നെത്തുന്നതിനുമുമ്പെ ആ യുവതി ആശ്രമത്തോടും മധുരയോടും യാത്രപറഞ്ഞു സ്ഥലം വിട്ടിരുന്നു.

ഈവിധം അവിചാരിതമായി മിസ്ജോസഫ് യാത്രയായെങ്കിലും മിസ്റ്റർ മാത്യുവിനെ കേവലം വിസ്മരിച്ചും വച്ചല്ല അവൾ പോയതു്. താൻ സ്ഥലം വിട്ടശേഷം മിസ്റ്റർ മാത്യുവിന് ലഭിക്കത്തക്കവിധത്തിൽ ഒരു പാർസൽ അയച്ചും വച്ചാണ് ആ യുവതി മധുരാപുരിവിട്ടതു്. ഉൽക്കണ്ഠാകുലനായി മിസ്റ്റർ മാത്യു. പാർസൽ പൊട്ടിച്ചുനോക്കി. അവി

ചാരിതങ്ങളും അസാമാന്യങ്ങളുമായ ചില സാധനങ്ങളായിരുന്നു അതിനുള്ളിൽ നിക്ഷേപിച്ചിരുന്നതു്. അവ കാർഡിനൽ ന്യൂമാൻെറ "അപ്പോളജി"യായും കാർഡിനൽ ഗിബൺ ൻെറ "പിതാക്കന്മാരുടെവിശ്വാസവും" എന്നഗ്രന്ഥങ്ങള[illegible] രുന്നു. കത്തുവല്ലതുമുണ്ടോ എന്നു പരിശോധിക്കയിൽ പീ[illegible] ബരശകലത്തിൽ ഭദ്രമായിപൊതിഞ്ഞ ഒരു ചെറിയ പൊ[illegible] ക്കെട്ടായിരുന്നു ആ പാർസലിനുള്ളിൽ കണ്ടതു അതു അഴിച്ചു നോക്കിയപ്പോഠം വെള്ളിച്ചങ്ങലയിൽ മുത്തുച്ചിപ്പിമണികഠം കോത്തുകെട്ടിയ ചേതോഹരമായ ഒരു 'ജപമാല'യായിരുന്നു മിസ്റ്റർമാത്യു കണ്ടതു്. ആ ജപമാലയുടെ ചങ്ങലകളെ ബന്ധിച്ച വത്തുളാകൃതിയിലുള്ള കനകത്തകിടിൻെറ ഒരുവശത്തു് കഠനഖഡ്ഗപാതമേററു കരഠംപിളന്ന കമ്റമുഖിയുടെ രൂപവും മറുവശത്തു് ഇംഗ്ലീഷുഭാഷയിൽ ചില വാക്കുകളും ചിത്രീകരിച്ചിട്ടുണ്ടായിരുന്നു. ആയതു സൂക്ഷിച്ചുനോക്കി മിസ്റ്റർ മാത്യു ഇങ്ങനെ വായിച്ചു. കെ. ജെ. ജോൺ. എം. എ.; ബി. ഇ. ഇതു വായിച്ചഉടനെ "ഹ! എൻെറ ഊഹം ശരിയായല്ലോ. എൻെറ മാന്യസ്നേഹിത!!" എന്നു ഗൽഗദസ്വരത്തിൽ അവൻ പ്രലപിച്ചു. നിമ്മലങ്ങളായ ബാഷ്പബിന്ദുക്കളാൽ അവൻെറനയനങ്ങഠം നിറഞ്ഞു. ആ കണ്ണീർക്കണങ്ങളിൽ ചിലതു ആ പീതാംബരശകലത്തിലും ആ ജപമാലയിലും പതിച്ചു.

ആ യുവതി എന്തുചേതോവൃത്തികളോടുകൂടിയാണ് ആ 'ജപമാല'യേ അയച്ചിട്ടുള്ളതു്. ആയതു ആയുവാവിൻെറ സൗഭാഗ്യത്തെയോ ദൗർഭാഗ്യത്തേയോ സൂചിപ്പിക്കുന്നതു്? ആക്കറിയാം! സ്ത്രീയുടെ ചിത്തവും പുരുഷൻെറ ഭാഗ്യവും ആക്കറിയാം!

[illegible]

* ശുഭം *

ഒന്നാം ഭാഗം സമാപ്തം.

YOUNG MEN'S READING & ARTS CLUB
HOSPITAL JUNCTION
MUKKOLA VENGANOOR P.O.
Reg: No:
3125

3135

JAWAHAR SMARAKA GRANDHA SALA
REG. NO: 3273
VENGANOOR P.O.
KIDARAKUZHY

JAWAHAR SMARAKA GRANDHA SALA
REG. NO. 3273
VENGANOOR P.O.
KIDARAKUZHY